©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**
**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

**സബ്ജക്ട് കമ്മിറ്റി I**
**(SUBJECT COMMITTEE I)**

# കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
# (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

## ആനുകാലിക റിപ്പോർട്ട്

**(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH 2022)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

2022 ജൂലൈ 19-ാം തീയതി സമർപ്പിച്ചത്
(Presented on 19th July, 2022)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2022

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി I**
**(SUBJECT COMMITTEE I)**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**
**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

**ആനുകാലിക റിപ്പോർട്ട്**
**(2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ളത്)**

# (PERIODICAL REPORT FROM 1ST APRIL 2021 TO 31ST MARCH 2022)

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1)പ്രകാരമുള്ളത് ]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

987/2022.

# ഉള്ളടക്കം

| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 39 |

# സബ്ജക്ട് കമ്മിറ്റി I
## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും
## (2021-2023)
### ഘടന

ചെയർമാൻ :

ശ്രീ. പി. പ്രസാദ്,
കൃഷി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീമതി ജെ. ചിഞ്ചുറാണി,
മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അനൂപ് ജേക്കബ് , എം.എൽ.എ.

ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.

ശ്രീ. പി. ജെ. ജോസഫ് , എം.എൽ.എ.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.

ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.

ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.

ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ് , എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി -ഇൻ-ചാർജ്ജ്

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (i)-ാം ഉപചട്ട പ്രകാരം ഞാൻ സമർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ 2021 ജൂൺ 7-ലെ ബുള്ളറ്റിൻ - ഭാഗം 2 നമ്പർ-26 പ്രകാരം 2021-2023 കാലയളവിലേയ്ക്കായി രൂപീകരിച്ച കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2021 ഏപ്രിൽ 1 മുതൽ 2022 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 16-6-2021, 22-6-2021, 2-7-2021, 23-9-2021, 28-10-2021, 29-12-2021 എന്നീ തീയതികളിലായി ആകെ 6 യോഗങ്ങൾ ചേരുകയുണ്ടായി. 16-6-2021-ലെ യോഗത്തിൽ 2021-22 സാമ്പത്തിക വർഷത്തെ XXIX-കൃഷി, XXX-ഭക്ഷ്യം, XXXIX-വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 22-6-2021-ലെ യോഗത്തിൽ 2021-22 സാമ്പത്തിക വർഷത്തിലെ XXXI-(മൃഗസംരക്ഷണം), XXXII-(ക്ഷീരവികസനം), XXXIII-(മത്സ്യബന്ധനം) എന്നിവയുടെ വിവിധ കണക്കിനങ്ങൾ സംബന്ധിച്ച് സൂക്ഷ്മ പരിശോധന നടത്തി. 2-7-2021-ലെ യോഗത്തിൽ സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 1-4-2020 മുതൽ 31-3-2021 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവയും സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവയും പരിഗണിച്ച് അംഗീകരിച്ചു. 23-9-2021-ലെ യോഗത്തിൽ സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിച്ച് അംഗീകരിച്ചു.

28-10-2021-ലെ യോഗത്തിൽ 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാരപരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021– ലെ കേരള സമുദ്രമത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു. 29-12-2021-ലെ യോഗത്തിൽ കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ കരട് പരിഗണിക്കുകയും സമിതി നിർദ്ദേശിച്ച ഭേദഗതികളോടെ വീണ്ടും സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തു. മൃഗസംരക്ഷണ വകുപ്പിലെ ചിക്സെക്സർ, റെഫ്രിജറേഷൻ മെക്കാനിക്ക് എന്നീ തസ്തികൾക്കായുള്ള സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ചുള്ള SRO-യിൽ സമിതി നിർദ്ദേശിച്ച ഭേദഗതി വരുത്തുവാൻ വകുപ്പിന് നിർദ്ദേശം നൽകി. കൂടാതെ ടി യോഗത്തിൽ ചട്ടം 235(എ)

പ്രകാരം 'കാർഷിക ഉൽപന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ ചർച്ച നടത്തുകയും ചെയ്തു.

പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർ നില 78% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായിട്ടാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യായം I | - | സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ |
| അദ്ധ്യായം II | - | സമിതി പരിഗണിച്ച ബില്ലുകൾ |
| അദ്ധ്യായം III | - | സമിതി പരിഗണിച്ച ചട്ടം / എസ്.ആർ.ഒ.-കൾ |
| അദ്ധ്യായം IV | - | നിയമസഭാ ചട്ടം 235 (എ) പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ |
| അദ്ധ്യായം V | - | നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ |
| അദ്ധ്യായം VI | - | (a) 2021-22-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം<br>(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലുള്ള സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ |
| അദ്ധ്യായം VII | - | സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും. |

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 18-7-2022-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. പ്രസാദ്,

തിരുവനന്തപുരം,
2022 ജൂലൈ 18.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I .*

## റിപ്പോർട്ട്

<u>അദ്ധ്യായം 1</u>

### സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 22-7-2021-ന് സമർപ്പിച്ചു.

2. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 26-7-2021-ന് സമർപ്പിച്ചു.

3. 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് 26-7-2021-ന് സമർപ്പിച്ചു.

4. 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ സംബന്ധിച്ച റിപ്പോർട്ട് 29-10-2021-ന് സമർപ്പിച്ചു.

5. 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 29-10-2021-ന് സമർപ്പിച്ചു.

6. 2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച റിപ്പോർട്ട് 29-10-2021-ന് സമർപ്പിച്ചു.

7. The Kerala Marine Fishing Regulation (Amendment) Bill 2021 സംബന്ധിച്ച റിപ്പോർട്ട് 29-10-2021-ന് സമർപ്പിച്ചു.

<u>അദ്ധ്യായം II</u>

### സമിതി പരിശോധിച്ച ബില്ലുകൾ

1. 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും സംബന്ധിച്ച ബിൽ 28-10-2021-ന് പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-10-2021-ന് സഭയിൽ സമർപ്പിച്ചു.

2. 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) സംബന്ധിച്ച ബിൽ 28-10-2021-ന് പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-10-2021-ന് സഭയിൽ സമർപ്പിച്ചു.

3. 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) സംബന്ധിച്ച ബിൽ 28-10-2021-ന് പരിഗണിക്കുകയും ഭേദഗതികളോടു കൂടി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-10-2021-ന് സഭയിൽ സമർപ്പിച്ചു.

4. The Kerala Marine Fishing Regulation (Amendment) Bill, 2021, 28-10-2021-ന് പരിഗണിക്കുകയും ഭേദഗതികളോട് കൂടി അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് 29-10-2021-ന് സഭയിൽ സമർപ്പിച്ചു.

## അദ്ധ്യായം III

### സമിതി പരിഗണിച്ച ചട്ടങ്ങൾ / എസ്.ആർ.ഒ.കൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ

1. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ കരട് 29-12-2021-ലെ യോഗത്തിൽ പരിഗണിക്കുകയും സമിതി നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

2. മൃഗസംരക്ഷണ വകുപ്പിലെ ചിക്സെക്സർ, റെഫ്രിജറേഷൻ മെക്കാനിക്ക് എന്നീ തസ്തികകൾക്കായുള്ള സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച SRO 29-12-2021-ലെ യോഗത്തിൽ പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

നിയമസഭാ ചട്ടം 235(A) പ്രകാരം 'കാർഷിക ഉൽപന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ 29-12-2021-ന് യോഗം ചേർന്ന് ചർച്ച നടത്തുകയുണ്ടായി.

## അദ്ധ്യായം V

### നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങൾ

| ക്രമ നം. | ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ്/ സ്ഥാപനം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | XXIX-കൃഷി | 2015-16 | സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ | 10-6-2021 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 2 | XXXII-ക്ഷീര വികസനം | 2018-19 | ക്ഷീര വികസനം | 10-6-2021 |
| 3 | XXIX-കൃഷി | 2019-20 | വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള | 10-6-2021 |
| 4 | XXXI-മൃഗസംരക്ഷണം | 2019-20 | മൃഗസംരക്ഷണ വകുപ്പ് (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്) | 10-6-2021 |
| 5 | XXIX-കൃഷി | 2020-21 | സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് | 12-8-2021 |
| 6 | XXIX-കൃഷി | 2020-21 | കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം | 12-8-2021 |
| 7 | XXIX-കൃഷി | 2020-21 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് | 12-8-2021 |
| 8 | XXXI-മൃഗസംരക്ഷണം | 2020-21 | മൃഗസംരക്ഷണ വകുപ്പ് | 12-8-2021 |
| 9 | XXXIII-മത്സ്യബന്ധനം | 2019-20 | മത്സ്യബന്ധന വകുപ്പ് | 12-8-2021 |
| 10 | XXXI-മൃഗസംരക്ഷണം | 2020-21 | മൃഗസംരക്ഷണ വകുപ്പ് (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വിഭാഗം) | 3-11-2021 |
| 11 | XXXIII-മത്സ്യബന്ധനം | 2018-19 | മത്സ്യബന്ധന വകുപ്പ് Harbour Engineering | 3-11-2021 |
| 12 | XXIX-കൃഷി | 2020-21 | കാസർഗോഡ് വികസന പാക്കേജ് | 3-11-2021 |
| 13 | XXIX-കൃഷി, XXX-ഭക്ഷ്യം, XXXIX-വൈദ്യുതപദ്ധതികൾ | 2020-21 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 3-11-2021 |
| 14 | XXIX-കൃഷി | 2020-21 | മണ്ണ്പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് | 3-11-2021 |

| 1 | 2 | 3 | 4 | 5 |
|---|---|---|---|---|
| 15 | XXXII-ക്ഷീരവികസനം | 2020-21 | ക്ഷീരവികസന വകുപ്പ് | 3-11-2021 |
| 16 | XXXII-ക്ഷീരവികസനം | 2012-13 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | 16-3-2022 |
| 17 | XXXI-മൃഗസംരക്ഷണം | 2014-15 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് | 16-3-2022 |
| 18 | XXIX-കൃഷി | 2020-21 | സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ | 16-3-2022 |
| 19 | XXIX-കൃഷി | 2020-21 | കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ് | 16-3-2022 |

## അദ്ധ്യായം VI

**(a) 2021-22 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം**

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിൽ ആകെ 159 ഖണ്ഡികകളുണ്ടായിരുന്നതിൽ ഖണ്ഡിക നം. 2, 4, 6, 15, 32, 33, 37, 38, 45, 47, 48, 53, 78-83, 84-99, 100-159 എന്നിവയിലെ ശിപാർശകളിന്മേൽ മാത്രമാണ് നടപടി സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുള്ളത്. ഇനിയും മറുപടി ലഭിക്കാനുള്ള ശിപാർശകളുടെ വിശദാംശം ചേർത്തിരിക്കുന്നു.

| വകുപ്പ് | ശിപാർശ/ഖണ്ഡികകൾ |
|---|---|
| കൃഷി | 1,3,5,7-14, 16-31, 34, 35, 36, 39-44, 46, 49-52 |
| അസൂത്രണ സാമ്പത്തിക കാര്യവകുപ്പ് | 54-57 |
| മൃഗസംരക്ഷണ വകുപ്പ് | 58-77 |

**(b) ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും (പുതിയ സാമ്പത്തിക വർഷത്തെ ആദ്യം എന്ന കണക്കിൽ)**

**I. 2019-20 -ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2401-00-001-88—<u>മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം</u>

വിഹിതം : 50,00,000 രൂപ (പദ്ധതിയേതരം)

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും, കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

<u>സ്വീകരിച്ച നടപടി</u>

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും, കുടുംബ പെൻഷൻകാർക്കും, അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം, ഒന്നാം ബാച്ച് എസ്.ഡി.ജി.യിലും രണ്ടാം ബാച്ച് എസ്.ഡി.ജി.യിലും, മൂന്നാം ബാച്ച് എസ്.ഡി.ജി.-യിലും 26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല. എന്നാൽ ഈ ശീർഷകത്തിൽ 23.58 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ചു.

<u>ശിപാർശ</u>

2401-00-103-75—<u>ലൊക്കേഷൻ സ്പെസിഫിക് സ്കീം</u>

വിഹിതം : 3,50,00,000 രൂപ (പദ്ധതിയേതരം)

പ്രാദേശിക വിളകളുടെ വികസനത്തിനും ട്രൈബൽ മേഖലയിൽ മില്ലറ്റ് ഉൾപ്പെടെയുള്ള തനതുവിളകളുടെ വികസനത്തിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

പ്രാദേശിക വിളകളുടെ വികസനത്തിനും ട്രൈബൽ മേഖലയിലെ മില്ലറ്റ് ഉൾപ്പെടെയുള്ള തനതു വിളകളുടെ വികസനത്തിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.-യിലും രണ്ടാം ബാച്ച് എസ്.ഡി.ജി.-യിലും മൂന്നാം ബാച്ച് എസ്.ഡി.ജി.-യിലും 339.45179 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2401-00-105-86—<u>ആധുനിക പരീക്ഷണ ശാലകൾ സ്ഥാപിക്കൽ</u>

വിഹിതം : 8,00,00,000 രൂപ (പദ്ധതി)

ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് എന്ന ഘടകത്തിൽ ലൈസൻസ് നൽകുന്നതിനും ആയത് നിരീക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് എന്ന ഘടകത്തിൽ ലൈസൻസ് നൽകുന്നതിനും ആയത് നിരീക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ സിസ്റ്റം സ്ഥാപിക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം ഒന്ന്, രണ്ട്, മൂന്ന് ബാച്ച് എസ്.ഡി.ജി.-കൾ വഴി 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2401-00-105-85—<u>ഓർഗാനിക് ഫാമിംഗ്</u>

വിഹിതം : 5,38,00,000 രൂപ (പദ്ധതി)

2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന 50 പുതിയ ഇക്കോഷോപ്പുകളുടെയും നിലവിലുള്ളവയുടെയും പ്രവർത്തനത്തിനായി 100 ലക്ഷം രൂപയും കാർഷിക

ഉല്പന്നങ്ങളിലെ കീടനാശിനി അവശിഷ്ട വിഷ വീര്യം വിശകലനം ചെയ്യുന്നതിനായി 10 ലക്ഷം രൂപയും കുട്ടനാട് ജി.എ.പി. യിലെ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപയും കാസർഗോഡ് ജില്ല പൂർണ്ണമായും ജൈവ ജില്ല ആക്കുന്നതിനുള്ള ജി.എ.പി. സർട്ടിഫിക്കേഷനുവേണ്ടി 50 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.6 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്ന 50 പുതിയ ഇക്കോഷോപ്പുകളുടെയും നിലവിലുള്ളവയുടെയും പ്രവർത്തനത്തിനായി 100 ലക്ഷം രൂപയും കാർഷിക ഉല്പന്നങ്ങളിലെ കീടനാശിനി അവശിഷ്ട വിഷ വീര്യം വിശകലനം ചെയ്യുന്നതിനായി 10 ലക്ഷം രൂപയും കുട്ടനാട് ജി.എ.പി.യിലെ പ്രവർത്തനങ്ങൾക്കായി 100 ലക്ഷം രൂപയും കാസർഗോഡ് ജില്ല പൂർണ്ണമായും ജൈവ ജില്ല ആക്കുന്നതിനുള്ള ജി.എ.പി. സർട്ടിഫിക്കേഷനു വേണ്ടി 50 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 2.6 കോടി രൂപ അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിലും രണ്ടാം ബാച്ച് എസ്.ഡി.ജി.യിലും മൂന്നാം ബാച്ച് എസ്.ഡി.ജി.യിലും 260 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

<u>ശിപാർശ</u>

2401-00-107-78—<u>വിളകളുടെ ആരോഗ്യ സംരക്ഷണം</u>

വിഹിതം : 11,63,00,000 രൂപ (പദ്ധതി)

കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഘടകത്തിന് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള ഘടകത്തിന് ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം എസ്.ഡി.ജി.-കൾ വഴി തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല. എന്നാൽ ഈ ശീർഷകത്തിൽ ഉള്ള സേവിംഗ്സായി ലഭിക്കുന്ന തുക കണക്കാക്കി 65 ലക്ഷം രൂപയുടെ പ്രോജക്റ്റ് സമർപ്പിക്കുകയും ഇതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തു.

<u>ശിപാർശ</u>

2401-00-108-56—<u>കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പദ്ധതി</u>

വിഹിതം : 2,00,00,000 രൂപ

കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സംരക്ഷണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

<u>സ്വീകരിച്ച നടപടി</u>

കവുങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും സംരക്ഷണത്തിനുമായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം എസ്.ഡി.ജി.-കൾ വഴി 300 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

<u>ശിപാർശ</u>

2401-00-109-76—<u>കർഷക ക്ഷേമനിധി ബോർഡ്</u>

വിഹിതം : ഇല്ല

2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്ന സെലക്ട് കമ്മിറ്റി, ബിൽ സംബന്ധിച്ച വിവര ശേഖരണത്തിനായി തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ സിറ്റിംഗ് നടത്തുകയും കർഷക സംഘടനകളിൽ നിന്നും വിവരശേഖരണം നടത്തുകയും ചെയ്തിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷം നിലവിൽ വരുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി ഈ

ശീർഷകത്തിൽ തുകയൊന്നും വകയിരുത്താത്തതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

സ്വീകരിച്ച നടപടി

2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച് സൂക്ഷ്മ പഠനം നടത്തുന്ന സെലക്ട് കമ്മിറ്റി തൃശ്ശൂർ, ആലപ്പുഴ, എന്നീ ജില്ലകളിലെ കർഷക സംഘടനകളിൽ നിന്നും വിവരശേഖരണം നടത്തിയിട്ടുണ്ടെങ്കിലും 2019-20 സാമ്പത്തിക വർഷം നിലവിൽ വരുന്ന കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്കായി തുകയൊന്നും വകയിരുത്താത്തതിനാൽ 1 കോടി രൂപ വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം എസ്.ഡി.ജി.-കൾ വഴി 100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല. എന്നാൽ ഈ പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിക്കുകയും ടോക്കൺ മണിയായി 1,000 രൂപ എസ്.ഡി.ജി. വഴി അനുവദിക്കുകയും ചെയ്തു.

ശിപാർശ

2401-00-115-98—ചെറുകിട നാമമാത്ര കർഷക പെൻഷൻ

വിഹിതം : 383,99,86,000 രൂപ (പദ്ധതിയേതരം)

പ്രതിമാസ കർഷക പെൻഷൻ നിരക്ക് 1,200 രൂപയായി വർദ്ധിപ്പിച്ചതിനാലും 2018 ഡിസംബർ മുതലുള്ള കുടിശ്ശിക കൂടി നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 164.0014 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

സ്വീകരിച്ച നടപടി

പ്രതിമാസ കർഷക പെൻഷൻ നിരക്ക് 1,200 രൂപയായി വർദ്ധിപ്പിച്ചതിനാലും 2018 ഡിസംബർ മുതലുള്ള കുടിശ്ശിക കൂടി നൽകേണ്ടതിനാൽ തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം എസ്.ഡി.ജി.-കൾ വഴി 16400.14 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്നതിനായി സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനി വഴി പെൻഷന് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തു വരുന്നു.

ശിപാർശ

2401-00-119-85—കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം

വിഹിതം : 63,90,00,000 രൂപ (പദ്ധതി)

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ജില്ലാ ക്ലസ്റ്റർ വികസനം എക്സ്റ്റേർണൽ മോണിറ്ററിംഗ്, സ്റ്റാഗേർഡ് ക്ലസ്റ്ററിന് ഫീൽഡ് തലത്തിലുള്ള ആവശ്യകത എന്നിവയ്ക്കായി 6 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായുള്ള ജില്ലാ ക്ലസ്റ്റർ വികസനം എക്സ്റ്റേർണൽ മോണിറ്ററിംഗ്, സ്റ്റാഗേർഡ് ക്ലസ്റ്ററിന് ഫീൽഡ് തലത്തിലുള്ള ആവശ്യകത എന്നിവയ്ക്കായി തുക അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം ഒന്നാം ബാച്ച് എസ്.ഡി.ജി.യിൽ 635 ലക്ഷം രൂപയും രണ്ട് മൂന്ന് ബാച്ച് എസ്.ഡി.ജി.-കളിൽ 600 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചിട്ടില്ല.

ശിപാർശ

2435-01-800-99—മാർക്കറ്റ് വികസനം

വിഹിതം : 19,85,00,000 രൂപ (പദ്ധതി)

2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ "വിപണി വികസനം ശക്തിപ്പെടുത്തൽ" എന്ന പദ്ധതിക്കായി 2435-01-800-99 പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ കാർഷിക മൊത്ത വ്യാപാര വിപണികളുടെയും ജില്ലാ സംഭരണ കേന്ദ്രങ്ങളുടെയും പ്രവർത്തനത്തിനായി 1 കോടി രൂപയും VFPCK-യുടെ സ്വാശ്രയ കാർഷിക വിപണി വികസനത്തിനായി 1 കോടി രൂപയും ഗ്രാമപഞ്ചായത്ത് തലത്തിലുള്ള ആഴ്ച ചന്തകളിൽ സംഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നൂതന വിപണി മാതൃകകൾ കർഷകരെ പരിചയപ്പെടുത്തുന്നതിനുമായി 66 ലക്ഷം രൂപയും ഇ-പോർട്ടലും ഉത്തമ കൃഷി മുറകൾ പിന്തുടരുന്ന കർഷക ഗ്രൂപ്പുകളുടെ സംസ്ഥാന തലത്തിലുള്ള ശൃംഖല സോഫ്റ്റ് വെയർ വികസനവും നെറ്റ് വർക്കിംഗുകളും എന്ന ഘടകത്തിന് 2 ലക്ഷം രൂപയും കാസർഗോഡ്,

കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ 198 കൃഷി ഭവനുകളിൽ കർഷക മിത്ര പരിശീലനവും പോർട്ടൽ അടിസ്ഥാനമാക്കിയുള്ള സേവനവും എന്ന ഘടകത്തിനായി 4.0852 കോടി രൂപയും ഉൾപ്പെടെ 6.7652 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

മാർക്കറ്റ് വികസനത്തിനായി 6.7652 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം 1,2,3 എസ്.ഡി.ജി.-കൾ വഴി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

എന്നാൽ വില നിലവാരം സ്ഥിരപ്പെടുത്തുവാൻ വിപണിയിൽ ഇടപെടുന്നതിന് ഈ ശീർഷകത്തിൽ 618.87 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷൻ വഴി ലഭിച്ചു.

<u>ശിപാർശ</u>

2435-01-800-94—<u>മൂല്യ വർദ്ധനവ്</u>

വിഹിതം : 19,10,00,000 രൂപ (പദ്ധതി)

സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ് തലത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനായി വിപണികൾക്കും മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുമായുള്ള ധനസഹായത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

സർക്കാർ/പൊതുമേഖല/സഹകരണ/കുടുംബശ്രീ യൂണിറ്റ് തലത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനായി വിപണികൾക്കും, മൂല്യവർദ്ധനവ് യൂണിറ്റുകൾക്കുമായുള്ള ധനസഹായത്തിനായി പ്രസ്തുത ശീർഷകത്തിൽ 50 ലക്ഷം രൂപ, ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന സമിതിയുടെ ശിപാർശ പ്രകാരം 1,2,3 എസ്.ഡി.ജി.-കൾ വഴി തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും തുക അനുവദിച്ചില്ല.

ശിപാർശ

പ്രളയവുമായി ബന്ധപ്പെട്ട് 2018-19-ൽ ആരംഭിച്ച പുനർജനി പദ്ധതികളുടെ തുടർപ്രവർത്തനത്തിനായി പുതിയ ശീർഷകം അനുവദിച്ച് 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

പ്രളയവുമായി ബന്ധപ്പെട്ട് 2018-19-ൽ ആരംഭിച്ച പുനർജനി പദ്ധതികളുടെ തുടർ പ്രവർത്തനത്തിനായി പുതിയ ശീർഷകം അനുവദിച്ച് 100 കോടി രൂപ അധികമായി വകയിരുത്തണമെന്നുള്ള സമിതിയുടെ ശിപാർശ പ്രകാരം എസ്.ഡി.ജി.-കൾ വഴി 100 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരള പുനർനിർമ്മാണ പദ്ധതിയ്ക്കായി (RKI) പുതിയ ശീർഷകവും ടോക്കൺ തുകയായി 1,000 രൂപയും അനുവദിച്ചു. കൂടാതെ അധിക ധനാഭ്യർത്ഥന (Additional Authorization) വഴി 20 ലക്ഷം രൂപയും അനുവദിച്ചു. (4-1-2021-ലെ അഗ്രി-പിബി1/283/2019-അഗ്രി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 6,9,11,14,17,18,25 എന്നീ ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക, 28-12-2020-ലെ NCA3/381/2019-AGRI നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 1, 8, 10, 23, 24 എന്നീ ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക എന്നിവ 13-10-2021-ന് സഭയിൽ സമർപ്പിച്ചു).

ശിപാർശ

2402-00-102-81—ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി

വിഹിതം : 28,50,000 രൂപ (പദ്ധതി)

വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഫീൽഡ്തല പരിശോധനകൾ ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിലെ 15 വർഷത്തിലധികം പഴക്കമുള്ളതും കണ്ടം ചെയ്തതുമായ വാഹനങ്ങൾക്ക് പകരം പുതിയവ വാങ്ങുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

നിലവിലുള്ള ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചശേഷം ഭരണവകുപ്പ് ശിപാർശ സമർപ്പിക്കുന്ന മുറയ്ക്കാണ് അധിക വിഹിതം അനുവദിക്കുന്ന കാര്യം ധന വകുപ്പ് പരിഗണിക്കുന്നത് എന്നും 2019-20 സാമ്പത്തിക വർഷം 2402-00-102-81 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 28.5 ലക്ഷം രൂപയിൽ നിന്നും യാതൊരു ചെലവും നടത്തിയിട്ടില്ലാത്തതിനാൽ അധിക ധനാനുമതി അനുവദിക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല എന്നും നടപ്പ് വർഷത്തെ പ്ലാൻ റൈറ്റ് അപ് പ്രകാരം 2402-00-102-81 ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന പദ്ധതി തുകയിൽ നിന്നും വാഹനം വാങ്ങുവാനും/വാടകയ്ക്ക് എടുക്കുവാനും തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും വാഹനം വാങ്ങുന്നതിന് തുക അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്നും ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിരിക്കുന്നു.

(22-9-2021-ലെ AGRI-EB2/82/2020-AGRI നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 28-ന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

<u>ശിപാർശ</u>

2405-00-101-88—<u>നാടൻവള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ</u>

വിഹിതം : 1,13,14,000 രൂപ (പദ്ധതിയേതരം)

ഉൾനാടൻ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന നാടൻ വള്ളങ്ങളുടെയും വലകളുടെയും സുഗമമായ പ്രവർത്തനത്തിനും അവയുടെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ നടത്തിപ്പിന് അനുവദിച്ചതും തുടർന്ന് വരുന്നതുമായ ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 8.86 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ ബജറ്റ് പ്രൊവിഷനായി 1,13,14,000 രൂപ വകയിരുത്തിയിരുന്നു. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ 19,000 രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചു. അങ്ങനെ മൊത്തം വകയിരുത്തിയ തുകയായ 1,13,33,000 രൂപയിൽ നിന്നും 1,02,59,430 രൂപ ചെലവായിട്ടുണ്ട്.

ശിപാർശ

2405-00-103-84—മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ  വിതരണം

വിഹിതം : 56,25,00,000 രൂപ (പദ്ധതിയേതരം)

മത്സ്യത്തൊഴിലാളികൾക്ക് ഒരാൾക്ക് ഒരു മാസം 150 ലിറ്റർ എന്ന ക്രമത്തിൽ  ഒരു വർഷത്തേയ്ക്ക് വിതരണം ചെയ്യുന്ന 30000 കെ.എൽ. വെള്ള മണ്ണെണ്ണയ്ക്കുള്ള സബ്സിഡി നൽകുന്നതിന് ഈ ശീർഷകത്തിൽ 13.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി  അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 72)

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷം 2405-00-103-84-33 (നോൺ പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 56.25 കോടി രൂപ മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി നൽകുന്നതിനു ഉപയോഗിച്ചു.  ബന്ധപ്പെട്ട ശീർഷകത്തിൽ അധികമായി തുക അനുവദിക്കേണ്ട ആവശ്യം ഉണ്ടായിട്ടില്ല.

ശിപാർശ

2405-00-103-82—സംയോജിത മത്സ്യബന്ധന വികസന പദ്ധതി

[100%എൻ.സി.ഡി.സി സഹായം—(സംസ്ഥാന വിഹിതം)]

വിഹിതം  : ഇല്ല (പദ്ധതി)

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതമായി നടപ്പിലാക്കുന്ന ഐ.എഫ്.ഡി.പി. പദ്ധതിയിൽ സബ്സിഡി നൽകുന്നതിനായി ഈ  ശീർഷകത്തിൽ 5.2318 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 73)

സ്വീകരിച്ച നടപടി

എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യ വികസന പദ്ധതിക്കായി 18,82,67,000 രൂപ അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-103-78—മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് (സംസ്ഥാന പദ്ധതി)

വിഹിതം : 9,00,00,000 രൂപ (പദ്ധതി)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികൾക്ക് അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനായി ഈ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 74)

സ്വീകരിച്ച നടപടി

2018-19-ൽ ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ എണ്ണം 242954 ആണ്. നിലവിൽ പദ്ധതിയ്ക്ക് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ക്വാട്ട് ചെയ്ത പ്രീമിയം 459 രൂപ (നികുതി അടക്കം) പുതിയ പദ്ധതി 17-12-2019 മുതൽ 16-12-2020 വരെ ഒരു വർഷത്തേയ്ക്ക് നടപ്പിലാക്കുന്നതിന് 5% പദ്ധതി നിർവ്വഹണ ചെലവുൾപ്പെടെ ആവശ്യമായ തുക മത്സ്യത്തൊഴിലാളികളുടെ എണ്ണം - 242954, പ്രീമിയം - 459 രൂപ (നികുതി അടക്കം) ആകെ തുക – 242954 X 459 = 11,15,15,886 രൂപ 5% പദ്ധതി നിർവ്വഹണ ചെലവ് - 55,75,794 രൂപ. ആകെ ആവശ്യമുള്ള തുക-11,70,91,680 രൂപ (പതിനൊന്ന് കോടി എഴുപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരത്തി അറുന്നൂറ്റി എൺപത് രൂപ മാത്രം) ശീർഷകത്തിൽ ലഭ്യമായ തുക 9 കോടി കൂടാതെ അധികമായി ആവശ്യമുള്ള തുകയായ 2,70,91,688 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

ശിപാർശ

2405-00-103-75—തീരദേശ ഗ്രാമങ്ങളിലെ സർക്കാർ കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ സൗകര്യം സ്ഥാപിക്കൽ

വിഹിതം : ഇല്ല

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായുള്ള സാഗര പോലുള്ള വെബ് ആപ്ലിക്കേഷനുകൾ പ്രവർത്തിപ്പിക്കുന്നതിനും തീരദേശ ഗ്രാമങ്ങളിലെ സർക്കാർ കേന്ദ്രങ്ങളിൽ സൗജന്യ വൈ-ഫൈ സൗകര്യം സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 75)

<u>സ്വീകരിച്ച നടപടി</u>

കെ. ഫോൺ പദ്ധതി നടപ്പിലാക്കി വരുന്നതിനാൽ തീരദേശ ഗ്രാമങ്ങളിൽ സൗജന്യ വൈ-ഫൈ സംവിധാനം അനുവദിക്കുന്നില്ല.

<u>ശിപാർശ</u>

2405-00-190-95—<u>കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ് (കെ.എ.വി. ഐ. എൽ.)</u>

വിഹിതം : ഇല്ല

കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡിന്റെ (KAVIL) അടിസ്ഥാനസൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായി ധനസഹായം ആവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 81)

<u>സ്വീകരിച്ച നടപടി</u>

പ്ലാനിംഗ് വകുപ്പിന്റെ 12-12-2019-ലെ GO(Ms)No. 34/2019/P&EA അനുസരിച്ച് KAVIL-ന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ കീഴിൽപ്പെടുത്തി ലോക ബാങ്കിന്റെ വികസന നയ വായ്പയിൽ നിന്നും കണ്ടെത്തി അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-190-94—<u>ലിംഗസമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം -മത്സ്യഫെഡിനുള്ള ധനസഹായം</u>

വിഹിതം : 1000 രൂപ (പദ്ധതിയേതരം)

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/സ്കിൽ ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 82)

<u>സ്വീകരിച്ച നടപടി</u>

2019-20 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയ്ക്കായി 1000 രൂപയാണ് ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിക്ക് അനുമതി നൽകിയിട്ടില്ലാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-800-99—<u>മത്സ്യബന്ധന തൊഴിലാളികൾക്കുള്ള സമ്പാദ്യസമാശ്വാസം (പദ്ധതിയുള്ള സംസ്ഥാന വിഹിതം)</u>

വിഹിതം : 28,00,00,000 രൂപ (പദ്ധതി)

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്രസഹായത്തോടെ നടപ്പാക്കി വരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 6 തവണകളിലായി 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്ന് ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3000 രൂപയും ചേർത്ത് 4500 രൂപ 3 തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുകയും ചെയ്യുന്നു. ഇതനുസരിച്ച് 186510 -ഓളം മത്സ്യത്തൊഴിലാളികൾ 2018-19 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2019-20 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്. 2019-20 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കഴിഞ്ഞ വർഷം 56 കോടി രൂപ ചെലവായ ഈ പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 28 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 83)

<u>സ്വീകരിച്ച നടപടി</u>

സമ്പാദ്യസമാശ്വാസ പദ്ധതി 2018-19 ൽ ഗുണഭോക്തൃ വിഹിതമായി 28,09,36,500 രൂപ സ്വീകരിക്കുകയുണ്ടായി ഇവർക്ക് തുല്യ അനുപാതത്തിലുള്ള സംസ്ഥാന വിഹിതം അനുവദിക്കുന്നതിനായി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 2800 ലക്ഷം രൂപ കൂടാതെ അഡീഷണൽ ഓതറസേഷൻ ആയി 9,37,000 രൂപ സ്റ്റേറ്റ് ബഡ്ജറ്റിൽ നിന്നും അനുവദിക്കുകയുണ്ടായി. ജൂലൈ മാസത്തെ മറൈൻ ഗുണഭോക്തൃ ആനുകൂല്യം നൽകുന്നതിന് 24,64,43,750 രൂപയും സെപ്റ്റംബർ മാസത്തെ ഉൾനാടൻ ഭോക്താക്കൾക്കുള്ള

3,44,92,750 രൂപയും അനുവദിക്കുന്നതിന് കേന്ദ്ര സഹായം ലഭ്യമാകാത്ത സാഹചര്യത്തിൽ 28,09,36,500 രൂപ സംസ്ഥാന വിഹിതമായി അഡീഷണൽ ഓതറൈസേഷൻ മുഖേന അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-800-94—മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേക്കുള്ള സഹായം-മത്സ്യ അനുബന്ധ തൊഴിലാളികൾക്കുള്ള പെൻഷൻ

വിഹിതം : 80,00,00,000 രൂപ (പദ്ധതിയേതരം)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി/ അനുബന്ധ തൊഴിലാളി/വിധവ പെൻഷൻകാർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിന് ഈ ശീർഷകത്തിൽ 20.80 കോടി രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 84)

സ്വീകരിച്ച നടപടി

മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി, വാർദ്ധക്യകാല, വിധവ പെൻഷൻ അനുവദിക്കുന്നതിനായി 2019-20 സാമ്പത്തിക വർഷ ബഡ്ജറ്റിൽ 80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പെൻഷൻ, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേനയാണ് അനുവദിച്ചു വരുന്നത്. 2019-20-ൽ മുഴുവൻ പെൻഷണർമാർക്കും പെൻഷൻ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

2405-00-800-50—മത്സ്യബന്ധന അനുബന്ധ തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് സ്കീം

വിഹിതം : 3,00,00,000 രൂപ (പദ്ധതി)

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള അനുബന്ധ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 85)

<u>സ്വീകരിച്ച നടപടി</u>

പദ്ധതി നടപ്പാക്കുന്നതിന് അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

2405-00-800-35—<u>ട്രോളിംഗ് നിരോധന സമയത്ത് യന്ത്രവൽകൃത ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ വിതരണം</u>

വിഹിതം :5,00,000 രൂപ (പദ്ധതിയേതരം)

ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സ്വീകരിച്ച നടപടി</u>

ട്രോളിംഗ് നിരോധന സമയത്ത് മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ വിതരണം ചെയ്യുന്നതിനായി അധിക തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

4405-00-103-98—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി. സി സഹായം)</u>

വിഹിതം : ഇല്ല (പദ്ധതി)

ഭരണാനുമതി ലഭിച്ചതും ഇപ്പോൾ നടപ്പിലാക്കി വരുന്നതുമായ സംയോജിത മത്സ്യവികസന പദ്ധതിയ്ക്കായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 4.23 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

<u>സ്വീകരിച്ച നടപടി</u>

എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസന പദ്ധതി 2017-18 പ്രകാരം Share Capital ഇനത്തിൽ 422.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. നടപ്പ് സാമ്പത്തിക വർഷം 4405-00-103-98(പ്ലാൻ) ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 27,51,000 രൂപ അഡീഷണൽ ആതറൈസേഷനായി അനുവദിച്ചിട്ടുള്ളതും തുക ചെലവഴിച്ചിട്ടുള്ളതുമാണ്.

ശിപാർശ

4405-00-103-93—മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും

വിഹിതം : 30,00,00,000 രൂപ

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി പ്രകാരം മുൻവർഷങ്ങളിൽ അനുവദിച്ചതും ഇനി പൂർത്തീകരണത്തിനായുമുള്ള തീരദേശ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ഈ ശീർഷകത്തിൽ 70 കോടി രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 89)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ 30 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 10 കോടി രൂപ മത്സ്യത്തൊഴിലാളി പുനരധിവാസത്തിനാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 23.0847682 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവൻ ചെലവഴിക്കാത്തതിനാൽ അധിക തുക ആവശ്യമായി വന്നില്ല.

ശിപാർശ

4405-00-190-97—എൻ.ബി.സി.എഫ്.ഡി.സി. ആന്റ് എൻ.എം.ഡി.എഫ്.സി. പദ്ധതികളുടെ കീഴിൽ സീഡ്മണി സഹായം

വിഹിതം : ഇല്ല (പദ്ധതി)

എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി.എന്നീ സ്ഥാപനങ്ങൾ വഴിയുള്ള പദ്ധതി നടത്തിപ്പിനായി സീഡ് ക്യാപ്പിറ്റൽ ഇനത്തിൽ മത്സ്യഫെഡിന് 1.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 93)

സ്വീകരിച്ച നടപടി

NBCFDC/NMDFC ധനസഹായത്തോടെ നടപ്പിലാക്കുന്ന Seed Capital പദ്ധതിക്ക് തുക ആവശ്യമായി വന്നില്ല.

<u>ശിപാർശ</u>

6405-00-195-99—<u>മത്സ്യബന്ധന വികസനത്തിന് സമഗ്ര മാർഗ്ഗനിർദ്ദേശപദ്ധതിക്കായി മത്സ്യഫെഡിന് കൊടുക്കുന്ന വായ്പ (എൻ.സി.ഡി.സി സഹായം)</u>

വിഹിതം : 12,00,00,000 രൂപ (പദ്ധതി)

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ മത്സ്യഫെഡ് വിതരണം ചെയ്തു വരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി വഴിയാണ് ഈ തുക വിതരണം ചെയ്യുന്നതെന്നും ടി പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനി യോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സ്വീകരിച്ച നടപടി</u>

എൻ.സി.ഡി.സി. ധനസഹായത്തോടെ നടപ്പിലാക്കുന്ന സംയോജിത മത്സ്യബന്ധന വികസന 2017-18 പദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം മത്സ്യഫെഡിന്റെ വായ്പാ പദ്ധതിക്കായി 105.61 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻ.സി.ഡി.സി. 2014-15, 2015-16 പദ്ധതി പ്രകാരം ലോൺ ഇനത്തിൽ മത്സ്യഫെഡിന് അനുവദിച്ചിരുന്ന 365 ലക്ഷം രൂപ പിൻവലിച്ചിട്ടുള്ളത് 2019-20 വർഷം ടി ശീർഷകത്തിൽ നിന്നും മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ, 470.61 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്ന് മത്സ്യഫെഡിന് അനുവദിച്ചിട്ടുണ്ട്. ബാക്കി തുക 729.39 ലക്ഷം രൂപ എൻ.സി.ഡി.സി 2017-18 പദ്ധതി നടത്തിപ്പിനായി അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കുന്നതിന് ശിപാർശ സമർപ്പിച്ചിരുന്നു വെങ്കിലും പ്രസ്തുത തുക അനുവദിക്കുവാൻ സാധിച്ചില്ല.

<u>ശിപാർശ</u>

തീരദേശ ലേലത്തിൽ പങ്കെടുക്കുകയും സംഘത്തിൽ സമ്പാദ്യം അടയ്ക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ലേലത്തിന്റെ 0.5% തുക ബോണസ് ആയി നൽകുന്നതിന് കഴിഞ്ഞ ബജറ്റിലുള്ള ശീർഷകം 2405-00-103-83 പുനഃസ്ഥാപിച്ച് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

സ്വീകരിച്ച നടപടി

2019-20 സാമ്പത്തിക വർഷത്തേക്ക് 522.83 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ശിപാർശ

തീരദേശ പ്രാദേശിക വികസന പാക്കേജുകൾ നടപ്പിലാക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബജറ്റിലുള്ള 2405-00-105-74 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 96)

സ്വീകരിച്ച നടപടി

33,51,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന പ്രകാരം അനുവദിച്ചിട്ടുണ്ട്.

(മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 7-4-2021-ലെ നമ്പർ ബി1/181/2019- മ.തു.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ 66,72-75, 81-87, 89, 93-96 എന്നീ ഖണ്ഡികകളിന്മേലുള്ള കാലതാമസപത്രിക 10-6-2021-ന് സഭയിൽ സമർപ്പിച്ചു)

## 2017-18 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്

ശിപാർശ

2401-00-109-84—കാർഷിക വിജ്ഞാപനവും വ്യാപനവും

വിഹിതം : 4,00,00,000 രൂപ (പദ്ധതി)

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്ക് വരുന്ന അധികചെലവുകൾ വഹിക്കുന്നതിനും കൂടാതെ പുതിയ മൊബൈൽ എക്സിബിഷൻ വാഹനങ്ങൾ വാങ്ങുന്നതിനുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2017-18 സാമ്പത്തിക വർഷത്തിൽ, 2401-00-109-84 പ്ലാൻ കാർഷിക വിജ്ഞാപനവും വ്യാപനവും എന്ന ശീർഷകത്തിൽ അധികമായി തുകയൊന്നും വകയിരുത്താൻ കഴിഞ്ഞിട്ടില്ല.

(13-1-2021-ലെ AGRI-EB2/21/2018/- AGRI നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 4-ന്റെ കാലതാമസപത്രിക 22-1-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4408-02-190-99—കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മൂതൽ മുടക്ക്

വിഹിതം : 50,00,000 രൂപ (പദ്ധതി)

മുൻ വർഷങ്ങളിൽ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും മൂലധനം ലഭിക്കുന്നതിനായി 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ 50 ലക്ഷം രൂപ വീതം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും മൂലധനം ലഭ്യമാക്കുന്നതിന് സംസ്ഥാന വിഹിതം അത്യാവശ്യമായതിനാൽ മുൻ വർഷങ്ങളിലെ സംസ്ഥാന വിഹിതമായ 2 കോടി രൂപയും കമ്പ്യൂട്ടറൈസേഷനും നൂതന സാങ്കേതിക വിദ്യാവികസനത്തിനുമായി 75 ലക്ഷം രൂപയും ഉൾപ്പെടെ 2.75 കോടി രൂപ ഈ ശിർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

സ്വീകരിച്ച നടപടി

സമിതിയുടെ ശിപാർശ പ്രകാരം 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ ഓഹരി മൂലധനത്തിന്റെ സംസ്ഥാന സർക്കാർ വിഹിതമായ 2 കോടി രൂപ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് പരിഗണിച്ചിട്ടില്ല. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് സംസ്ഥാന ഷെയർ ക്യാപ്പിറ്റൽ വിഹിതമായി ഉൾപ്പെടുത്തിയ 50 ലക്ഷം രൂപ അനുവദിക്കുന്നതിന് 6-10-2017-ലെ സ.ഉ. (എം.എസ്) നമ്പർ 115/2017/എഡി പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയിൽ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയ 50 ലക്ഷം രൂപ ഉപാധികളോടെ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിക്കുന്നതിന് 13-6-2018-ലെ സ.ഉ. (എം.എസ്) നമ്പർ 81/2018/കൃഷി പ്രകാരം ഭരണാനുമതി ഉത്തരവായിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടറൈസേഷനും നൂതന സാങ്കേതികവിദ്യാ വികസനത്തിനുമായി സമിതി ശിപാർശ ചെയ്ത 75 ലക്ഷം രൂപ അനുവദിച്ചിട്ടില്ല. എന്നാൽ

2018-19 വാർഷിക പദ്ധതിയിൽ കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 2408-02-190-98 (പ്ലാൻ) ശീർഷകത്തിൽ കമ്പ്യൂട്ടറൈസേഷനും പ്രവർത്തനങ്ങൾക്കുമുള്ള ധനസഹായമായി വകയിരുത്തിയ 75 ലക്ഷം രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ഉപാധികളോടെ അനുവദിക്കുന്നതിന് 6-6-2018-ലെ സ.ഉ. (എം.എസ്) 78/2018/കൃഷി പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(4-8-2021-ലെ പി.യു.2/28/2021/കൃഷി നമ്പർ മുഖേന ലഭ്യമാക്കിയ ഖണ്ഡിക 23-ന്റെ കാലതാമസപത്രിക 3-11-2021-ന് സഭയിൽ സമർപ്പിച്ചു.)

ശിപാർശ

4404-00-102-87—ക്ഷീരവികസന വകുപ്പിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ

വിഹിതം : ഇല്ല (പദ്ധതിയേതരം)

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തുക നൽകാനുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 58)

സ്വീകരിച്ച നടപടി

2017-18-ലെ എസ്.ഡി.ജി.യിൽ തുക അനുവദിക്കുന്നതിനായി പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും തുക അനുവദിച്ചിട്ടില്ല.

(6-5-2021-ലെ ഡി3/148/2020/ഡി.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഖണ്ഡിക 58-ന്റെ കാലതാമസ പത്രിക 4-8-2021-ന് സഭയിൽ സമർപ്പിച്ചു.)

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ടിലെ 25-ാമത് ഖണ്ഡികയിലെ "റൈസ് ബയോപർക്കുകൾ സ്ഥാപിക്കൽ" എന്ന സമിതി ശിപാർശയിന്മേലുള്ള അധിക വിവരത്തിനുള്ള മറുപടി

**സമിതി ആവശ്യപ്പെട്ട അധികവിവരം**

"റൈസ് ബയോപാർക്കുകൾ സ്ഥാപിക്കൽ" എന്ന പദ്ധതിക്കായി 1000 ലക്ഷം രൂപ വകയിരുത്തണമെന്ന് 26-11-2014– ലെ സമിതിയോഗം ശിപാർശ ചെയ്തിരുന്നു. വകുപ്പിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് 24-7-2017-ലെ യോഗത്തിൽ പരിഗണിച്ച സമിതി പ്രസ്തുത പദ്ധതിയിന്മേലുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചു.

<u>മറുപടി</u>

സർക്കാർ മൂന്ന് ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്കുകൾ പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ സ്ഥാപിക്കാനായി KINFRA-യെ ചുമതലപ്പെടുത്തുകയും ആയതിലേക്കുള്ള വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനായി KITCO-യെ കൺസൾട്ടൻസിയായി തെരഞ്ഞെടുക്കുകയും പ്രസ്തുത മൂന്ന് പാർക്കുകളിൽ ഒരെണ്ണം സ്ഥാപിക്കുന്നതിന് തൃശ്ശൂർ ജില്ലയിലെ കൃഷി വകുപ്പിന്റെ ചേലക്കര ജില്ലാ ഫാമിന്റെ 10 ഏക്കർ സ്ഥലമാണ് കണ്ടെത്തിയതെന്നും എന്നാൽ പ്രസ്തുത പ്രദേശത്ത് ബന്ധപ്പെട്ട താലൂക്ക് സർവ്വെ വകുപ്പ് സർവ്വെ നടത്തിയ ശേഷം റിപ്പോർട്ട് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടെന്നും റവന്യൂ വകുപ്പ് വ്യവസായ വകുപ്പിന് ഭൂമി കൈമാറിയാൽ മാത്രമേ DPR തയ്യാറാക്കാൻ കഴിയുകയുള്ളൂ എന്നും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

## <u>അദ്ധ്യായം VII</u>

## <u>**സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളും അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങളും**</u>

**1. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും - മണ്ണ് സംരക്ഷണ പദ്ധതികൾ- മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച റിപ്പോർട്ട്**

<u>ശിപാർശ</u>

<u>**കാർഷിക വിജ്ഞാന വ്യാപനം—2401-00-109-80 (പ്ലാൻ) - കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ**</u>

2015-16-ൽ കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ പദ്ധതി ഘടകങ്ങൾ

(എ) ലീഡ്സ് (Lead Farmer Centered Extension Advisory and Delivery Services)

(ബി) ആത്മ പ്ലസ്

(സി) ഉദ്യോഗസ്ഥർക്ക് അവാർഡുകൾ

(ഡി) മന്ത്‌ലി ടെക്നോളജി അഡ്വൈസറീസ്

(ഇ) മൊബൈൽ അഗ്രോ ക്ലിനിക്കുകളുടെ ഓപ്പറേഷണൽ സപ്പോർട്ട്

(എഫ്) പൊതുജന പങ്കാളിത്തം

*ആത്മ പ്രോജക്ട് ഡയറക്ടറേറ്റുകൾ ശക്തിപ്പെടുത്തുന്ന പദ്ധതി

* ആത്മ കരാർ ജീവനക്കാർക്കുള്ള മികവ് മെച്ചപ്പെടുത്തൽ

* സമേതിയുടെ ശാക്തീകരണം

മേൽപ്പറഞ്ഞ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുക, ചെലവാക്കിയ തുക, പദ്ധതികളുടെ പ്രവർത്തന പുരോഗതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഭരണാനുമതി ലഭിക്കാനുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് നൽകാനും സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 1(1))

സർക്കാർ സ്വീകരിച്ച നടപടി

കാർഷിക വിജ്ഞാന വ്യാപനം എന്ന പദ്ധതിയുടെ വിവിധ ഘടകങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

A) ലീഡ്സ് (Lead Farmer Centered Extension Advisory & Delivery Services)

ബഡ്ജറ്റ് വിഹിതം - 440 ലക്ഷം രൂപ

പദ്ധതി ചെലവ് - 298.03315 ലക്ഷം രൂപ

കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽ നൽകുന്ന പദ്ധതിയായ ലീഡ്സ് (LEADS) കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കി. ജില്ലയിലെ ഓരോ പഞ്ചായത്തിലും മൂന്ന് വീതം ലീഡ് കർഷകരെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ പത്ത് വീതം കർഷകർ അടങ്ങുന്ന സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പുകൾ ഉണ്ടാക്കിയിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിനും പുതിയ പരീക്ഷണ നിരീക്ഷണങ്ങൾ നടത്തുന്നതിനും താല്പര്യമുള്ള ലീഡ് കർഷകരുടെ അനുഭവസമ്പത്തും അറിവുകളും മറ്റ് കർഷകർക്ക് പ്രയോജനപ്രദമാകുന്നു. 2015-16-ൽ നാല് ജില്ലകളിലായി 798 ലീഡ് കർഷകരും 798 സാറ്റലൈറ്റ് ഗ്രൂപ്പുകളും ഉണ്ടാക്കിയിട്ടുണ്ട്. പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ഫീൽഡ് അസിസ്റ്റന്റുമാരും ടെക്നോളജി മാനേജർമാരും കൃത്യമായി ലീഡ് കർഷകരുടെയും ഗ്രൂപ്പിന്റേയും കൃഷിയിടങ്ങൾ സന്ദർശിക്കുകയും പ്രശ്നങ്ങൾ മനസ്സിലാക്കി പ്രശ്നപരിഹാരത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും കൃഷിയിടത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾ കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാൻ കേന്ദ്രങ്ങൾ, മറ്റ് ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ സ്വരൂപിക്കുകയും ചെയ്യുന്നു. എല്ലാ മാസവും അനുവർത്തിക്കേണ്ട കൃഷി രീതികൾ, വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയെ സംബന്ധിച്ച

വിവരങ്ങൾ "Monthly Technology Advisories" എന്ന രീതിയിൽ തയ്യാറാക്കുകയും അവ പ്രിന്റ് ചെയ്ത് കർഷകർക്ക് എത്തിക്കുകയും ചെയ്യുന്നു. കൃഷി സംബന്ധമായ വിവരങ്ങൾ SMS ആയി കർഷകരെ അറിയിക്കുവാനും അവരുടെ പ്രശ്നങ്ങൾ ഉദ്യോഗസ്ഥരെ അറിയിക്കുവാനും മൊബൈൽ ഫോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനങ്ങൾ, അവബോധ ക്ലാസുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

ഓരോ ലീഡ് കർഷകനും 4,000 രൂപ ഇന്നോവേഷൻ ഫണ്ട്, ഓരോ ഗ്രൂപ്പിനും 4000 രൂപ ടെക്നോളജി ഡിസ്സെമിനേഷൻ ഫണ്ട് എന്നിവയ്ക്കായി നൽകിയിട്ടുണ്ട്. ഈ തുകകൾ ലീഡ് കർഷകരുടെ നേതൃത്വത്തിൽ പുതിയ വിളകളുടെ കൃഷികൾ, പുതിയ കൃഷി രീതികൾ, ജൈവ കീടരോഗ നിയന്ത്രണോപാധികളുടെ ഉപയോഗം പ്രചരിപ്പിക്കൽ, കുമ്മായം, ബോറോൺ, സിലിക്ക എന്നിവയുടെ ഉപയോഗം പരീക്ഷിക്കൽ, സംയോജിത കീടരോഗ നിയന്ത്രണം പരീക്ഷിക്കൽ തുടങ്ങിയവയ്ക്കായി ഉപയോഗിച്ചിട്ടുണ്ട്. 31.92 ലക്ഷം രൂപ ഇന്നോവേഷൻ ഫണ്ടിനായി ജില്ലകൾ ചെലവഴിച്ചു.

ലീഡ്സ് പദ്ധതി നടപ്പിലാക്കാത്ത മറ്റ് ജില്ലകളിലും ഓരോ മാസവും അനുവർത്തിക്കേണ്ട കൃഷി രീതികൾ, സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി "Monthly Technology Advisories" ഉണ്ടാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിലെ 14.21267 ലക്ഷം രൂപ ജില്ലകൾ ചെലവഴിച്ചു.

മൊബൈൽ കണക്ഷൻ ചാർജ്ജുകൾക്ക് 27.49423 ലക്ഷം രൂപയും 102 അവേർനസ് പ്രോഗ്രാമുകൾക്കായി 4.4756 ലക്ഷം രൂപയും കപ്പാസിറ്റി ബിൽഡിങ്ങിനായി 10.36740 ലക്ഷം രൂപയും ജില്ലകൾ ചെലവഴിച്ചു. ഫീൽഡ് അസിസ്റ്റന്റ്/ടെക്നോളജി മാനേജർ എന്നിവരുടെ ശമ്പളത്തിനായി 167.74150 ലക്ഷം രൂപയും 9.90236 ലക്ഷം രൂപ ഓപ്പറേഷണൽ കോസ്റ്റ് എന്ന കമ്പോണന്റിലും ജില്ലകൾ ചെലവഴിച്ചു.

364.78 ലക്ഷം രൂപ ലീഡ്സ് ഘടകങ്ങൾക്കായി നൽകിയതിൽ ആകെ 298.03315 ലക്ഷം രൂപ ചെലവഴിച്ചു.

1. ഇന്നോവേഷൻ ഫണ്ട് - 31.92 ലക്ഷം രൂപ
2. ടെക്നോളജി ഡിസ്സെമിനേഷൻ ഫണ്ട് - 31.92 ലക്ഷം രൂപ
3. മന്ത്ലി ടെക്നോളജി അഡ്വൈസറീസ് - 14.21267 ലക്ഷം രൂപ
4. മൊബൈൽ കണക്ഷൻ ചാർജ്ജുകൾ - 27.49423 ലക്ഷം രൂപ
5. അവേർനസ് പ്രോഗ്രാം - 4.4756 ലക്ഷം രൂപ

6. കപ്പാസിറ്റി ബിൽഡിംഗ് - 10.36740 ലക്ഷം രൂപ

7. മാനേജ്മെന്റ് കോസ്റ്റ് - 167.74150 ലക്ഷം രൂപ

8. ഓപ്പറേഷണൽ കോസ്റ്റ് - 9.90236 ലക്ഷം രൂപ

B) ആത്മ പ്ലസ്

ബഡ്ജറ്റ് വിഹിതം—1250 ലക്ഷം രൂപ

പദ്ധതി ചെലവ്—690.43731 ലക്ഷം രൂപ

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന 'ആത്മ' എന്ന വിജ്ഞാനവ്യാപന പദ്ധതിയിലെ ചില ഘടകങ്ങൾക്ക് അനുവദിച്ചിരിക്കുന്ന തുകയുടെ അപര്യാപ്തത പരിഹരിക്കുന്നതിനും കൂടാതെ എസ്.ആർ.ഇ.പി.-യുടെ വിലയിരുത്തലിൽ ഊന്നൽ നൽകേണ്ടതായ പുതിയ മേഖലകളിൽ കേന്ദ്ര സഹായം ഇല്ലാത്തതിനാൽ അത് നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ 2013-14 വർഷം മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആത്മ പ്ലസ്. 2015-16 വർഷം നടപ്പിലാക്കിയ ആത്മ പ്ലസിലൂടെ പഞ്ചായത്ത് തലത്തിൽ കാർഷിക വിജ്ഞാന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മോഡൽ പഞ്ചായത്ത് എക്സ്റ്റൻഷൻ പ്ലാനും ബ്ലോക്ക് തലത്തിലെ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷനും സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും നടത്തിയ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്തിട്ടുമുണ്ട്.

പദ്ധതിയുടെ വിവരങ്ങൾ താഴെ ചേർത്തിരിക്കുന്നു

| ക്രമ നം. | ആത്മ കഫറ്റേറിയയിലെ ഇനങ്ങൾക്ക് അധിക സപ്പോർട്ട് | ഭൗതികം | | സാമ്പത്തികം (ലക്ഷത്തിൽ) | |
|---|---|---|---|---|---|
| | | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| 1 | ഫാം സ്കൂൾ | 456 | 416 | 22.98 | 20.6382 |
| 2 | ഡെമോൺസ്ട്രേഷൻ | 1520 | 1517 | 91.20 | 91.24173 |
| 3 | ടി.എ. | -- | -- | 30.40 | 29.6821 |
| 4 | പി.ഒ.എൽ. | -- | -- | 7.00 | 4.6549 |
| 5 | ഫാർമർ ഫീൽഡ് സ്കൂൾ | 250 | 249 | 86.13 | 86.04267 |
| 6 | ടെക്നോളജി മീറ്റ് | 14 | 14 | 28.00 | 28.00 |

| | | | | | |
|---|---|---|---|---|---|
| 7 | ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം | 205 | 200 | 82.00 | 81.2 |
| 8 | ആത്മ ന്യൂസ് ലെറ്റർ | -- | 42 | 3.5 | 3.3415 |
| 9 | പെസ്റ്റ് സർവെയിലൻസ് ഫണ്ട് ആത്മ ഗ്രൂപ്പിന് | 278 | 242 | 40.65 | 31.95 |
| 10 | സംസ്ഥാനതല പ്രോഗാം | -- | -- | 10.00 | -- |
| 11 | ടെക്നോളജി ഫണ്ട് നല്ല ആത്മ ഗ്രൂപ്പിന് | 152 | 152 | 15.20 | 14.10 |
| 12 | ഫാർമർ ലെഡ് ടെക്നോളജി ഡെവലപ്മെന്റ് | -- | -- | 21.00 | 8.71977 |
| 13 | സോയിൽ ടെസ്റ്റിംഗ് പ്രചരണ പരിശീലനങ്ങൾ, മറ്റ് പരിപാടികൾ | -- | -- | 21 | 20.99919 |
| 14 | മോഡൽ പഞ്ചായത്ത് എക്സ്റ്റൻഷൻ പ്ലാൻ | 90 | 89 | 135.00 | 132.76546 |
| 15 | ആത്മ ഡോക്യുമെന്ററി | -- | -- | 25.00 | 11.8706 |
| 16 | ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷൻ | 56 | 51 | 112 | 100.05 |
| | ഇ.എൽ.എ ഫണ്ട് | | | 25.18125 | 25.18125 |

ഫാം സ്കൂൾ, ഡെമോൺസ്ട്രേഷൻ, ഫാർമർ ഫീൽഡ് സ്കൂളുകൾ എന്നിവ നടത്തിയിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലകളിലും കർഷകരുടെയും റിസർച്ച് സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെയും സഹകരണത്തോടെ ടെക്നോളജി മീറ്റുകൾ സംഘടിപ്പിച്ചിരുന്നു. ഓരോ ജില്ലയിലും നടപ്പിലാക്കിയ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ കർഷകരിലെത്തിക്കുന്നതിനായി ആത്മ ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കർഷകർ വികസിപ്പിച്ച നൂതന വിദ്യകൾ പ്രചരിപ്പിക്കുന്നതിനായി ഫാർമർ ടെക്നോളജി ഡെവലപ്മെന്റിന് സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ കാർഷിക വിജ്ഞാന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് മോഡൽ പഞ്ചായത്ത് എക്സ്റ്റൻഷൻ പ്ലാനും ബ്ലോക്കതല വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫാർമർ എക്സ്റ്റൻഷൻ ഓർഗനൈസേഷനും സാധിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും നടത്തിയ പ്രവർത്തനങ്ങൾ ഡോക്യുമെന്റും ചെയ്തിട്ടുണ്ട്.

**മറ്റ് ഘടകങ്ങൾ :—**

17. ഡിസ്ട്രിക് സ്പെസിഫിക് ആക്ടിവിറ്റി

ശീർഷകം—2401-00-109-80 പ്ലാൻ

ബഡ്ജറ്റ് വിഹിതം—140.00 ലക്ഷം രൂപ

പദ്ധതി ചെലവ് —113.68024 ലക്ഷം രൂപ

ഓരോ ജില്ലയിലും കൃഷി അനുബന്ധ മേഖലയിൽ പ്രത്യേക പ്രാധാന്യമുള്ള വിഷയങ്ങൾ പദ്ധതിയായി രൂപീകരിച്ച് നടപ്പിലാക്കുന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. കൃഷി വകുപ്പ് മുഖേനയോ പഞ്ചായത്ത്/മറ്റ് ഏജൻസികൾ മുഖേനയോ നടപ്പിലാകാത്ത പ്രോജക്ടുകൾ ജില്ലാതലത്തിൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ചെയർമാനായുള്ള ഒരു കമ്മിറ്റി വിലയിരുത്തി അനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നു. സംയോജിത കൃഷി, ജൈവകൃഷി, മൂല്യവർദ്ധിത ഉല്പന്നങ്ങൾ തയ്യാറാക്കൽ, സസ്യസംരക്ഷണ മാർഗ്ഗങ്ങൾ, ഹൈ-ടെക് കൃഷിരീതി, ചെലവ് കുറഞ്ഞ കൃഷി മാർഗ്ഗങ്ങൾ, തരിശുമല കൃഷി, നൂതന കാർഷിക ആശയങ്ങൾ മുതലായ മേഖലകളിലെ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്താവുന്നതാണ്.2015-16 സാമ്പത്തിക വർഷം ഓരോ ജില്ലയ്ക്കും 10.00 ലക്ഷം രൂപ വീതം ആകെ 140.00 ലക്ഷം രൂപ അനുവദിച്ചതിൽ യുക്തമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനായി 113.68024 ലക്ഷം രൂപ ചെലവഴിച്ചു.

2015-16-ൽ നടപ്പിലാക്കിയ ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റിയിലെ ചില പ്രധാന പ്രവർത്തനങ്ങൾ

| ജില്ല | നടപ്പിലാക്കിയ പ്രവൃത്തികൾ |
|---|---|
| തിരുവനന്തപുരം | പയറുവർഗ്ഗ വിളകളുടെ കൃഷി, കൂൺകൃഷി, കുടപ്പനക്കുന്ന് ജില്ലാ മൃഗസംരക്ഷണ ഫാമിലെ ഫാം സ്കൂൾ മെച്ചപ്പെടുത്തൽ, സി.ഐ.എം.ആർ. സ്ഥാപനങ്ങളിലെ സംയോജിത കൃഷി |
| കൊല്ലം | എള്ളെണ്ണ ഉൽപാദനവും അതിന്റെ പാക്കിംഗും, കർഷക സൗഹൃദ വെയ്സ്റ്റ് മാനേജ്മെന്റ് 3 ടയർ പോട്ട് സിസ്റ്റം. |
| ആലപ്പുഴ | ജൈവ മഞ്ഞൾ കൃഷി, വരിനെല്ലിന്റെ നിയന്ത്രണം |
| കോട്ടയം | ഹരിത മൈത്രി, ഹരിത സാന്ത്വനം |

| | |
|---|---|
| ഇടുക്കി | ഇടുക്കി ജില്ലയ്ക്ക് വേണ്ടിയുള്ള സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ ഉൾക്കൊള്ളിച്ച കൈപുസ്തകം, വിളപരിപാലനം ഒരു കൈപുസ്തകം, ചക്കയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ, ചെറു തേനീച്ച വളർത്തൽ, പോഷക സമ്പുഷ്ടമായ മുട്ട ഉൽപാദനം, ഷുഗർ കെയിൻ ക്രഷർ |
| എറണാകുളം | നൂതന മത്സ്യകൃഷി പോളിഹൗസിലെ അക്വാപോണിക്സ്, പൊക്കാളി കൃഷിയിലെ കേയ്ജ് ഫിഷ് ഫാമിങ്, കരിമീൻ മുട്ട ഉൽപാദന യൂണിറ്റുകൾ. |
| തൃശ്ശൂർ | കാട്ടാനകളെ അകറ്റി നിർത്തുന്നതിന് തേനീച്ചക്കൂട് കൊണ്ടുള്ള വേലി നിർമ്മിക്കൽ, ചങ്ങാലിക്കോടൻ വാഴക്കുലകളുടെ വിപണനകേന്ദ്രം |
| പാലക്കാട് | നെൽകൃഷിയിൽ നൂതന ആശയങ്ങൾ, പരിശീലന കേന്ദ്രങ്ങൾ, ജൈവ നെല്ലുൽപാദക സമിതി, ചക്കയിലെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ |
| വയനാട് | തിരുനെല്ലിയിലെ ബയോവില്ലേജ്, മത്സ്യ തീറ്റനിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ, വയനാടൻ പശുക്കളുടെ സംരക്ഷണം |
| കണ്ണൂർ | ഹരിതശ്രീ |
| കാസർഗോഡ് | പച്ചക്കറി തൈ ഉല്പാദനം |

18. <u>ഐ.റ്റി. ബേസ്ഡ് റിസോഴ്സ് മെറ്റീരിയൽസ്</u>

ബഡ്ജറ്റ് വിഹിതം—152 ലക്ഷം രൂപ

ചെലവഴിച്ച തുക—131.48782 ലക്ഷം രൂപ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ കാർഷിക വിജ്ഞാനവ്യാപന രംഗത്ത് പ്രമുഖമായ സ്ഥാനം വഹിക്കുന്നു. ആയതിനാൽ ഓരോ ബ്ലോക്ക് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലും പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള റിസോഴ്സ് മെറ്റീരിയലുകൾ ഉണ്ടാക്കുന്നതിനും ബ്ലോക്കിൽ നടത്തിയിട്ടുള്ള പരിപാടികൾ ഡോക്യുമെന്റ് ചെയ്ത് സൂക്ഷിക്കുന്നതിനും ഈ ഘടകം പ്രയോജനപ്പെട്ടിട്ടുണ്ട്.

19. <u>സ്കേലിംഗ് അപ് ഓഫ് സക്സസ് മോഡൽസ് ആന്റ് ഡോക്യുമെന്റേഷൻ ഓഫ് സക്സസ് സ്റ്റോറീസ്</u>

ബഡ്ജറ്റ് വിഹിതം—35.00 ലക്ഷം രൂപ

ചെലവഴിച്ച തുക—27.07508 ലക്ഷം രൂപ

2013-14-ൽ മികച്ച കർഷകരുടെ അനുഭവങ്ങളും 2015-16-ൽ മികച്ച ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളും ഡോക്യുമെന്റ് ചെയ്തിരുന്നു. 2015-16-ൽ മികച്ച ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ മറ്റുള്ള ഉദ്യോഗസ്ഥരെ അറിയിക്കുവാനും അവരെ മികച്ച പ്രവർത്തനങ്ങളിലേയ്ക്ക് മോട്ടിവേറ്റ് ചെയ്യുന്നതിനും ഈ ഘടകം സഹായിച്ചിട്ടുണ്ട്.

20. ഫോളോ അപ് ആക്ഷൻ ഓൺ എക്സ്പോഷർ വിസിറ്റ്

ബഡ്ജറ്റ് വിഹിതം—80 ലക്ഷം രൂപ

ചെലവഴിച്ച തുക—66.3722 ലക്ഷം രൂപ

ആത്മ പദ്ധതിയിൽ വിവിധ സ്ഥാപനങ്ങൾ സന്ദർശിച്ചതിൽ നിന്നും ലഭിക്കുന്ന അറിവുകൾ കർഷകർ അവരുടെ കൃഷിയിടങ്ങളിൽ അനുവർത്തിക്കുന്നതിനുള്ള ധനസഹായം ഈ ഘടകം വഴി നൽകിയിട്ടുണ്ട്.

21. മോഡൽ പഞ്ചായത്ത് എക്സ്റ്റൻഷൻ പ്ലാൻ IInd സ്റ്റേജ്

ബഡ്ജറ്റ് വിഹിതം—42 ലക്ഷം രൂപ

ചെലവഴിച്ച തുക—28.5 ലക്ഷം രൂപ

പഞ്ചായത്തിൽ വിവിധ ഗ്രൂപ്പുകൾ ഉണ്ടാക്കി (ഫുഡ് സെക്യൂരിറ്റി സർവ്വീസ് ഓർഗാനിക് ഫാമിംഗ്) അവ വഴി പഞ്ചായത്തിലെ വിവിധ കാർഷിക പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ഫലപ്രദമായി നടത്തുന്നതിനായി പ്രസ്തുത ഘടകം പ്രയോജനപ്പെട്ടിട്ടുണ്ട്.

C) ഉദ്യോഗസ്ഥർക്ക് അവാർഡുകൾ

ബഡ്ജറ്റ് വിഹിതം—30 ലക്ഷം രൂപ

ചെലവാക്കിയ തുക —28.875 ലക്ഷം രൂപ

വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച വച്ച അസിസ്റ്റന്റ് കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, കൃഷി ഓഫീസർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ കൃഷി ഓഫീസർ, ആത്മ പ്രോജക്ട് ഡയറക്ടർ എന്നിവർക്ക് അവാർഡുകൾ നൽകി ആദരിച്ചു.

D) Monthly Technology Advisories

ബഡ്ജറ്റ് വിഹിതം—40 ലക്ഷം രൂപ

ചെലവാക്കിയ തുക—33.50121 ലക്ഷം രൂപ

ലീഡ്സ് പദ്ധതി നടപ്പിലാക്കാത്ത മറ്റ് ജില്ലകളിലും ഓരോ മാസവും അനുവർത്തിക്കേണ്ട കൃഷി രീതികൾ, സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി "Monthly Technology Advisories" ഉണ്ടാക്കുന്നതിനായി ഓരോ ജില്ലയ്ക്കും 4 ലക്ഷം രൂപ വീതം വകകൊള്ളിച്ചിരുന്നു. ഓരോ പ്രദേശത്തേയും പ്രശ്നങ്ങൾ ജില്ലാതലത്തിൽ പരിശോധിച്ച്, ചർച്ചകൾ നടത്തിയാണ് "Monthly Technology Advisories" ഉണ്ടാക്കിയിട്ടുള്ളത്. ആയത് പ്രിന്റ് ചെയ്ത് കർഷകർക്ക് എത്തിച്ചിട്ടുണ്ട്.

E) മൊബൈൽ അഗ്രോക്ലിനുക്കുകളുടെ ഓപ്പറേഷണൽ സപ്പോർട്ട്

ബഡ്ജറ്റ് വിഹിതം—67.5 ലക്ഷം രൂപ

ചെലവാക്കിയ തുക—49.37336 ലക്ഷം രൂപ

കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കാർഷിക സേവനങ്ങൾ കർഷകരിലെത്തിക്കുന്നതിനായി 75 മൊബൈൽ അഗ്രോക്ലിനിക്കുകൾ സജ്ജമാക്കിയിട്ടുണ്ട്. അവയുടെ പ്രവർത്തനത്തിനായി മാസം 7500 രൂപ ഒരു ക്ലിനിക്കിന് എന്ന നിലയിൽ വകയിരുത്തിയിരുന്നു.

F. പൊതുജന പങ്കാളിത്തം

ശീർഷകം —2401-00-109-80 പ്ലാൻ

ബഡ്ജറ്റ് വിഹിതം—220 ലക്ഷം രൂപ

പദ്ധതി ചെലവ്—221.2285 ലക്ഷം രൂപ

ആധുനിക കാർഷിക സാങ്കേതികവിദ്യകൾ കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനും കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ചുവടെ പറയുന്ന വിവിധ നടപടികൾ സ്വീകരിച്ചു. കാർഷിക വികസന സമിതി യോഗങ്ങൾക്കായി ലക്ഷ്യത്തെക്കാൾ അധികം ചെലവാക്കേണ്ടി വന്നതിനാൽ ഇതേ ശീർഷകത്തിലുള്ള മറ്റ് ഘടകപദ്ധതികളിൽ ചെലവാകാത്ത തുകയിൽ നിന്നും പൊതുജനപങ്കാളിത്തത്തിനായി അധികമായി 1.2285 ലക്ഷം രൂപ നൽകുകയുണ്ടായി. ഇക്കാരണത്താൽ ലക്ഷ്യത്തേക്കാൾ നേട്ടം കൂടുതലായി.

i&ii) കർഷക ദിനാചരണം, കർഷക അവാർഡ് വിതരണം

എല്ലാ കൃഷി ഭവനകളിലും 2014 ചിങ്ങം ഒന്ന് കർഷക ദിനമായി ആചരിക്കുകയും കർഷകരെ ആദരിക്കുകയും ചെയ്തു. കൂടാതെ 2015 ആഗസ്റ്റ് 16-ന് കണ്ണൂരിൽ വച്ച് സംസ്ഥാനതല കർഷക ദിനാഘോഷ ഉദ്ഘാടനം നടത്തുകയും ആഗസ്റ്റ് 16 മുതൽ 26 വരെ സൗത്ത് ഇന്ത്യൻ കാർഷിക മേള നടത്തുകയും ചെയ്തു. മികച്ച കാർഷിക പ്രവർത്തനങ്ങൾ കാഴ്ചവച്ച കർഷകരേയും ഉദ്യോഗസ്ഥരേയും മാധ്യമങ്ങളേയും അവാർഡുകൾ നൽകി ആദരിക്കുകയും ചെയ്തു.

iii) സെമിനാറുകൾ, ജില്ലാതല സമ്മേളനങ്ങൾ, വർക്ക് ഷോപ്പുകൾ

വിവിധ വിഷയങ്ങളിൽ ജില്ലാതല സെമിനാറുകൾ, റീജിയണൽ വർക്ക് ഷോപ്പുകൾ എന്നിവ 2015-16-ലും നടത്തിയിട്ടുണ്ട്.

iv) കാർഷിക വികസന സമിതി യോഗങ്ങൾ

2015-16-ൽ 39 ജില്ലാതല വികസന സമിതി യോഗങ്ങളും 5938 പഞ്ചായത്ത് തല കാർഷിക വികസന സമിതി യോഗങ്ങളും കൂടിയിട്ടുണ്ട്. കാർഷിക വികസന പ്രവർത്തനങ്ങൾ സുതാര്യമായും വിജയകരമായും നടപ്പിലാക്കുന്നതിന് പൊതുജന പങ്കാളിത്തം ആവശ്യമാണ്. ആയതിനാൽ കാർഷിക വികസന സമിതി യോഗങ്ങൾ ഫലപ്രദമായ പങ്ക് വഹിക്കുന്നു.

| പ്രവർത്തനങ്ങൾ | ഭൗതികം | | സാമ്പത്തികം (ലക്ഷം രൂപ) | |
|---|---|---|---|---|
| | ലക്ഷ്യം | നേട്ടം | ലക്ഷ്യം | നേട്ടം |
| കർഷക ദിനാചരണം | 1056 | 1056 | 48.04 | 48.04 |
| കാർഷിക വികസന സമിതികൾ | | | | |
| ജില്ലാതലം | | 39 | | |
| പഞ്ചായത്ത് തലം | | 5938 | 8166 | 117.633 |
| സെമിനാർ | | | | |
| റീജിയണൽ വർക്ക് ഷോപ്പ് | | | | |
| റീജിയണൽ മീറ്റിംഗ് | 98 | 81 | 30.3 | 25.2989 |
| കർഷക അവാർഡുകൾ, സംസ്ഥാനതല പരിപാടികൾ | | | 60.00 | 30.2566 |
| ആകെ | | | 220 | 221.2285 |

| | | | | |
|---|---|---|---|---|
| പി.ഒ.എൽ. | | | 5 | 3.52279 |
| ടി.എ. | | | 6 | 5.19685 |
| ആർ & എം. | | | 1 | 1.00 |
| **ആകെ** | | | **232.00** | **230.94814** |

കാർഷിക വികസന സമിതി യോഗങ്ങൾ ഓരോ പഞ്ചായത്തിലും എല്ലാ മാസവും ഒന്ന് എന്ന ക്രമത്തിലും ജില്ലാതലത്തിൽ മൂന്ന് മാസത്തിൽ ഒന്ന് എന്ന ക്രമത്തിലുമാണ് നടത്തേണ്ടിയിരുന്നത്. പ്രസ്തുത യോഗത്തിലേയ്ക്ക് സിറ്റിംഗ് ഫീസും റിഫ്രഷ്മെന്റ് ചാർജ്ജും കൂടി ഒരു മീറ്റിംഗിന് 500 രൂപ നിരക്കിൽ നൽകേണ്ടതിനാൽ ബഡ്ജറ്റ് വിഹിത തുകയായ 81.66 ലക്ഷത്തിലും അധികമായി വന്നു. (നേട്ടം 117.633 ലക്ഷം രൂപ).

ഇതിനാവശ്യമായ തുക ഈ ശീർഷകത്തിലെ പ്രസ്തുത ഘടകത്തിൽ ബാക്കിയായ തുകയിൽ നിന്നും കൂടാതെ മറ്റ് ഘടകങ്ങളായ MTA in Non-LEADS Districts, Awards to Extension Personnel, Operational Support (Fuel Charges) to Mobile Agro Clinic തുടങ്ങിയവയിൽ ബാക്കിയായ തുകയിൽ നിന്നും 1.2285 ലക്ഷം രൂപ കൂടി അനുവദിക്കുകയുണ്ടായി. ഇക്കാരണത്താൽ ലക്ഷ്യത്തെക്കാൾ നേട്ടം കൂടിയിരിക്കുന്നു.

<u>ആത്മ പ്രോജക്ട് ഡയറക്ടറേറ്റുകൾ ശക്തിപ്പെടുത്തുന്ന പദ്ധതി</u>

ബഡ്ജറ്റ് വിഹിതം—400 ലക്ഷം രൂപ

പദ്ധതി ചെലവ്—309.7167 ലക്ഷം രൂപ

ആത്മ പ്രോജക്ട് ഡയറക്ടറേറ്റുകൾ ശക്തിപ്പെടുത്താനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ജില്ലാ/ബ്ലോക്ക് തല ആത്മ പരിശീലന കേന്ദ്ര നിർമ്മാണത്തിനായി 297.94266 ലക്ഷം രൂപയും ആത്മ ഡയറക്ടറേറ്റ് സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 11.774 ലക്ഷം രൂപയും ചെലവഴിച്ചു.

<u>ആത്മ കരാർ ജീവനക്കാർക്കുള്ള മികവ് മെച്ചപ്പെടുത്തൽ</u>

ബഡ്ജറ്റ് വിഹിതം—175.22 ലക്ഷം രൂപ

പദ്ധതി ചെലവ്—112.6501 ലക്ഷം രൂപ

ഡിസ്ട്രിക്ട് ടെക്നോളജി മാനേജർമാർക്കുള്ള ശമ്പളത്തിന് നീക്കിവച്ച തുകയായ 135 ലക്ഷത്തിൽ നിന്നും 101.1887 ലക്ഷം രൂപയും RATTC/FTC-യിലെ സാങ്കേതിക വിദഗ്ധരെ നിയമിക്കൽ എന്ന ഘടകത്തിനായി നീക്കിവച്ച 25.2 ലക്ഷം രൂപയിൽ 5.7061 ലക്ഷം രൂപയും FTC വേങ്ങേരി/പന്തളം എന്നിവിടങ്ങളിലെ ടെക്നിക്കൽ ഓഫീസർമാരെ

നിയമിക്കൽ എന്ന ഘടകത്തിനായി നീക്കിവെച്ച 6 ലക്ഷം രൂപയിൽ 4.5641 ലക്ഷം രൂപയും RATTC/FTC-യിലെ വിദഗ്ദ്ധർക്കുള്ള ഹോണറേറിയം, യാത്രാചെലവ് എന്ന ഘടകത്തിനായി മാറ്റി വെച്ച 5.52 ലക്ഷം രൂപയിൽ 1.1913 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. RATTC/FTC എന്നിവിടങ്ങളിൽ പഠനോപകരണങ്ങൾ വാങ്ങുന്നതിനായി നീക്കിവെച്ചത് 3.5 ലക്ഷം രൂപയാണ്. ബന്ധപ്പെട്ട RATTC/FTC-കൾക്ക് പരിശീലന പരിപാടികൾ അവസാനിച്ച ശേഷവും സാമ്പത്തിക വർഷം അവസാനിക്കാറായ ഘട്ടത്തിലുമാണ് അലോട്ട്മെന്റ് തുക ലഭിച്ചത്. സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചുകൊണ്ട് പർച്ചേസ് നടത്താൻ ആവശ്യമായ സമയപരിധി ലഭിക്കാൻ സാദ്ധ്യമല്ലാത്തതിനാലും പഠനോപകരണങ്ങളുടെ പ്രിന്റിംഗ് സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിനാലും പ്രസ്തുത തുക ചെലവഴിക്കാൻ പരിശീലന കേന്ദ്രങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

<u>കൃഷി വകുപ്പിലേയും ഗവേഷണ സ്ഥാപനങ്ങളിലേയും ഗവേഷണത്തിനുതകുന്നതായ പ്രശ്നങ്ങൾ</u>

ബഡ്ജറ്റ് വിഹിതം—80 ലക്ഷം രൂപ

പദ്ധതി ചെലവ്—63.52946 ലക്ഷം രൂപ

ഈ പദ്ധതിക്ക് 80 ലക്ഷം രൂപയാണ് 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ചത്. ജില്ലകളിൽ റിസർച്ച് എക്സ്റ്റൻഷൻ ഇന്റർഫേസ് മുഖാന്തരം ഉരുത്തിരിഞ്ഞു വന്നിട്ടുള്ള പ്രാദേശിക പ്രശ്നങ്ങളെക്കുറിച്ച് 2 വർഷം കാലാവധിക്കുള്ളിൽ പൂർത്തിയാക്കാവുന്ന ഗവേഷണങ്ങൾ നടത്തി കർഷകർക്ക് പ്രയോജനപ്രദമായ നിർദ്ദശങ്ങൾ രൂപപ്പെടുത്തുവാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

<u>കർഷക നൈപുണ്യ അവാർഡ്</u>

ബഡ്ജറ്റ് വിഹിതം—50 ലക്ഷം രൂപ

പദ്ധതി ചെലവ്—45.275 ലക്ഷം രൂപ

കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്ക് അവാർഡ് ലഭിച്ച കർഷകരും ഉദ്യോഗസ്ഥരും ദേശീയ തലത്തിലുള്ള കാർഷിക ഗവേഷണ സ്ഥാപനങ്ങൾ, ഫാമുകൾ എന്നിവ സന്ദർശിച്ച് നൂതന ആശയങ്ങളും സാങ്കേതികവിദ്യകളും മനസ്സിലാക്കുന്നതിനും അവ പ്രാവർത്തികമാക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ 1346 കർഷകർക്കും 212 ഉദ്യോഗസ്ഥർക്കും പദ്ധതി വഴി കാർഷിക ഗവേഷണ കേന്ദ്രങ്ങൾ സന്ദർശിക്കാൻ അവസരം ലഭിക്കുകയുണ്ടായി.

<u>SAMETI-യുടെ ശാക്തീകരണം</u>

ബഡ്ജറ്റ് വിഹിതം—50 ലക്ഷം രൂപ

പദ്ധതി ചെലവ്—17.64080 ലക്ഷം രൂപ

'സമേതി'-യിലെ കെട്ടിടങ്ങളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, റിപ്പയറും അറ്റകുറ്റപ്പണികളും, താൽക്കാലിക ജീവനക്കാരുടെ വേതനം എന്നിവയ്ക്കായി പദ്ധതി ലക്ഷ്യമിടുന്നു.

<u>ഫീൽഡ് അസിസ്റ്റന്റുമാർക്കും ബ്ലോക്ക് ടെക്നോളജി മാനേജർമാർക്കുമുള്ള പരിശീലനം</u>

ബഡ്ജറ്റ് വിഹിതം—50 ലക്ഷം രൂപ

പദ്ധതി ചെലവ്—40.695 ലക്ഷം രൂപ

ഫീൽഡ് അസിസ്റ്റന്റുമാർക്കും ബ്ലോക്ക് ടെക്നോളജി മാനേജർമാർക്കുമുള്ള പരിശീലനത്തിനായി നീക്കിവച്ച 28 ലക്ഷം രൂപയിൽ 19.6946 ലക്ഷം രൂപയും പ്രാക്ടിക്കൽ ഫീൽഡ് ട്രെയിനിങ് സ്കൂളിനായി നീക്കി വച്ച 14 ലക്ഷം രൂപയിൽ 13 ലക്ഷവും കോഴ്സ് മെറ്റീരിയൽ തയ്യാറാക്കൽ ഘടകത്തിനായി നീക്കിവെച്ച 8 ലക്ഷത്തിൽ 8 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. (മൊത്തം ചെലവഴിച്ച തുക 40.695 ലക്ഷം രൂപ) പ്രസ്തുത പദ്ധതിയുടെ കീഴിൽ 73 പരിശീലനങ്ങളും 14 പ്രാക്ടിക്കൽ ഫീൽഡ് ട്രെയിനിങ് സ്കൂളുകളും നടപ്പിലാക്കി.

പ്രാദേശിക പരിശീലന കേന്ദ്രങ്ങളുടെ പരിശീലന പരിപാടി

ബഡ്ജറ്റ് വിഹിതം—275 ലക്ഷം രൂപ

പദ്ധതി ചെലവ്—173.042 ലക്ഷം രൂപ

കാർഷിക മേഖലയിൽ ഉണ്ടാകുന്ന നൂതനരീതികളും സാങ്കേതിക വിദ്യകളും കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ 5 പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ, 2 ഫാർമേഴ്സ് ട്രെയിനിംഗ് സെന്ററുകൾ, ഒരു റിസർച്ച് ടെസ്റ്റിംഗ് ആന്റ് ട്രെയിനിംഗ് സെന്റർ എന്നിവ പ്രവർത്തിക്കുന്നു. കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനവും ഉദ്യോഗസ്ഥർക്ക് ദേശീയതലത്തിൽ നടത്തുന്ന സെമിനാറുകളിൽ പങ്കെടുക്കുന്നതിനുള്ള കോഴ്സ് ഫീ മുതലായവയും ഉദ്യോഗസ്ഥരെ ബിരുദാനന്തര ബിരുദ കോഴ്സുകൾക്ക് അയക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

മനുഷ്യ വിഭവശേഷി വികസന പരിപാടികൾക്കായി മാറ്റിവച്ച തുകയായ 175 ലക്ഷം രൂപയിൽ 141.842 ലക്ഷവും ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ 'സമേതി'-യിൽ നടത്തുന്ന പരിശീലനം എന്ന ഘടകത്തിനായി നീക്കിവെച്ച 100 ലക്ഷം രൂപയിൽ 31.2 ലക്ഷവും ചെലവഴിക്കുകയുണ്ടായി. 4223 ഉദ്യോഗസ്ഥരും 6305 കർഷകരും പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു.

കാർഷിക വിജ്ഞാന വ്യാപനത്തിനായുള്ള സബ്മിഷൻ (SMAE) ആത്മ പദ്ധതി 2015-16

കേന്ദ്ര സർക്കാർ വിഹിതം—1001.69 ലക്ഷം രൂപ

സംസ്ഥാന സർക്കാർ വിഹിതം—583.96 ലക്ഷം രൂപ

ആകെ—1585.65 ലക്ഷം രൂപ

2401-00-109-72(01), 2401-00-789-97(01), 2401-00-796-96(01), 2401-00-109-80 (പ്ലാൻ) എന്നീ ശീർഷകങ്ങളിൽ ലഭിച്ച 1585.65 ലക്ഷം രൂപയും മുൻവർഷങ്ങളിലെ നീക്കിയിരുപ്പ് തുകയായ 45.973 ലക്ഷം രൂപയും ചേർത്ത് മൊത്തം 1631.623 ലക്ഷം രൂപ ആത്മ പദ്ധതിക്ക് ലഭ്യമായതിൽ 1621.065 ലക്ഷം രൂപ 2015-16 സാമ്പത്തിക വർഷം വിനിയോഗിക്കുകയുണ്ടായി.

കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതികവിദ്യ കർഷകരിലെത്തിക്കുന്നതിന് 2005-06 മുതൽ കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ആത്മ. കാർഷിക മേഖലയെയും അനുബന്ധ മേഖലകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനവും സംയോജനവുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

പി. പ്രസാദ്,

തിരുവനന്തപുരം,
2022 ജൂലൈ 18.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I*

## അനുബന്ധം

## 16-6-2021-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ യോഗം 2021 ജൂൺ 16-ാം തീയതി 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ, സമിതി ചെയർമാനും ബഹു.കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി ചിഞ്ചുറാണി ഹാജരായിരുന്നു. താഴെപ്പറയുന്ന സമിതിയംഗങ്ങൾ നേരിട്ടും ശ്രീ.പി.ജെ. ജോസഫ് വീഡിയോ കോൺഫറൻസ് മുഖേനയും യോഗത്തിൽ പങ്കെടുത്തു.

1. ശ്രീ.പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ.കെ.പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
5. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ.ജി. ജയകുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. ബോബി ആന്റണി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീമതി ഷൈനി ജോർജ്ജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്
3. ശ്രീമതി ലക്ഷ്മി രഘുനാഥൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീമതി എ.ആർ.ബിന്ദു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ.എ.സാജൻ, ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്
6. ശ്രീ.എ. നിസാമുദ്ദീൻ, കമ്മീഷണർ, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്

7. ശ്രീ.പി.എച്ച്. അഷ്റഫ്, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ

8. ശ്രീ.ടി. പ്രദീപ് കുമാർ, ഡയറക്ടർ (പ്ലാനിംഗ്), കേരള കാർഷിക സർവ്വകലാശാല

9. ശ്രീ.വി.എസ്. സക്കീർ ഹുസൈൻ, കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല

10. ശ്രീ.വി.ശിവരാമകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ (ഇൻ ചാർജ്ജ്), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

11. ശ്രീമതി വി.ആർ. സോണിയ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

12. ശ്രീ.എസ്.ബിജു, അഡീഷണൽ ഡയറക്ടർ (സോയിൽ കൺസർവേഷൻ), മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്.

13. ശ്രീമതി കെ.രാധ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

14. ശ്രീ.എസ്.എസ്.ശ്രീരാജ്, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്

15. ശ്രീമതി എ.ചാന്ദിനി, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

16. ശ്രീമതി എസ്. ബീന, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

17. ശ്രീമതി വി.പി. പ്രിയ, അസിസ്റ്റന്റ് ഡയറക്ടർ, പട്ടികജാതി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്

18. ശ്രീ.ഇ.പി. രാജ്മോഹൻ, സ്പെഷ്യൽ ആഫീസർ, കാസർഗോഡ് വികസന പാക്കേജ്

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നേരിട്ടും ശ്രീമതി ഇഷിത റോയ്, സെക്രട്ടറി, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, ശ്രീ.എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി കൃഷി വകുപ്പ് എന്നിവർ വിഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുത്തു.

സമിതി 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX(ഭക്ഷ്യം), XXXIX (വൈദ്യുത പദ്ധതികൾ) എന്നിവ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ രൂപീകൃതമായ സബ്ജക്ട് കമ്മിറ്റി I-ന്റെ ആദ്യ യോഗത്തിന്റെ ഔപചാരികമായ യോഗ നടപടികൾ ആരംഭിക്കുന്നതിന് മുൻപ് സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്വയം പരിചയപ്പെടുത്തി.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട്, സമിതി പരിഗണിക്കുന്ന ധനാഭ്യർത്ഥനകളിൽ XXIX -ൽ ആറും XXX-ൽ നാലും XXXIX-ൽ 2-ഉം ശീർഷകങ്ങൾ സമിതിയുടെ പരിഗണനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ടെന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സെക്രട്ടറി ആമുഖമായി പറഞ്ഞു. കൂടാതെ, കൃഷി വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യ ബന്ധനം, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുടെ സംയുക്ത സഹകരണത്തോടെ നടപ്പിലാക്കുന്ന സുഭിക്ഷകേരളം പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിക്കണമെന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള മാച്ചിംഗ് ഗ്രാന്റ് അനുവദിക്കണമെന്നും 1066 കൃഷിഭവനുകൾ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റുന്നതിനും ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനം യാഥാർത്ഥ്യമാക്കുന്നതിനും 10 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സെക്രട്ടറി അഭ്യർത്ഥിച്ചു.

2401-00-001-88—<u>മലബാർ മാർക്കറ്റ് കമ്മറ്റിക്കുള്ള സഹായം</u>

മലബാർ മാർക്കറ്റ് കമ്മിറ്റിയിലെ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മലബാർ മാർക്കറ്റ് കമ്മിറ്റിയുടെ ആസ്തികൾ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാമെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

2401-00-001-86-99—<u>ഓഫീസ് ഓട്ടോമേഷൻ ആന്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ വിവരസാങ്കേതികവിദ്യ</u>

കേരളമൊട്ടാകെയുള്ള ഓഫീസുകളിലെ കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും കേടുപാടുകൾ തീർക്കുന്നതിനും നെറ്റ് വർക്കിംഗ് നടത്തുന്നതിനുമായി, ബജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ സൈബർ എക്സ്റ്റെൻഷൻ ഘടകത്തിന് ടി ശീർഷകത്തിൽ 30 ലക്ഷം രൂപയും AIMS സോഫ്റ്റ്‌വെയർ വികസനത്തിനായി ഡെവലപ്മെന്റ് ഓഫ് എം.ഐ.എസ് & ഡി.ബി.റ്റി. എന്ന ഘടകത്തിലെ

എസ്.എം.എസ്. സപ്പോർട്ട് ഫോർ സോഫ്റ്റ്‌വെയർ ക്ലസ്റ്റേഴ്സ് എന്ന ഉപഘടകത്തിനായി 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-102-90—<u>ഗ്രൂപ്പ് ഫാമിംഗ് മുഖേന നെൽകൃഷി വികസനം</u>

സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ജില്ലകൾ ആവശ്യപ്പെട്ട തുക നൽകുന്നതിനായി 3368 ലക്ഷം രൂപയും, കരനെൽ കൃഷി വികസനത്തിനും വ്യാപനത്തിനുമായി 81 ലക്ഷം രൂപയും നെല്ലിന്റെ ജൈവ വൈവിധ്യം നിലനിർത്തുന്നതിനും പരമ്പരാഗത നെല്ലിനങ്ങൾ അന്യം നിന്നു പോകുന്നത് ഒഴിവാക്കുന്നതിനും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കൃഷി വകുപ്പിന്റെ പദ്ധതിക്കായി 56 ലക്ഷം രൂപയും നെൽകൃഷി വിസ്തൃതി വ്യാപിപ്പിക്കുന്നതിനായി തരിശുനിലം കൃഷിയോഗ്യമാക്കുന്നതിനായി 40 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 35.45 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-87—<u>നാളികേര വികസനം</u>

ഒരു വർഷം 15 ലക്ഷം നാളികേരത്തൈകൾ ഉല്പാദിപ്പിച്ച് 50% സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ സാധിക്കത്തക്ക വിധത്തിൽ വിഭാവനം ചെയ്തിരിക്കുന്ന നാളികേര വികസന പദ്ധതിയിൽ, കൂടുതൽ വിത്തുതേങ്ങ സംഭരിക്കുന്നതിനായാണ് അധികതുക ആവശ്യപ്പെട്ടിരിക്കുന്നതെന്ന് കൃഷി അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

കർഷകർക്ക് വിതരണം ചെയ്യുന്ന വ്യത്യസ്ത ഇനം തെങ്ങിൻതൈകളെക്കുറിച്ചും കേരഗ്രാമം പദ്ധതിയെക്കുറിച്ചും അന്വേഷിച്ച സമിതിയോട്, കേരളത്തിലെ ഏറ്റവും നല്ല വിത്തുതേങ്ങ സംഭരിക്കുന്ന കുറ്റ്യാടി മേഖലയിൽ നിന്നുള്ള WCT, പൊക്കം കുറഞ്ഞ ഇനം, T*D എന്നീ വ്യത്യസ്ത ഇനം തൈകൾ വിതരണം ചെയ്യുന്നുവെന്നും കേരഗ്രാമം പദ്ധതി എല്ലാവർഷവും പൂർണ്ണ ഫലപ്രാപ്തി കൈവരിച്ചുകൊണ്ട് തുടരുന്നുവെന്നും കൃഷി അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

കേരളത്തിലെ അനുഗ്രഹീത കാലമായ തിരുവാതിര, പുണർതം ഞാറ്റുവേല കാലയളവിനുള്ളിൽ തൈകളുടെ വിതരണം പൂർത്തീകരിക്കാൻ സാധിക്കുമോ എന്ന സമിതിയുടെ അന്വേഷണത്തിന് രണ്ട് ഞാറ്റുവേലയും പരിഗണിച്ച് തൈ വിതരണം കാര്യക്ഷമമായി നടത്തുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

വിത്ത് തേങ്ങാ സംഭരണ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-103-75—ലൊക്കേഷൻ സ്പെസിഫിക് സ്കീം

വെറ്റില, വെളുത്തുള്ളി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 50 ലക്ഷം രൂപയും മറയൂർ കരിമ്പുസംസ്കരണ യൂണിറ്റിനായി 1.4 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 51.4 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-104-91—ഡിപ്പാർട്ട്മെന്റ് കൃഷിസ്ഥലങ്ങൾ മുഖേന നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കൽ

കഴിഞ്ഞ വർഷം ഫലവൃക്ഷത്തൈകൾ സമയബന്ധിതമായി ഉൽപ്പാദിപ്പിക്കുവാൻ സാധിച്ചില്ലെന്നും ഈ വർഷം നല്ലയിനം തൈകൾ ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും ആയത് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും കൃഷി അഡീഷണൽ ഡയറക്ടർ അറിയിച്ചു.

സുഭിക്ഷ കേരളം പദ്ധതിയിൽ കൂടുതലായി ആവശ്യം വരുന്ന നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 7.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2401-00-105-85—ഓർഗാനിക് ഫാമിംഗ്

കരാർ ജീവനക്കാരുടെ വേതനം മാറുന്നതിനുള്ള തുക 62.2719 ലക്ഷം രൂപയും ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള മറ്റു ചെലവുകൾക്ക് 2 ലക്ഷം രൂപയും കുട്ടനാട് വരി നെല്ല് നിയന്ത്രണവുമായി ബന്ധപ്പെട്ട് 2019-20 -ലെ ക്യൂ ബിൽ തുകയായ 174.31850 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.3859 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉത്തമകൃഷി രീതികളെക്കുറിച്ച് അന്വേഷിച്ച സമിതിയോട്, ഹാനികരമല്ലാത്തതും വിഷാംശം കുറഞ്ഞതുമായ ഇൻഓർഗാനിക് ഫെർട്ടിലൈസർ ഉപയോഗിച്ച് നടത്തുന്ന കൃഷിരീതിയാണ് ഉത്തമ കൃഷിയെന്നും രാസവളം ഉപയോഗിക്കാതെ നിരവധി വർഷം ഫലപ്രദമായ രീതിയിൽ വിളവ് ലഭ്യമാകുമെന്ന് കർഷകരെ ബോധ്യപ്പെടുത്തുവാൻ ക്ലസ്റ്ററടിസ്ഥാനത്തിലുള്ള കൃഷി മുഖേന സാധിക്കുമെന്നും നൂറ് ദിവസത്തിനുള്ളിൽ

25000 ഹെക്ടർ സ്ഥലത്ത് ക്ലസ്റ്ററടിസ്ഥാനത്തിൽ ജൈവകൃഷി ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുവെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. മലപ്പുറം ജില്ലയിലെ തിരൂർ ഭാഗത്ത് ജൈവവളം മാത്രം ഉപയോഗിച്ച് കൃഷി ചെയ്യുന്ന നാളികേരത്തിന്റെ കാമ്പിന് കട്ടി കൂടുതലാണെന്ന് നിരീക്ഷിച്ച സമിതി ഇക്കാര്യം വകുപ്പുതലത്തിൽ പഠനവിധേയമാക്കണമെന്ന് നിർദ്ദേശം നൽകി.

2401-00-109-84—<u>കാർഷിക വിജ്ഞാനവും വ്യാപനവും</u>

കേരള കർഷകൻ മാസികയുടെ അച്ചടി, ട്രാൻസ്പോർട്ടേഷൻ, തപാൽ ചെലവുകൾക്കായി 199.076 ലക്ഷം രൂപയും, നിലവിൽ അനുവദിച്ച 30 ലക്ഷം രൂപയ്ക്കു പുറമേ 20 ലക്ഷം രൂപയും, മീഡിയ ലെയ്സണിനും മറ്റ് വിവര വിനിമയ പ്രവർത്തനങ്ങൾക്കുമായി 108.12016 ലക്ഷം രൂപയും ഉൾപ്പെടെ 3.2719 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-80—<u>കാർഷിക വ്യാപനം ശക്തിപ്പെടുത്തൽ</u>

ലീഡ്സിന്റെ പ്രവർത്തനങ്ങൾക്കും 9 ടെക്നോളജി മാനേജർമാരുടെയും 134 ഫീൽഡ് അസിസ്റ്റന്റുമാരുടെയും ഡാറ്റാ എൻട്രി ഓപ്പറേറ്ററുടെയും ശമ്പളം നൽകുന്നതിനുമായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 74.2388 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-73—<u>ആത്മ കോൾ സെന്ററുകൾ (ഒറ്റത്തവണ അധിക കേന്ദ്രസഹായം)</u>

ആത്മ കോൾ സെന്ററിന്റെ പ്രവർത്തനത്തിനായി 74.25 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-61-(01)—<u>രാഷ്ട്രീയ കൃഷി വികാസ് യോജന 100% സി.എസ്.എസ്.</u>

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിഹിതമായി അനുവദിച്ച തുക അപര്യാപ്തമായതിനാലും ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ സാമൂഹ്യ സുരക്ഷാ ഫണ്ടിൽ നിന്നും മുൻ വർഷങ്ങളിൽ പിൻവലിച്ച തുകയായ 568.75 ലക്ഷം രൂപ ഈ ശീർഷകത്തിൽ നിന്നും തിരികെ നൽകുന്നതിന് ഉത്തരവായതിനാലും പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.8214 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-61-(02)—<u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം</u>

2021-22 വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിന് നീക്കിവയ്ക്കുന്നതിനായി 203.4134 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-61-(04)—<u>തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം</u>

2021-22 വർഷം കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിന് നീക്കി വയ്ക്കുന്നതിനായി 19.2863 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-109-60—<u>കൃഷി പാഠശാല-അഗ്രോ ഇക്കോളജിക്കൽ അധിഷ്ഠിത കൃഷി സമീപനം</u>

കാർഷിക ആവാസ യൂണിറ്റടിസ്ഥാനത്തിലുള്ള കൃഷി എന്ന ആശയത്തെ സംബന്ധിച്ച് കർഷകർക്ക് അവബോധം ഉണ്ടാക്കുന്നതിനും നൈപുണ്യ പരിശീലന പരിപാടി എല്ലാ കൃഷി ഭവനുകളിലും വ്യാപിപ്പിക്കുന്നതിനുമായി 3.1427 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-110-82—<u>പുനഃസ്ഥാപിക്കപ്പെട്ട സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി</u>

പ്രകൃതി ദുരന്തങ്ങൾ നിരന്തരം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയ്ക്കായി 20 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-113-83—<u>കാർഷിക സേവന കേന്ദ്രവും സേവനം എത്തിക്കലും</u>

ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് വേതനം, ഹോണറേറിയം, മറ്റേർണിറ്റി ആനുകൂല്യം, നിരക്കിൽ വന്ന വർദ്ധനവ് എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 2.20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-115-99—<u>ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി</u>

KSEB-യ്ക്ക് നൽകാനുള്ള കുടിശ്ശിക തുക നൽകുന്നതിനായി 84.4413 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-85—<u>കൃഷി വകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം</u>

50% സബ്സിഡി നിരക്കിൽ കൃഷിഭവൻ മുഖേന നടപ്പിലാക്കുന്ന മഴമറയ്ക്കായി കഴിഞ്ഞ വർഷം 1 ലക്ഷം സ്ക്വയർമീറ്ററാണ് ഉണ്ടായിരുന്നതെന്നും ഈ വർഷം രണ്ട് ലക്ഷം സ്ക്വയർമീറ്റർ ആക്കുന്നതിനായിട്ടാണ് അധിക തുക ആവശ്യമായി വരുന്നതെന്നും കൃഷിവകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചു.

1000 അധിക മഴമറകൾക്കുവേണ്ടി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-79 —<u>ഔഷധ സസ്യങ്ങളുടെയും പഴം, പൂവ് എന്നിവയുടെയും വികസനം</u>

പുഷ്പങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും ഫലവൃക്ഷത്തൈകൾക്കുള്ള മോണിറ്ററിംഗ്, പരിശീലനം, ട്രാൻസ്പോർട്ടേഷൻ, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 3311 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 33.61 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-78—<u>കുട്ടനാട്ടിലെ കൃഷി സെക്ടറുകളുടെ വികസനം</u>

വെർട്ടിക്കൽ ആക്സിൽ ഫ്ലോ പമ്പുകളുടെ വിതരണവും ഇൻസ്റ്റലേഷനും ആർ ബ്ലോക്ക് കായൽ പാടശേഖരത്തിൽ ഡീ-വാട്ടറിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 7.7474 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-119-77—<u>കേരള ഫാം ഫ്രഷ് പഴം, പച്ചക്കറി</u>

കോവിഡ് വ്യാപനം മൂലം കേരളത്തിലെ കപ്പയുടെ വിപണനം കുറഞ്ഞ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് വില വ്യത്യാസം നൽകുന്നതിനായി 5 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-190-92—<u>നാളികേര വികസന കോർപ്പറേഷനുള്ള ധനസഹായം</u>

ബഡ്ജറ്റ് പ്രഖ്യാപനപ്രകാരം അനുവദിച്ച തുകയിൽ ഇനിയും ലഭിക്കാനുള്ള 1.9999 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-191-50—<u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (കോർപ്പറേഷൻ)</u>

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 66.51 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൃഷിഭവൻ അടിസ്ഥാനത്തിൽ ഉൽപ്പാദന ബോണസ് വിതരണം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ കർഷകരുടെ എണ്ണത്തിനനുസരിച്ച് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടെന്നും ആയതിനാൽ കുട്ടനാട് ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളിലും സമയബന്ധിതമായും കൃത്യതയോടെയും ബോണസ് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഈ ശീർഷകത്തിൽ 97.2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-192-50—<u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുനിസിപ്പാലിറ്റി)</u>

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി 3.0534 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-198-50 —<u>റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്ത്)</u>

മുൻ വർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ 41.9156 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൃഷിഭവൻ അടിസ്ഥാനത്തിൽ ഉല്പാദന ബോണസ് വിതരണം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ കർഷകരുടെ എണ്ണത്തിനുസരിച്ച് ആനുകൂല്യം ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ടെന്നും ആയതിനാൽ കുട്ടനാട് ഉൾപ്പെടെയുള്ള എല്ലാ പ്രദേശങ്ങളിലും സമയബന്ധിതമായും കൃത്യതയോടെയും ബോണസ് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി.

2401-00-789-84-01—<u>രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്.</u>

രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതിയിലേയ്ക്കുള്ള സംസ്ഥാന സർക്കാർ വിഹിതമായി 5.5347 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-84-02—കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം

പ്രസ്തുത ഘടക പദ്ധതിയിലേക്ക് കേന്ദ്ര-സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 22.8519 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-789-84-04—<u>തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം</u>

പ്രസ്തുത വാർഷിക പദ്ധതിയിലെ ഘടകപദ്ധതിയുടെ പൂർത്തീകരണത്തിനായി 2.167 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-85-01—<u>രാഷ്ട്രീയ കൃഷി വികാസ് യോജന 60% സി.എസ്.എസ്.</u>

പ്രസ്തുത പദ്ധതിക്കായി 1.4648 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-85-02—<u>കാർഷിക യന്ത്രവൽക്കരണ ഉപദൗത്യം</u>

2021-22-ൽ കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിലെ പട്ടികവർഗ്ഗ ഉപ പ്രത്യേക ഘടക പദ്ധതിക്ക് നീക്കിവയ്ക്കുന്നതിനായി 2.2842 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-796-85-04—<u>തോട്ട കൃഷിക്കായുള്ള സംയോജിത വികസന ദൗത്യം</u>

2021-22-ൽ കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ച വാർഷിക പദ്ധതിയിലെ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് നീക്കിവയ്ക്കുന്നതിനായി 21.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2401-00-800-91-(34)—<u>പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി– മറ്റു ചെലവുകൾ</u>

പ്രകൃതി ദുരന്തങ്ങൾ നിരന്തരം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 70 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-004-88—<u>കടൽ നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണകേന്ദ്രം</u>

പ്രസ്തുത ഗവേഷണ കേന്ദ്രത്തിൽ സർക്കാർ അനുവദിച്ച വിവിധ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് പദ്ധതി നിർവ്വഹണത്തിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 80 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2415-01-277-98—<u>സീനിയർ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം</u>

SAMETI-യുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനുള്ള ചെലവുകൾക്കും പൂന്തോട്ടം, കദളീവന പരിപാലനം, പോളി ഹൗസ് പരിപാലനം, കരാർ ദിവസനവേതന ജീവനക്കാരുടെ വേതനം തുടങ്ങിയവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 97.2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-101-85—<u>വില സ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ</u>

കോവിഡ് വ്യാപനം മൂലം കേരളത്തിലെ കപ്പ കർഷകർ വിളവെടുത്ത ഉല്പന്നം വിൽക്കാനാവാതെ ബുദ്ധിമുട്ടുകൾ നേരിട്ട സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഹോർട്ടികോർപ്പ് മുഖേന കപ്പ സംഭരിക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുണ്ടായി. കപ്പക്ക് പ്രഖ്യാപിച്ച താങ്ങുവില AIMS Portal-ൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നതിനും രജിസ്റ്റർ ചെയ്യാത്ത കർഷകർക്ക് വില സ്ഥിരത ഫണ്ട് വഴി നൽകുന്നതിനുമായി, 10 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-800-99—<u>മാർക്കറ്റ് വികസനം</u>

ഓൺലൈൻ വിപണനം ശക്തിപ്പെടുത്തുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2435-01-800-94—<u>മൂല്യ വർദ്ധനവ്</u>

SFAC-യുടെ TP Account-ൽ നിന്നും തിരിച്ചെടുത്ത തുകയ്ക്കായി ഈ ശീർഷകത്തിൽ 72.1170 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4401-00-104-98—<u>ഡിപ്പാർട്ട്മെന്റ് കൃഷിത്തോട്ടങ്ങളിൽ നടീൽ വസ്തുക്കളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കൽ</u>

മുൻ വർഷത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി 50 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22 വർഷത്തിലെ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ് വർഷം ലഭ്യമാകുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-104-72– ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 20.0492 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22 വർഷത്തിലെ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ് വർഷം ലഭ്യമാകുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-789-83—ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി — പ്രത്യേക ഘടക പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 1.1139 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22 വർഷത്തിലെ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ പൊതു വിഭാഗത്തിലെ ഒന്നാം വർഷത്തെ രണ്ടാം ഗഡു തുക നടപ്പ് വർഷം ലഭ്യമാകുമെന്നതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-796-83– ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി

പട്ടികവർഗ്ഗ ഉപ പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 1.1139 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22-ലെ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൽ സംസ്ഥാനത്തിനായി നീക്കിവച്ച 1666.67 ലക്ഷം രൂപയിൽ പൊതുവിഭാഗത്തിനായി 1483.33 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതിനാൽ മുൻവർഷം പുതുതായി അനുവദിച്ച 2401-00-102-76—പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന പൊതുവിഭാഗം (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 14.8333 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22 വർഷം ടി പദ്ധതിയിൽ സംസ്ഥാനത്തിനായി നീക്കിവച്ച 1666.67 ലക്ഷം രൂപയിൽ പ്രത്യേക ഘടക പദ്ധതിക്കായി 166.67 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-789-82—പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന പ്രത്യേക ഘടക പദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 1.6667 കോടി രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22 വർഷം ടി പദ്ധതിയിൽ സംസ്ഥാനത്തിനായി നീക്കിവച്ച 1666.67 ലക്ഷം രൂപയിൽ പട്ടികവർഗ്ഗ ഉപ പദ്ധതിക്കായി 16.67 ലക്ഷം രൂപ നീക്കിവയ്ക്കേണ്ടതിനാൽ മുൻ വർഷം പുതുതായി അനുവദിച്ച 2401-00-796-81—പ്രധാനമന്ത്രി കൃഷി സിഞ്ചായീ യോജന പട്ടികവർഗ്ഗ ഉപപദ്ധതി (കേന്ദ്രാവിഷ്കൃതം) എന്ന ശീർഷകം പുനഃസ്ഥാപിച്ച് 16.67 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>പുതിയ ശീർഷകം അനുവദിക്കുന്നതിന്</u>

ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം സ്മാർട്ട് കൃഷി ഭവൻ പദ്ധതി മുഖേന കൃഷി ഭവനുകളിൽ ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ വിതരണവും വിപണനവും ആധുനീകരിക്കുവാൻ ആവശ്യമായ പ്രാഥമിക ചെലവുകൾക്കായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പരാമർശിച്ചിട്ടുള്ളതിൻ പ്രകാരം കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ സേവന ശൃംഖല സംസ്ഥാനത്ത് 2 ജില്ലകളിൽ ആരംഭിക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പുതിയ തലമുറയ്ക്ക് കാർഷിക വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ ബയോ-റിസോഴ്സ്-കം-അഗ്രോസെന്ററിന് ഫണ്ട് അനുവദിച്ചെങ്കിലും ഇതുവരെ ലഭിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി ആയതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. നെൽകൃഷി മേഖലയിൽ രണ്ടാമത് വിത്ത് വിതയ്ക്കുന്ന കർഷകർക്ക് അധിക ധനസഹായം നൽകുന്നത് ദുരുപയോഗം ചെയ്യുന്നുണ്ടെന്നും അപ്രകാരമുള്ള പ്രവർത്തികൾ തടയുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സമിതി ചെയർമാൻ പറഞ്ഞു.

<u>കേരള കാർഷിക സർവ്വകലാശാല</u>

2415-01-277-99-31—<u>കേരള കാർഷിക സർവ്വകലാശാല സഹായധനം—ശമ്പളം</u>

ജീവനക്കാരുടെ ഡി.എ. കുടിശ്ശിക, പെൻഷൻകാർക്ക് അനുവദിക്കേണ്ട DR കുടിശ്ശിക, ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് നൽകേണ്ട കുടിശ്ശിക, 2020-21 വിഹിതത്തിന്റെ അപര്യാപ്തത, 2021-22 സാമ്പത്തിക വർഷത്തിൽ ഉണ്ടായേക്കാവുന്ന പദ്ധതിയേതര ബാധ്യതകൾ എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 69.07 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്</u>

2402-00-001-99—<u>ഡയറക്ടറാഫീസും ജില്ലാ ഓഫീസുകളും</u>

ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിനായി 6.30 കോടി രൂപ ഈ ശീർഷകത്തിൽ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2402-00-102-87—<u>മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ</u>

മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പൂർത്തീകരണത്തിനായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2551-01-104-99—<u>പശ്ചിമഘട്ടത്തിന്റെ സംയോജിത വികാസം-പരിസ്ഥിതി സംരക്ഷണവും ജൈവ വൈവിധ്യങ്ങളുടെ പുനഃസ്ഥാപനവും പ്രകൃതി വിഭവങ്ങളുടെ പരിപാലനവും</u>

2014-15 വർഷത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ പൂർത്തീകരണത്തിനും സ്പിൽ ഓവർ ബാധ്യതകൾക്കുമായി 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4551-01-800-98—<u>മലയോര വികസന ഏജൻസി (ആർ.ഐ.ഡി.എഫ്)</u>

സ്പിൽ ഓവർ ബാധ്യതകൾക്കായി അധികമായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം**

2402-00-001-94(31)—<u>കേരള സംസ്ഥാന ബഹിദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (KSREC) സഹായധനം - ശമ്പളം</u>

സെന്ററിലെ സ്ഥിര ജീവനക്കാരുടെ ശമ്പളവും അനുബന്ധ ചെലവുകളും നിർവ്വഹിക്കുന്നതിനായി 50.08 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്</u>

2551-60-101-97—<u>കാസർഗോഡ് പാക്കേജ്</u>

മുൻ വർഷങ്ങളിൽ ഭരണാകേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ അനുമതി ലഭിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി 46.68 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ**

2408-02-190-98—<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം</u>

പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനായി 1.10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-101-98—<u>ഗോഡൗണുകളുടെയും കാർഷിക സമുച്ചയത്തിന്റെയും നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ നൽകുന്ന സഹായം</u>

പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറയിൽ ഗോഡൗണും അഗ്രി. കോംപ്ലക്സും പണിയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി 40 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4408-02-190-99—<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക്</u>

2013-14, 2014-15, 2015-16, 2016-17, 2018-19, 2019-20, 2020-21 വർഷങ്ങളിൽ പദ്ധതിയിട്ടിരുന്ന ഗോഡൗണുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനും സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത വർഷങ്ങളിലെ ഓഹരി മൂലധനം ലഭിക്കുന്നതിനുമായി Share Capital ഇനത്തിൽ വകയിരുത്തിയ ഓഹരി മൂലധനം (ഓരോ വർഷവും 50 ലക്ഷം രൂപ വീതം) ആകെ 3.25 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. ഇനിയും പണി പൂർത്തീകരിക്കാത്ത ഗോഡൗണുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

6408-02-190-98—<u>RIDF XVII-നു കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ</u>

പാലക്കാട് ജില്ലയിലെ മുതലമട, കൊഴിഞ്ഞാമ്പാറ, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ, കൊല്ലം ജില്ലയിലെ ശാസ്താംകോട്ട, ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ഹരിപ്പാട് എന്നിവിടങ്ങളിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗോഡൗണുകൾ നിർമ്മിക്കുന്നതിനായി 7 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്ത മൃഗസംരക്ഷണ വകുപ്പ് മന്ത്രിയും സമിതി അംഗങ്ങളായ ശ്രീ. പി. പി. ചിത്തരഞ്ജൻ, ശ്രീ. പി. ജെ. ജോസഫ്,

ശ്രീ. സി. എച്ച്. കുഞ്ഞമ്പു, ശ്രീ. കെ.പി. മോഹനൻ, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. മുരളി പെരുനെല്ലി എന്നിവർക്കും ബഹു. ചെയർമാൻ നന്ദി രേഖപ്പെടുത്തി. ലോക്ക് ഡൗണിന്റെ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിലും സമിതിയ്ക്കാവശ്യമായ കുറിപ്പുകളും റിപ്പോർട്ടുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥരെയും ബഹു. ചെയർമാൻ അഭിനന്ദിക്കുകയും സമിതിയോഗത്തിൽ പങ്കെടുത്ത എല്ലാ വിഭാഗത്തിലെയും ജീവനക്കാർക്ക് നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സമിതിയോഗം ഉച്ചയ്ക്ക് 1.10 ന് അവസാനിച്ചു.

## 22-6-2021-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2021 ജൂൺ 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു.കൃഷി വകുപ്പുമന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു.മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണിയും ബഹു. മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. സജി ചെറിയാനും ചുവടെ ചേർത്തിരിക്കുന്ന സമിതി അംഗങ്ങൾ നേരിട്ടും ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ. വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുത്തു.

1. ശ്രീ.അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ.പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
3. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
4. ശ്രീ.കെ.പി. മോഹനൻ, എം.എൽ.എ.
5. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
6. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ജി. ജയകുമാർ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
2. ശ്രീ. വി. സുശീൽ കുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി സി.എ. ലത, ഡയറക്ടർ, ഫിഷറീസ് വകുപ്പ്
4. ശ്രീ. എസ്.എം. സാബു, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
5. ശ്രീമതി മിനി രവീന്ദ്രദാസ്, ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
6. ഡോ.ലോറൻസ് ഹറോൾഡ്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
7. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
8. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്
9. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്
10. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്
11. ശ്രീമതി എൻ.എസ്. ശ്രീലു, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
12. ശ്രീ. കെ. ശശികുമാർ, ജോയിന്റ് ഡയറക്ടർ, ക്ഷീര വികസന വകുപ്പ്
13. ശ്രീമതി സ്മിത ആർ.നായർ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
14. ശ്രീ.ബി. ഇഗ്നേഷ്യസ് മാൻട്രോ, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
15. ശ്രീ.എസ്.അനിൽകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്
16. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്
17. ശ്രീ.എൻ.ജി. സുധീർ, മാനേജർ, കേരള ഫീഡ്സ് ലിമിറ്റഡ്
18. ശ്രീമതി ജെ. ശോഭ, ഡെപ്യൂട്ടി മാനേജർ, ഡയറക്ടറേറ്റ് ഓഫ് ഫിഷറീസ്

മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ നേരിട്ടും ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ് വിഡിയോ കോൺഫറൻസ് മുഖേനയും യോഗത്തിൽ പങ്കെടുത്തു.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം), XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ സംബന്ധിച്ച് വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ സൂക്ഷ്മ പരിശോധന നടത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു.

## ധനാഭ്യർത്ഥന നം. XXXI (മൃഗസംരക്ഷണം)

2403-00-001-99—ഭരണവും നടത്തിപ്പും

ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-001-98—ജില്ലാ ഭരണം

മൃഗസംരക്ഷണ വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ജീവനക്കാർക്ക് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, നൽകുന്നതിനുവേണ്ടി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-99—കന്നുകാലി പ്ലേഗ് രോഗ നിർമ്മാർജ്ജനം

കന്നുകാലി പ്ലേഗ രോഗ നിർമ്മാർജ്ജനത്തിനായി പ്രവർത്തിക്കുന്ന ഓഫീസുകളുടെ വെള്ളക്കരം, വാടക, നികുതി മെഡിക്കൽ റീഇംബേഴ്സ്മെന്റ് എന്നിവ നൽകുന്നതിന് ഈ ശീർഷകത്തിൽ 2.10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-98—ആശുപത്രികളും ഡിസ്പെൻസറികളും

ആശുപത്രികളിലേയും ഡിസ്പെൻസറികളിലെയും ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 2.10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97—<u>മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും</u>

മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും എന്ന ശീർഷകത്തിലെ, പദ്ധതിയിനത്തിൽ കർഷകർക്ക് നഷ്ടപരിഹാരം എന്ന ഘടകത്തിൽ, കൂടുതൽ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-97—<u>മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും</u>

ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-101-71—<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം</u>

രാത്രികാലങ്ങളിൽ മൃഗചികിത്സയ്ക്കായി നിലവിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകാത്ത സാഹചര്യമാണുള്ളതെന്നും പല സ്ഥലങ്ങളിലും വെറ്ററിനറി ഡോക്ടർമാരുടെ അപര്യാപ്തതയുള്ളതിനാൽ വകുപ്പിൽ നിന്നും റദ്ദ് ചെയ്യപ്പെട്ട 52 പോസ്റ്റുകൾ പുനഃസ്ഥാപിക്കണമെന്നും സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും വർഷം മുഴുവനും ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 3.03 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-99—<u>ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ</u>

കന്നുകാലി വികസന പ്രോജക്ടുകൾക്കായി പ്രവർത്തിക്കുന്ന പ്രാദേശിക സെന്ററുകളിലും സബ് സെന്ററുകളിലും പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3.20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-97—<u>ലൈവ് സ്റ്റോക്ക് ഫാമുകൾ</u>

കുടപ്പനക്കുന്ന് പ്രവർത്തിക്കുന്ന കന്നുകാലി ഫാമിലെയും ചെറ്റച്ചൽ, കുരിയോട്ടുമല, വിതുര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഫാമുകളിലെയും ജീവനക്കാരുടെ മെഡിക്കൽ

റീ-ഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96—<u>വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള കൃത്രിമ ബീജദാന പരിപാടിയുടെ ബീജത്തിനുള്ള ചെലവായി കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന് നൽകുന്നതിനായി പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-96—<u>വർഗ്ഗ സങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u>

പ്രാദേശിക മൃഗപരിപാലന കേന്ദ്രങ്ങൾ 9-ാം പദ്ധതിയിലാരംഭിച്ച ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ, അവയുടെ കീഴിലുള്ള പ്രാദേശിക സെന്ററുകൾ, സബ്സെന്ററുകൾ എന്നിവയിലെ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി പദ്ധതിയേതര ഇനത്തിൽ ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-81—<u>ഡിപ്പാർട്ട്മെന്റ് ഫാമുകൾ ശക്തിപ്പെടുത്തൽ</u>

പ്രസ്തുത ശീർഷകത്തിൽ വകുപ്പിൽ നിന്നും അധിക തുക ആവശ്യപ്പെട്ടിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി, വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും വളരെ പ്രാധാന്യമർഹിക്കുന്ന വിഷയമാണെന്നും നിരവധി പേർക്ക് തൊഴിൽ ലഭ്യമാകുന്ന ഇത്തരം സംരംഭങ്ങൾ ആരംഭിക്കുമ്പോൾ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം ഉണ്ടാകുമെന്നും സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുമെന്നും വിലയിരുത്തി.

മൃഗസംരക്ഷണ വകുപ്പിനു കീഴിലുള്ള ഫാമുകളുടെ യന്ത്രവൽക്കരണം, തീറ്റ, തീറ്റപ്പുൽ, മരുന്നുകൾ, പാരന്റ് സ്റ്റോക്ക് എന്നിവ വാങ്ങുന്നതിനായും അടിസ്ഥാന സൗകര്യ വികസനത്തിനായും ഈ ശീർഷകത്തിൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-79—<u>പ്രത്യേക കന്നുകാലി വികസന പദ്ധതി</u>

കന്നുകുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥൻമാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-102-78 —<u>R.K.V.Y. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി</u>

ഗോവർദ്ധിനി പദ്ധതിയിൽ പുതിയതായി 24,000 പശുക്കുട്ടികളെ കൂടി ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 15 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കന്നുകാലി വികസന പദ്ധതിയും ഗോവർദ്ധിനി പദ്ധതിയും തമ്മിലുള്ള വ്യത്യാസം ആരാഞ്ഞ സമിതിയ്ക്ക്, രണ്ട് പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പദ്ധതികളാണെന്നും കന്നുകുട്ടി പരിപാലന പദ്ധതിയിൽ 25% സബ്സിഡി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 25% വകുപ്പും നല്കുന്നുവെന്നും ഗോവർദ്ധിനി പദ്ധതിയിൽ 50% സബ്സിഡി, വകുപ്പ് ആണ് കർഷകർക്ക് നല്കുന്നതെന്നും മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ മറുപടി നല്കി.

2403-00-103-99—കോഴിവളർത്തൽ കേന്ദ്രങ്ങൾ

മൃഗസംരക്ഷണ വകുപ്പിലെ കോഴിവളർത്തൽ കേന്ദ്രങ്ങളുടെയും സെൻട്രൽ ഹാച്ചറികളുടെയും കെട്ടിട നികുതി അടയ്ക്കുന്നതിനായി ഈ ശീർഷകത്തിൽ 1 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-98—<u>ഊർജ്ജിത കോഴിവളർത്തൽ വികസന ബ്ലോക്കുകൾ</u>

ഊർജ്ജിത കോഴിവളർത്തൽ കേന്ദ്രത്തിലെ സ്റ്റാഫിനുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ്, വാടക കുടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-103-96—<u>താറാവുവളർത്തൽ കേന്ദ്രം</u>

നിരണത്ത് പ്രവർത്തിക്കുന്ന താറാവ് വളർത്തൽ കേന്ദ്രത്തിന്റെ കെട്ടിട നികുതി ഒടുക്കുന്നതിനായി ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-105-99—<u>പന്നിവളർത്തൽ വികസന പദ്ധതി</u>

പന്നിവളർത്തൽ വികസന പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 50,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2403-00-108-97—<u>സമഗ്രമായ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി (ഗോസമൃദ്ധി)</u>

ഗോസമൃദ്ധി പദ്ധതിയിൽ കൂടുതൽ കന്നുകാലികളെ ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി ഈ ശീർഷകത്തിൽ 1.7 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ആലപ്പുഴയിലെ കുട്ടനാട്, അമ്പലപ്പുഴ എന്നീ പ്രദേശങ്ങളിലാണ് കുളമ്പുരോഗത്തിന്റെ ആരംഭമെന്നും, ആയതിന്റെ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ നിലവിലുണ്ടായിരുന്ന വാക്സിൻ ഉപയോഗിച്ച് പ്രസ്തുത പ്രദേശങ്ങളുടെ ഒന്നരകിലോമീറ്റർ പരിധിയിൽ റൗണ്ട് വാക്സിൻ നല്കിയെന്നും വകുപ്പ് മന്ത്രി അറിയിച്ചു. കേരളത്തിനുപുറത്തുനിന്നും കൊണ്ടു വരുന്ന കന്നുകാലികളിൽ നിന്നാണ് കുളമ്പുരോഗം വ്യാപിക്കുന്നതെന്ന് മനസ്സിലാക്കിയ സമിതി, ചരക്ക് സേവന നികുതി നിയമം നടപ്പിൽ വന്നതിന് ശേഷം സംസ്ഥാനത്തെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയാണെന്നും അവ മൃഗസംരക്ഷണ വകുപ്പിന് കൈമാറിയാൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കന്നുകാലികളെ പരിശോധിച്ച് ക്വാറന്റൈൻ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉപയോഗപ്പെടുത്താൻ കഴിയുമെന്നും നിരീക്ഷിച്ച സമിതി, അപ്രകാരമുള്ള നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തികരിക്കുവാൻ മൃഗസംരക്ഷണം, നികുതി, ധനകാര്യം എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നല്കി.

2403-00-113-98—<u>സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ</u>

മൃഗസംരക്ഷണ പ്രവർത്തനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ 2.3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമിതി മുൻപാകെ വകുപ്പുകൾ സമർപ്പിക്കുന്ന റിപ്പോർട്ടുകളിൽ അടിയന്തരമായി മാറ്റം വരുത്തണമെന്നും അടുത്ത സാമ്പത്തിക വർഷത്തെ സമ്പൂർണ്ണ ബജറ്റ് പ്രഖ്യാപനത്തിനു മുൻപെങ്കിലും വകുപ്പ് തലത്തിൽ പ്രത്യേക ചർച്ച നടത്തി പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി വകുപ്പുകൾക്ക് നിർദ്ദേശം നൽകി.

കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്

2403-00-190-94—കെ.എസ്.പി.ഡി.സി-ക്ക് സഹായം

തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലെ കുടുംബശ്രീ യൂണിറ്റുകളിൽപ്പെട്ട വനിതകൾക്കായുള്ള കെപ്കോ വനിതാമിത്രം പദ്ധതിയ്ക്കായി 2.5 കോടി രൂപയും വനിതാ ഗുണഭോക്താക്കൾക്ക് 100 കോഴികളെ വളർത്തുന്നതിനുള്ള കൂട്ടം 4 മാസം പ്രായമുള്ള ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിയും വിതരണം ചെയ്യുന്നതിനുള്ള കേജ് പദ്ധതിയ്ക്കായി 2 കോടി രൂപയും കുടപ്പനക്കുന്നിലെ ബ്രോയിലർ ഫാം, കൊട്ടിയത്തെയും മാളയിലെയും മുട്ടവളർത്തൽ കേന്ദ്രത്തിലെയും നിലവിലുള്ള കടകളുടെ അറ്റകുറ്റപ്പണികൾക്കായി 2 കോടി രൂപയും അനുവദിക്കണമെന്ന് ഡയറക്ടർ സമിതിയോട് അഭ്യർത്ഥിച്ചു.

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ഗ്രാമീണ വനിതകൾക്കു വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി-കെപ്കോ വനിതാ മിത്രം പദ്ധതി, കോഴിവളർത്തൽ-കേജ് സമ്പ്രദായം പദ്ധതി, ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ എന്നീ പദ്ധതികളുടെ നടത്തിപ്പിനായി ഈ ശീർഷകത്തിൽ 6.5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കെപ്കോയുടെ കീഴിലുള്ള ഫാമുകളിൽ ഓരോ മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങൾ അധികമായി ആരംഭിക്കുന്നുണ്ടോയെന്നും വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അവയുടെ ലക്ഷ്യം കൈവരിക്കുന്നതു സംബന്ധിച്ച് അവലോകനം നടത്താറുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന്, ഫാമുകളിൽ പുതിയ ഷെഡുകൾ പണിയുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾക്കുമായി ബജറ്റിൽ തുക വകയിരുക്കിയിട്ടുണ്ടെന്നും കൂടാതെ കുടപ്പനക്കുന്നിലെ ഫാമിൽ, പണികൾ പൂർത്തിയായാൽ 20 ലക്ഷം കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്നും കാസർഗോഡ് ജില്ലയിലെ മടിക്കൈ പഞ്ചായത്തിൽ 5 ഏക്കർ സ്ഥലം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. സ്കൂളുകളിലൂടെ

നടപ്പിലാക്കിയിരുന്ന പ്രോജക്ടുകളുടെ തുടർ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് സ്കൂൾ അധികൃതരെയും പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കുന്ന പ്രോജക്ടുകളുടെ അവലോകനത്തിനായി പഞ്ചായത്ത് അധികൃതരേയും ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

**കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി**

ധനാഭ്യർത്ഥന നമ്പർ XXIX – കൃഷി

2415-03-277-99-(36)—കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളേതരം

കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കേണ്ടതായ പ്രോവിഡന്റ് ഫണ്ടും അതിന്റെ പലിശയും, സർവ്വകലാശാലയിൽ നിന്നും വിരമിച്ചവർക്കു കൊടുക്കുവാനുള്ള ഡി.സി.ആർ.ജി., ടെർമിനൽ സറണ്ടർ, കമ്മ്യൂട്ടേഷൻ, പെൻഷൻ പരിഷ്കരണത്തിന് ആവശ്യമായ തുക, അധ്യാപകരുടെ യു.ജി.സി. കുടിശ്ശിക, യു.ജി.സി. റിവിഷൻ, കരിയർ അഡ്വാൻസ്മെന്റ്, പ്രൊമോഷൻ കുടിശ്ശിക, അധ്യാപകർക്കും ജീവനക്കാർക്കും, തൊഴിലാളികൾക്കും നൽകുവാനുള്ള ക്ഷാമബത്ത കുടിശ്ശിക, വിരമിച്ചവർക്ക് നൽകുവാനുള്ള ക്ഷാമാശ്വാസ കുടിശ്ശിക എന്നിവ നൽകുന്നതിനായി ഈ ശീർഷകത്തിൽ 82.7477 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ ധനാഭ്യർത്ഥന നമ്പർ നിലവിൽ കൃഷി (XXIX) -നു കീഴിലാണ് വരുന്നത്. എന്നാൽ ടി. സർവ്വകലാശാല മൃഗസംരക്ഷണ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ, ടി സ്ഥാപനത്തിന്റെ ധനാഭ്യർത്ഥന നമ്പർ മൃഗസംരക്ഷണം (XXXI)-നു കീഴിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

2403-00-190-93—എം.പി.ഐ-യ്ക്ക് സഹായം

മാംസോൽപാദന രംഗത്ത് കേരളത്തിൽ പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ (എം.പി.ഐ.) ലിമിറ്റഡ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു വേണ്ടി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ആയതിനാൽ കൊല്ലം ജില്ലയിലെ ഏരൂർ അഞ്ചൽ വാല്യൂ ആഡഡ് പ്രോസസ്ഡ് മീറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി എന്ന മാംസ

സംസ്കരണ യൂണിറ്റിനായി 1.36 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത് കിടാരി കേന്ദ്രം എന്ന പദ്ധതിയ്ക്കായി 3 കോടി രൂപയും കർഷകരിൽ നിന്നും നേരിട്ട് പക്ഷിമൃഗാദികളെ വാങ്ങാനുള്ള എം.പി.ഐ.-യുടെ കോവിഡ് - 19 സ്പെഷ്യൽ പാക്കേജ് പദ്ധതിയ്ക്കായി 5 കോടി രൂപയും ഭക്ഷ്യ സുരക്ഷ അവയർനെസ് പ്രോഗ്രാമിനായി 1 കോടി രൂപയും എം.പി.എം.-യുടെ നേരിട്ടുള്ള മീറ്റ് ഷോപ്പുകൾ തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ ഒഴികെയുള്ള 10 ജില്ലകളിൽ കൂടി സ്ഥാപിക്കൽ പദ്ധതിയ്ക്കായി 50 ലക്ഷം രൂപയും മൃഗാദികളുടെ മാലിന്യ സംസ്കരണത്തിനുള്ള റെൻഡറിംഗ് പ്ലാന്റുകൾ എല്ലാ ജില്ലയിലും എല്ലാ മുനിസിപ്പാലിറ്റി കളിലും സ്ഥാപിക്കൽ പദ്ധതിയ്ക്കായി 5 കോടി രൂപയും ഇടയാറിലെ എം.പി.ഐ. ക്യാമ്പസിൽ ഇറച്ചി മസാലപ്പൊടികൾ, ഇറച്ചി സൂപ്പ്, ബോട്ടിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനായി 1.5 കോടി രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 17.36 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണ മെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

6403-00-190-99(02)—മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (RIDF)

തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ സ്ഥാപിക്കുന്ന കാള, പോത്ത് കിടാരി കേന്ദ്രം എന്ന പദ്ധതിക്കായി RIDF വിഹിതമായി 1.87 കോടി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

MPI ലഭ്യമാക്കിയിട്ടുള്ള പ്രൊപ്പോസൽ പ്രകാരമുള്ള സംരംഭങ്ങൾ ആരംഭിച്ചാൽ എത്രപേർക്ക് തൊഴിൽ നൽകാൻ സാധിക്കുമെന്ന സമിതിയുടെ അന്വേഷണത്തിന്, നേരിട്ട് 1500 പേർക്കുള്ള തൊഴിലവസരങ്ങൾ ഉണ്ടാകുമെന്നും കൂടാതെ ഖരമാലിന്യം സംസ്ക്കരിക്കാനുള്ള റെൻഡറിംഗ് പ്ലാന്റ് പ്രവർത്തനമാരംഭിച്ചാൽ കൂടുതൽ തൊഴിലാളികളെ ആവശ്യമായി വരുമെന്നും മാനേജിംഗ് ഡയറക്ടർ സമിതിയ്ക്ക് മറുപടി നൽകി.

MPI ലാഭകരമായല്ല പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കിയ സമിതി, മാർക്കറ്റിൽ വളരെ ഡിമാന്റുള്ള ഉല്പന്നം ഉല്പാദിപ്പിക്കുന്ന സ്ഥാപനം ലാഭകരമാകാത്തതിന്റെ കാരണം അടിയന്തിരമായി പരിശോധിക്കണമെന്നും കമ്പനിയുടെ മാർക്കറ്റിംഗ് രീതികളും മറ്റും അവലോകനം നടത്തി പോരായ്മകൾക്ക് പരിഹാരം കണ്ടെത്തണമെന്നും നിർദ്ദേശം നൽകി.

കേരള ഫീഡ്സ് ലിമിറ്റഡ്

2403-00-190-86—കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം

കേരള ഫീഡ്സ് കമ്പനിയുടെ പ്രഥമ ലക്ഷ്യം ന്യായമായ വിലയ്ക്ക് ഗുണമേൻമയുള്ള കാലിത്തീറ്റ വിതരണം ചെയ്യുക എന്നതാണെന്നും സ്വന്തമായി 4 ഫാക്ടറികളുള്ള കമ്പനിയുടെ പ്രതിദിന ഉല്പാദന ശേഷി 1750 ടൺ വരുമെന്നും കർഷകർക്ക് നിശ്ചിത ശതമാനം ഡിസ്കൗണ്ട് നിരക്കിൽ കാലിത്തീറ്റ നല്കുന്നതിനും ഫാക്ടറി ലാബിന്റെ അപ്ഗ്രഡേഷനും വേണ്ടിയാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിക്കുന്നതിനാൽ കമ്പനി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെന്നും ഡയറക്ടർ അറിയിച്ചു.

ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 47.0833 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന് 2403-00-190-93 എന്ന ശീർഷകത്തിൽ അധിക തുക ആവശ്യമില്ല എന്ന് എം.ഡി സമിതിയെ അറിയിച്ചു. തുടർന്ന് KLDB നടത്തുന്ന തീറ്റപ്പുല്ല് കൃഷിയെകുറിച്ച് വിശദീകരിക്കാൻ സമിതി ആവശ്യപ്പെട്ടു.

കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡിന്റെ കീഴിലുള്ള 5 ഫാമുകളിലും അവിടത്തെ മൃഗങ്ങൾക്ക് ആവശ്യമുള്ള പുൽകൃഷി ചെയ്യുന്നുണ്ടെന്നും കൂടാതെ 50 ലക്ഷം ഹെക്ടർ പുൽത്തടം 75 പൈസാ നിരക്കിൽ കർഷകർക്ക് വിൽക്കുന്നുണ്ടെന്നും ഗുണനിലവാരം ഉറപ്പുവരുത്തിയ വിത്തുകൾ മൃഗസംരക്ഷണ വകുപ്പ് വഴിയും ക്ഷീര വികസന വകുപ്പ് വഴിയും വിതരണം ചെയ്യുന്നുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കുടുംബശ്രീ യൂണിറ്റുകൾക്ക് ഒരേക്കറിന് 16000 രൂപ നിരക്കിൽ പുൽകൃഷിക്കായി നല്കുന്നുണ്ടെന്നും തീറ്റപ്പുൽകൃഷി 100 ശതമാനവും കർഷകർ പ്രയോജനപ്പെടുത്തുന്നുണ്ടെന്നും ആയത് വളരെ ലാഭകരമായാണ് നടന്നുവരുന്നതെന്നും മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXII - ക്ഷീരവികസനം

2404-00-001-99—ഡയറക്ടറേറ്റ്

ഈ ശീർഷകത്തിൽ 01 (1) അടിസ്ഥാന ശമ്പളം ഇനത്തിൽ 20 ലക്ഷം രൂപയും, (01)(2) ക്ഷാമബത്ത ഇനത്തിൽ 10 ലക്ഷം രൂപയും, (01)(04) മെഡിക്കൽ റീഇംബേഴ്സ്മെന്റ്

ഇനത്തിൽ 6 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 1.15 ലക്ഷം രൂപയും, (06) വാടക, കരം, നികുതി ഇനത്തിൽ 6.5 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 43.65 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-98—ജില്ലാ ഭരണം

ഈ ശീർഷകത്തിൽ 01(2) ക്ഷാമബത്ത ഇനത്തിൽ 85 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 2.74 ലക്ഷം രൂപയും 02(4) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 2.22 ലക്ഷം രൂപയും (06) വാടക, കരം, നികുതി ഇനത്തിൽ 16.5 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 106.46 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-001-97—വികസന പ്രവർത്തന ഘടകങ്ങൾ

ഈ ശീർഷകത്തിൽ 02(2) ക്ഷാമബത്ത ഇനത്തിൽ 5.93 ലക്ഷവും 02(04) കൺസോളിഡേറ്റഡ് പേ ഇനത്തിൽ 36.63 ലക്ഷവും ഉൾപ്പെടെ 42.56 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-99—പശുക്കളുടെ ക്ഷീരോല്പാദന ശേഷി മെച്ചപ്പെടുത്തുന്നതിനും കൂടുതൽ പാൽ ഉല്പാദിപ്പിക്കാനുമുള്ള പദ്ധതി

വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റന്റുമാർക്ക്, ഇൻസെന്റീവ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും കന്നുകാലികളിലെ കൃത്രിമ ബീജദാനത്തിനുള്ള സെമന്റെ വിലയുമായുള്ള ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 9.10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-96—ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ

ക്ഷീരകർഷകർക്ക് കുളമ്പ് രോഗമുൾപ്പെടെയുള്ള പ്രതിസന്ധികൾ നേരിടുന്നതിന് അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനായി ഈ ശീർഷകത്തിൽ 1.8 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-79—<u>കാലിത്തീറ്റക്കുള്ള സബ്സിഡി</u>

കോവിഡ്-19 മഹാമാരിമൂലം പ്രതിസന്ധി നേരിടുന്ന ക്ഷീര മേഖലയ്ക്ക് ഒരു കൈത്താങ്ങ് എന്ന നിലയിൽ കാലിത്തീറ്റയ്ക്ക് പ്രത്യേക സബ്സിഡി പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കാലിത്തീറ്റ സബ്സിഡി കൂടാതെ കന്നുകാലികൾക്ക് ധാതുലവണ മിശ്രിതം, വിറ്റാമിൻ സപ്ലിമെന്റ് എന്നിവ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി, ക്ഷീര സംഘങ്ങൾ മുഖാന്തിരം സബ്സിഡി നിരക്കിൽ പച്ചപ്പുൽ/ വൈക്കോൽ വിതരണ പദ്ധതി എന്നിവയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി നിലവിൽ അനുവദിച്ചിരിക്കുന്ന ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 73.87 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-77—<u>കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോല്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉല്പാദനവും സൂക്ഷിക്കലും</u>

കൂടുതൽ തീറ്റപ്പുൽ കൃഷി പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 90 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-76—<u>ക്ഷീര കർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ധനസഹായം</u>

ക്ഷീര കർഷകക്ഷേമനിധി അംഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-75—<u>കന്നുകാലിത്തീറ്റ കൃഷി-വലിയ തുറ സ്വീവേജ് ഫാം</u>

സ്റ്റേറ്റ് ഫോഡർ ഫാമിന്റെ ദൈനംദിന പ്രവർത്തന ചെലവുകളും ഫാം തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾ നൽകുന്നതിനുമായി 02(1) ശമ്പളം ഇനത്തിൽ 4.27 ലക്ഷം രൂപയും 02(3) മറ്റ് അലവൻസുകൾ ഇനത്തിൽ 75,000 രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ ആകെ 5.02 ലക്ഷം രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-102-69—<u>കേരള സ്റ്റേറ്റ് ഫോഡർ ഫാം വലിയതുറയിൽ ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കൽ</u>

തിരുവനന്തപുരം വലിയ തുറ സ്റ്റേറ്റ് ഫോഡർ ഫാം ആസ്ഥാനമായി ഒരു കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുന്നതിനായി ബജറ്റിൽ

വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-98—ക്ഷീരവികസന പരിശീലനകേന്ദ്രം

ഈ ശീർഷകത്തിൽ 02(1) ശമ്പളം ഇനത്തിൽ 1.92 ലക്ഷം രൂപയും, 02(2) ക്ഷാമബത്ത ഇനത്തിൽ 56,000 രൂപയും, 05(4) മറ്റലവൻസുകൾ ഇനത്തിൽ 85,000 രൂപയും ഉൾപ്പെടെ ആകെ 3.33 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-95—ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ

സംസ്ഥാനത്ത് ഉൽപാദിപ്പിക്കുകയും വിപണനം ചെയ്യുകയും ചെയ്യുന്ന പാലിന്റെയും പാലുൽപ്പന്നങ്ങളുടെയും, കാലിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി വകുപ്പിന്റെ സ്റ്റേറ്റ് ഡയറി ലാബ്, റീജിയണൽ ഡയറി ലാബ് മൊബൈൽ ലാബ്, ജില്ലാ ലാബുകൾ എന്നിവയുടെ ആധുനികവത്കരണത്തിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-109-93—മിൽക്ക് ഷെഡ് വികസന പദ്ധതി

ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരേയും സംരംഭകരേയും സ്വയം സഹായ സംഘങ്ങളെയും കൊണ്ടുവരിക, സംസ്ഥാനത്തെ, പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക തുടങ്ങിയ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ നടത്തിപ്പിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1.72 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2404-00-195-94-34—ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം

ക്ഷീര സംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും ക്ഷീര സംഘങ്ങളിൽ ആധുനികവത്ക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും സഹകരണ മേഖലയിൽ പാലുല്പാദനം സ്വയംപര്യാപ്തത കൈവരിച്ച സാഹചര്യത്തിൽ, പാലുല്പന്ന യൂണിറ്റുകൾ ആരംഭിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4404-00-102-87—<u>ക്ഷീര വകുപ്പിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ</u>

ചേർത്തല സബ്ബ് കോടതിയിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് മിൽമയുടെ ഉറവൂർ കാലിത്തീറ്റ ഫാക്ടറിയ്ക്കുവേണ്ടി ഈ ശീർഷകത്തിൽ 3.5132 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സർക്കാരിന്റെ നയപരമായ തീരുമാന പ്രകാരം ക്ഷീര കർഷകരുടെ പെൻഷൻ തുക വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കുന്നതിന് ആവശ്യമായ തുക വകയിരുത്തിയിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, " 2404-00-800-78—കേരള ക്ഷീരകർഷക ക്ഷേമനിധിയ്ക്ക് പെൻഷൻ നല്കുന്നതിനുള്ള വിഹിതം" എന്ന ശീർഷകം പുനഃസ്ഥാപിച്ച് 115.2 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## <u>ധനാഭ്യർത്ഥന നമ്പർ XXXIII – മത്സ്യബന്ധനം</u>

2405-00-001-99—<u>ഭരണവും നടത്തിപ്പും</u>

മെഡിക്കൽ റീഇംബേഴ്സ്മെന്റിൽ 6 ലക്ഷം രൂപ, ദിവസവേതനത്തിൽ 10 ലക്ഷം രൂപ, യാത്രാബത്തയിൽ 15 ലക്ഷം രൂപ, സ്ഥലംമാറ്റ ബത്തയിൽ 2 ലക്ഷം രൂപ, അവധിയാത്രാനുകൂല്യത്തിൽ 3 ലക്ഷം രൂപ, വെള്ളക്കരത്തിൽ 2 ലക്ഷം രൂപ, വൈദ്യുതി ചെലവിൽ 15 ലക്ഷം രൂപ, ടെലിഫോൺ ചെലവിൽ 4 ലക്ഷം രൂപ, ഓഫീസ് ചെലവ് മറ്റിനങ്ങളിൽ 4 ലക്ഷം രൂപ, വാടക, കരം, നികുതി എന്നിവയിൽ 21 ലക്ഷം രൂപ, സംരക്ഷണത്തിൽ 8 ലക്ഷം രൂപ, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റപ്പണികളിൽ 5 ലക്ഷം രൂപയും മറ്റു ചെലവുകളിൽ 7 ലക്ഷം രൂപയും പി.ഒ.എൽ.-ൽ 5 ലക്ഷം രൂപയും പൊതുജനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങളിൽ 10 ലക്ഷം രൂപയും വാഹനങ്ങളുടെ വാടകയിൽ 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 1.27 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-001-98—<u>ഫിഷറീസ് പ്രോജക്ട് സെൽ ശക്തിപ്പെടുത്തുന്നതിന്</u>

ഈ ശീർഷകത്തിൽ 05(4) മറ്റിനങ്ങൾ ഇനത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-001-96—ആസൂത്രണവും സ്ഥിതി വിവര കണക്കും

ഈ ശീർഷകത്തിൽ 01(4) മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ 2 ലക്ഷം രൂപയും 04(1) യാത്രാബത്ത ഇനത്തിൽ 1 ലക്ഷം രൂപയും, 04(2) സ്ഥലംമാറ്റബത്ത ഇനത്തിൽ 5000 രൂപയും, ഉൾപ്പെടെ ആകെ 3.05 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-98—കുളങ്ങളിൽ മത്സ്യങ്ങളെ ശേഖരിക്കലും ഊർജ്ജിതമായി മത്സ്യക്കുഞ്ഞുങ്ങളെ വളർത്തലും

ഈ ശീർഷകത്തിൽ 01 (4) മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 1 ലക്ഷം രൂപയും, 04(1) യാത്രാബത്ത ഇനത്തിൽ 50,000 രൂപയും, 04(2) സ്ഥലംമാറ്റ ബത്ത ഇനത്തിൽ 25,000 രൂപയും, 05(4) മറ്റിനങ്ങൾ ഇനത്തിൽ 50,000 രൂപയും ഉൾപ്പെടെ ആകെ 2.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-97—വൻകിട ജലശേഖരങ്ങളുടെ വികസനവും പ്രയോജനപ്പെടുത്തലും

ഈ ശീർഷകത്തിൽ 02(1) ദിവസവേതനം ഇനത്തിൽ 5 ലക്ഷം രൂപയും, 04(1) യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപയും, 04(2) സ്ഥലംമാറ്റബത്ത ഇനത്തിൽ 10,000 രൂപയും, 05(1) വെള്ളക്കരം ഇനത്തിൽ 10,000 രൂപയും, 05(3) ടെലിഫോൺ ചെലവ് ഇനത്തിൽ 25,000 രൂപയും, 05(4) മറ്റിനങ്ങൾ ഇനത്തിൽ 25,000 രൂപയും, (06) വാടക, കരം, നികുതി ഇനത്തിൽ 25,000 രൂപയും,(21) മോട്ടോർ വാഹന സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 50,000 രൂപയും, (34) മറ്റ് ചെലവുകൾ ഇനത്തിൽ 50,000 രൂപയും, (45) P.O.L. ഇനത്തിൽ 30,000 രൂപയും ഉൾപ്പെടെ ആകെ 9.25 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-96—കായലിൽ മത്സ്യങ്ങളെ വളർത്തൽ

സംസ്ഥാനത്തെ കായലുകളിലും, മറ്റ് ജലാശയങ്ങളിലും മത്സ്യ/ചെമ്മീൻ വളർത്തൽ പരിപാടിയിൽ തുടർന്നുവരുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-94—കായൽ പരിശോധനയ്ക്ക്

നദീമുഖങ്ങൾ, ജലാശയങ്ങൾ, കായലുകൾ എന്നിവിടങ്ങളിലെ നിയമരഹിതമായ മത്സ്യബന്ധനം തടയുന്നതിന് പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ യാത്രാബത്ത, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി 20,000 രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-91—പൊതുമേഖലയിൽ ഉപ്പുജല മത്സ്യഫാമുകൾ

പൊതുമേഖലയിലെ ഉപ്പുജല മത്സ്യ/ചെമ്മീൻ ഫാമുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, 1 (4)-ൽ 1.2 ലക്ഷം രൂപയും ടെലിഫോൺ ചെലവ് 5(3) ൽ 0.30 ലക്ഷം രൂപയും മറ്റ് ആഫീസ് ചെലവുകൾ 0.25 ലക്ഷം രൂപയും ഉൾപ്പെടെ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 1.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-90—ദേശീയ വിത്തുല്പാദന പരിപാടി

മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ദേശീയ മത്സ്യക്കുഞ്ഞുല്പാദന കേന്ദ്രങ്ങളിലെ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വെള്ളക്കരം, ടെലിഫോൺ ചെലവ്, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-88—നാടൻ വള്ളങ്ങളും സജ്ജീകരണങ്ങളും മെച്ചപ്പെടുത്തൽ

ഉൾനാടൻ മേഖലയിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിച്ച് വരുന്ന നാടൻ വള്ളങ്ങളുടെയും വലകളുടെയും സുഗമമായ പ്രവർത്തനത്തിനും അവയുടെ സജ്ജീകരണങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടികളുടെ നടത്തിപ്പിന് അനുവദിച്ചതും തുടർന്ന് വരുന്നതുമായ ജീവനക്കാരുടെ യാത്രാബത്ത, മറ്റു ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 25,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-50—<u>വേമ്പനാട്ട് കായൽ വൃത്തിയാക്കൽ യജ്ഞം</u>

തടാകങ്ങൾ ശുചിയായി സംരക്ഷിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുമായി ബജറ്റ് വിഹിതം ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ഉദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. കായൽ ഡ്രഡ്ജിംഗ് നടത്തി എക്കലും മണലും നീക്കി, പ്രദേശവാസികളെ വെള്ളക്കെട്ടിൽ നിന്നും രക്ഷിക്കുന്നതിനായി വകുപ്പിന്റെ ഭാഗത്തുനിന്നും കൂടുതൽ പരിശ്രമങ്ങൾ ആവശ്യമുണ്ടെന്ന് നിരീക്ഷിച്ച സമിതി, അധിക തുക ആവശ്യപ്പെടാവുന്ന സാഹചര്യത്തിലും അപ്രകാരം ചെയ്യാതിരിക്കുന്ന വകുപ്പിന്റെ പ്രവർത്തിയെ വിമർശിക്കുകയും ചെയ്തു.

വേമ്പനാട്ട്, അഷ്ടമുടി തടാകങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് ബന്ധപ്പെട്ട ഏജൻസികളുടെയും പങ്കാളിത്തത്തോടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 60 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-101-49—<u>കായലുകളുടെ ശുചീകരണത്തിനുള്ള ജനകീയ ക്യാമ്പയിൻ</u>

കായലുകളുടെ ശുചീകരണത്തിനുള്ള ജനകീയ ക്യാമ്പയിൻ നടത്തുന്നതിനായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-102-97—<u>ബോട്ടുനിർമ്മാണശാലകൾ</u>

ബേപ്പൂരിലേയും ശക്തികുളങ്ങരയിലേയും ബോട്ടുനിർമ്മാണ ശാലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ യാത്രാബത്ത, ഓഫീസ്ചെലവുകൾ എന്നിവയ്ക്കും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 80,000 രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-99—<u>സമുദ്രമത്സ്യബന്ധനം നിയന്ത്രിക്കുന്നതിനു വേണ്ടി അതിർത്തി മേഖലകളിൽ റോന്തുചുറ്റൽ</u>

കടൽമത്സ്യബന്ധന നിയന്ത്രണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ പോലീസ് സൂപ്രണ്ടിന്റെ ചുമതലയിൽ പ്രവർത്തിച്ചുവരുന്ന വിഭാഗത്തിലെ ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റബത്ത, ടെലിഫോൺ ചെലവ്, വാടക, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-86—<u>മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്</u>

മറൈൻ ആംബുലൻസുകൾക്ക് 12 നോട്ടിക്കൽ മൈൽ വരെയുള്ള പ്രദേശത്ത് മാത്രമേ സഞ്ചരിക്കുവാൻ സാധിക്കുകയുള്ളുവെന്ന് നിരീക്ഷിച്ച സമിതി ഇത് 50-60 നോട്ടിക്കൽ മൈൽ ദൂരം വരെ പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഉപയോഗപ്പെടണമെങ്കിൽ കൂടുതൽ മുതൽ മുടക്ക് നടത്തി ആവശ്യമായ സൗകര്യം ഒരുക്കേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടു.

ഓഖി ദുരന്തത്തിനുശേഷം എല്ലാ ആധുനിക സംവിധാനങ്ങളും പാരാ മെഡിക്കൽ സ്റ്റാഫും വൈദ്യ സഹായത്തിനുള്ള സജ്ജീകരണങ്ങളും ഉൾക്കൊള്ളുന്ന മൂന്ന് മറൈൻ ആംബുലൻസുകളുടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുവെന്ന് മനസ്സിലാക്കിയ സമിതി അവയുടെ ഇന്ധനച്ചെലവ്, എ.എം.സി ചാർജ്ജ്, മരുന്നുകളുടെ ചെലവ് തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-84— <u>മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം</u>

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം നിശ്ചിത തോതിൽ സബ്സിഡി നിരക്കിൽ കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളിൽ നിന്നും വെള്ള മണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ, 63.75 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-82—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി</u>

(എൻ.സി.ഡി.സി സഹായം)

എൻ.സി.ഡി.സി. സ്പെഷ്യൽ സപ്പോർട്ട് സ്കീം, ഐ.എഫ്.ഡി.പി 2020-21 പദ്ധതികളിലുമായി സബ്സിഡി ഇനത്തിൽ മത്സ്യഫെഡിനു നൽകാനുള്ള തുകയിനത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5.12 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-77—<u>നീല വിപ്ലവം-സംയോജിത മത്സ്യബന്ധന വികസനവും മാനേജ്മെന്റും (60% സി. എസ്. എസ്)</u>

2020-21 സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ (PMMSY) നടപ്പിലാക്കുന്നതിനായി ഈ ശീർഷകത്തിൽ 6.6 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-74—<u>തീരദേശ പ്രാദേശിക വികസന പാക്കേജുകളുടെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ</u>

തീരദേശ പ്രാദേശിക വികസന പാക്കേജുകൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾക്കായി ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-72—<u>പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജിയണൽ കൺട്രോൾ റൂമുകളുടെയും പ്രവർത്തനം</u>

ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ചുള്ള, പ്രകൃതി ദുരന്തങ്ങളുമായി ബന്ധപ്പെട്ട മാസ്റ്റർ കൺട്രോൾ റൂമും റീജിയണൽ കൺട്രോൾ റൂമുകളുടെയും പ്രവർത്തനം നടത്തുന്നതിന് ഈ ശീർഷകത്തിൽ 0.9999 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-103-71—<u>സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ</u>

ജീവനക്കാരുടെ ശമ്പളം/വേതനം മറ്റ് ആനുകൂല്യങ്ങൾ ഓഫീസ് ചെലവുകൾ എന്നിവ നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 1.1998 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-99—<u>ഐസ് പ്ലാന്റുകളും കോൾഡ് സ്റ്റോറേജുകളും</u>

ഐസ് പ്ലാന്റുകളിലും കോൾഡ് സ്റ്റോറേജുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം, വേതനം, മറ്റ് ആനുകൂല്യങ്ങൾ, ഓഫീസ് ചെലവുകൾ എന്നിവ

നിർവ്വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 9.13 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-88—<u>തീരമൈത്രി സൂപ്പർ മാർക്കറ്റ്</u>

തീരമൈത്രി സൂപ്പർമാർക്കറ്റുകളിൽ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനായി ഈ ശീർഷകത്തിൽ 24.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-105-86—<u>മത്സ്യമാർക്കറ്റുകൾ, വാല്യൂ അഡിഷൻ, വിളവെടുപ്പ് പൂർവ്വ പ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം.</u>

ലൈഫ് ഫിഷ് മാർക്കറ്റുകളുടെയും മത്സ്യസൂപ്പർ മാർക്കറ്റുകളുടെയും നിലവിലുള്ള മത്സ്യമാർക്കറ്റുകളുടെയും നവീകരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-99—<u>ഗവേഷണ പദ്ധതികൾ</u>

ഗവേഷണ പദ്ധതിയ്ക്കുവേണ്ടി അനുവദിച്ച തുടർന്നു വരുന്ന ജീവനക്കാരുടെ ശമ്പളം, യാത്രാബത്താ, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-98—<u>മത്സ്യബന്ധന സ്കൂളുകളും പരിശീലന കേന്ദ്രങ്ങളും</u>

സംസ്ഥാനത്തെ റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിലേയും പരിശീലന കേന്ദ്രങ്ങളിലേയും ജീവനക്കാരുടെ യാത്രാബത്ത, സ്ഥലംമാറ്റ ബത്ത, മറ്റ് ഓഫീസ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 1.75 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-95—<u>പരിശീലനവും വിപുലീകരണവും</u>

ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്, യാത്രാബത്ത, സ്ഥലംമാറ്റബത്ത, വെള്ളക്കരം, മറ്റ് ആഫീസ് ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 20.55 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-95—<u>പരിശീലനവും വിപുലീകരണവും</u>

കാവിലിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും പ്രവർത്തനങ്ങൾക്കുമായി പദ്ധതിയിനത്തിൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-94—ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കൽ

ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷനേറിയവും സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-109-91—വകുപ്പിന്റെ വികസനവും നവീകരണവും പരിശീലന കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തലും

വകുപ്പിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പരിശീലന പരിപാടികളും വിജ്ഞാന വ്യാപനവും നടപ്പിലാക്കുന്നതിനും ഫിഷറീസ് ഡയറക്ടറേറ്റിൽ പുതുതായി ആരംഭിക്കുന്ന ഫിഷറീസ് കാൾസെന്ററിന്റെ പ്രവർത്തന ചെലവുകൾ എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-110-98—പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം

പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനായി ഈ ശീർഷകത്തിൽ 2.10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-110-96—മണ്ണെണ്ണ എഞ്ചിനുകളിൽ നിന്നും ബോട്ടുകളെ പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള സബ്സിഡി

പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ചെന്ന ബോട്ടുകളിലെ മണ്ണെണ്ണ എഞ്ചിനുകൾ മാറ്റി പെട്രോൾ എഞ്ചിനുകളാക്കുന്നതിനുള്ള സബ്സിഡി സംബന്ധിച്ച ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 59.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വള്ളവും എഞ്ചിനും തകർന്നാൽ മാത്രമേ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് കമ്പനികൾ നഷ്ടപരിഹാരം നൽകുന്നുള്ളൂവെന്നും വലയ്ക്കും മറ്റ് അനുബന്ധ ഉപകരണങ്ങൾക്കും നഷ്ടപരിഹാരം ലഭിക്കുന്നില്ലെന്നും നിരീക്ഷിച്ച സമിതി ഈ പ്രശ്നം പരിഹരിക്കണമെന്ന് വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

2405-00-110-95—<u>ചെറുകിട ഇൻബോർഡ് യന്ത്രവത്കൃത വള്ളങ്ങൾക്കുള്ള ഇന്ധന സബ്സിഡി</u>

ചെറുകിട ഇൻബോർഡ് യന്ത്രവത്കൃത വള്ളങ്ങൾക്കുള്ള ഇന്ധന സബ്സിഡി അനുവദിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 9.9999 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-120-98—<u>ലിംഗ സമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം-സ്റ്റാഫിനുള്ള ധനസഹായം</u>

ലിംഗ സമത്വ പദ്ധതി നിർവ്വഹണത്തിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-120-97—<u>ഓൺ ലൈൻ വ്യാപാരത്തിന് ഇ-ഓട്ടോ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി അനുവദിക്കുന്ന വായ്പകൾക്കുള്ള സബ്സിഡി</u>

ഓൺ ലൈൻ വ്യാപാരത്തിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് ഇ-ഓട്ടോ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന പദ്ധതി വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-120-96—<u>മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന വായ്പകൾക്ക് ഉള്ള സബ്സിഡി</u>

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിന് മത്സ്യഫെഡ് വഴി നൽകുന്ന വായ്പകൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ഈ ശീർഷകത്തിൽ 99.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-121-99—<u>മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയ്ക്ക് അധിക സംസ്ഥാന വിഹിതം</u>

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽ നഷ്ടംമൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതിയാണിത്. ഓരോ വർഷവും 5 തവണകളിലായി 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്ന് ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 3,000 രൂപയും ചേർത്ത് 4,500 രൂപ മൂന്നു തവണകളിലായി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നു. ഇതനുസരിച്ച് 1,78,800 മത്സ്യത്തൊഴിലാളികൾ 2020-21 വർഷം പദ്ധതിയിൽ അംഗമായി കഴിഞ്ഞു. ഇവർക്ക് 2021-22 വർഷം മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി പദ്ധതി വിഭാവനം ചെയ്ത രീതിയിൽ ധനസഹായം അനുവദിക്കേണ്ടതുണ്ട്. 2021-22 വർഷം ഇതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ 33.64 കോടി രൂപ ഉപധനാഭ്യർത്ഥന/ധനപുനഃവിനിയോഗം വഴി അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

2405-00-190-94—<u>ലിംഗ സമത്വ സ്ത്രീശാക്തീകരണ നയനിർവ്വഹണം- മത്സ്യഫെഡിനുള്ള ധനസഹായം</u>

സ്ത്രീ ശാക്തീകരണ പദ്ധതിയിൽ സ്ത്രീകൾക്ക് മൈക്രോ എന്റർപ്രൈസസ്/ സ്കിൽ ട്രെയിനിംഗ് നൽകുന്നതിനായി ഈ ശീർഷകത്തിൽ 9.99 ലക്ഷം രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-800-90—<u>2018-19-ൽ പലിശ സബ്സിഡി നിലവിൽ വരുന്നതിന് മുൻപ് നൽകിയിട്ടുള്ള നിഷ്ക്രിയ ആസ്തികളായ വായ്പകളുടെ പലിശയും പിഴ പലിശയും ഒഴിവാക്കി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി.</u>

2018-19-ൽ പലിശ സബ്സിഡി നിലവിൽ വരുന്നതിന് മുൻപ് നൽകിയിട്ടുള്ള നിഷ്ക്രിയ ആസ്തികളായ വായ്പകളുടെ പലിശയും പിഴ പലിശയും ഒഴിവാക്കി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ചെലവ് വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 28 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-101-95—<u>നഴ്സറികൾ സ്ഥാപിക്കൽ</u>

മത്സ്യ വിത്തുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഭരണാനുമതി ലഭിച്ച ഓടയം, അഴീക്കോട്, പീച്ചി, വളഞ്ഞ വഴി, പുതിയങ്ങാടി മുതലായ ഹാച്ചറികളുടെ നിർമ്മാണ പ്രവർത്തനം 2021-22 സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-101-90—<u>അക്വാകൾച്ചർ ഡവലപ്മെന്റ്</u>

ഫീഡ് മില്ലിന്റെ വികസനം, ഡെമോൺസ്ട്രേഷൻ ഫാം, അക്വാകൾച്ചർ ഇൻപുട്ടുകൾക്കായുള്ള ഏകജാലകം എന്നീ അക്വാകൾച്ചറിന് വേണ്ടിയുള്ള സഹായ സേവനങ്ങൾക്കായി ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-98—<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)</u>

മത്സ്യബന്ധന ഉപകരണങ്ങളുടെ വിതരണം നടത്തുന്ന ഐ.എഫ്.ഡി.പി-യുടെ 2017-18,2019-20 വർഷത്തെ പദ്ധതികളിലും 2021-22 വർഷം നടപ്പിലാക്കുന്ന 2020-21 പദ്ധതിയിലുമുള്ള ഘടകങ്ങളിൽ ഓഹരി മൂലധനമായി ഈ ശീർഷകത്തിൽ 16.3016 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-94—<u>തീരദേശ റോഡുകളുടെ നവീകരണം</u>

തീരദേശ റോഡുകളുടെ നവീകരണത്തിനായി ഈ ശീർഷകത്തിൽ 40 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-93—<u>മത്സ്യത്തൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും</u>

മത്സ്യത്തൊഴിലാളികൾക്ക് നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണത്തിനും പ്രതിഭാതീരം പദ്ധതി നടപ്പിലാക്കുന്നതിനുമായി ഈ ശീർഷകത്തിൽ 1.0599 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-103-89—പുനർഗേഹം-കടൽതീരത്തിന് 50 മീറ്റർ ചുറ്റളവിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

കടൽ തീരത്തു നിന്നും 50 മീറ്റർ പരിധിയ്ക്കുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്കായി ഈ ശീർഷകത്തിൽ 49.99 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-61—കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി)

കൊയിലാണ്ടി സബ്ഡിവിഷനിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-54—നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

RIDF Tranche XXIII, XXV -ൽ ഉൾപ്പെട്ട പ്രവർത്തികളുടെ പൂർത്തീകരണത്തിനായി ഈ ശീർഷകത്തിൽ 20 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-37—മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും

മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും എന്ന പ്രവർത്തിയ്ക്കായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-36—പി.എം.എം.എസ്.വൈ-കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം, മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതി

പി.എം.എം.എസ്.വൈ-കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം, മത്സ്യബന്ധനത്തിന് ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനുള്ള പദ്ധതിയ്ക്കായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-104-33—മത്സ്യം കരക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് (എൽ.എ.ആർ.)

വിവിധ മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾക്ക് എൽ.എ.ആർ. കേസുകൾക്കായി വിഹിതം നൽകുന്നതിനായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

4405-00-109-98—<u>മത്സ്യകൃഷി പരിശീലന കേന്ദ്രങ്ങൾ പണി പൂർത്തിയാക്കലും മത്സ്യഭവനങ്ങൾ സ്ഥാപിക്കലും ശക്തിപ്പെടുത്തലും</u>

കൊല്ലം ജില്ലാ മത്സ്യഭവൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷൻ പ്രവർത്തിക്കുന്ന ഫിഷറീസ് ട്രെയിനിംഗ് സെന്റർ എന്നിവയുടെ നിർമ്മാണ പ്രവർത്തികൾക്കായി ഈ ശീർഷകത്തിൽ 1.3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പുതിയ ശീർഷകം അനുവദിക്കുന്നതിന്**

2021-22 -ലെ ആദ്യ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം കക്ക വാരൽ സംഘങ്ങൾക്ക് പ്രത്യേക ധനസഹായ പദ്ധതി നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം മത്സ്യസംസ്കരണ യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതി നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2021-22-ലെ ആദ്യ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തീരദേശ വികസനത്തിനുള്ള സ്പെഷ്യൽ പാക്കേജ് പ്രകാരം ചെല്ലാനം മാതൃകാ മത്സ്യഗ്രാമ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>ശീർഷകം പുനഃസ്ഥാപിക്കുന്നതിന്</u>

2405-00-105-96—<u>മൂല്യവർദ്ധിത വിപണി</u>

ആറാട്ടുപുഴ ഫിഷ് മീൽ പ്ലാന്റ് സജ്ജമാക്കുന്നതിന് മേൽ ശീർഷകം പുനഃസ്ഥാപിച്ച് 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2405-00-800-96—<u>യാൺ ട്വിസ്റ്റിങ്ങ് യൂണിറ്റ്</u>

ആലപ്പുഴ ജില്ലയിലെ പറവൂരിൽ ട്വൈൻ ട്വിസ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി മേൽ ശീർഷകം പുനഃസ്ഥാപിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്</u>

2415-05-277-99—<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്</u>

2019-20 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നോൺപ്ലാൻ വിഹിതത്തിൽ കഴിഞ്ഞ വർഷത്തിലുണ്ടായ കുറവുകാരണവും, പുതിയ ടീച്ചിംഗ്/നോൺ ടീച്ചിംഗ് ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ടും, യു.ജി.സി. സ്കെയിൽ നടപ്പിലാക്കിയതുമൂലം ഈ ശീർഷകത്തിൽ 6.0035 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്-ന്റെ ധനാഭ്യർത്ഥന നമ്പർ നിലവിൽ കൃഷി (XXIX) -ന്റ കീഴിലാണ് വരുന്നത്. എന്നാൽ ടി. സർവ്വകലാശാല മത്സ്യബന്ധന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ, ടി സ്ഥാപനത്തിന്റെ ധനാഭ്യർത്ഥന നമ്പർ മത്സ്യബന്ധനം (XXXIII)-ന്റ കീഴിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പതിനഞ്ചാം കേരള നിയമസഭയുടെ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ക്ക് കമ്മിറ്റിയുടെ യോഗത്തിൽ പങ്കെടുത്ത മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യക്ഷേമവും വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി ശ്രീമതി ചിഞ്ചുറാണി എന്നിവർക്കും, സമിതി അംഗങ്ങളായ ശ്രീ. അനൂപ് ജേക്കബ് ശ്രീ. പി. പി. ചിത്തരഞ്ജൻ, ശ്രീ. സി.എച്ച്. കുഞ്ഞമ്പു, ശ്രീ. കെ.പി മോഹനൻ, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. എം. വിൻസെന്റ്, ശ്രീ. മുരളി പെരുനെല്ലി എന്നിവർക്കും ബഹു. ചെയർമാൻ നന്ദി രേഖപ്പെടുത്തി. ലോക്ക് ഡൗണിന്റെ ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിലും സമിതിയ്ക്കാവശ്യമായ കുറിപ്പുകളും റിപ്പോർട്ടുകളും സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാ ഉദ്യോഗസ്ഥരെയും ബഹു. ചെയർമാൻ അഭിനന്ദിക്കുകയും സമിതിയോഗത്തിൽ പങ്കെടുത്ത എല്ലാ വിഭാഗത്തിലെയും ജീവനക്കാർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.

സമിതി യോഗം ഉച്ചയ്ക്ക് 1.10- ന് അവസാനിച്ചു.

## 2-7-2021-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2021 ജൂലൈ 2-ാം തീയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ.പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പുമന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി നേരിട്ടും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗമായ മത്സ്യബന്ധനവും സാംസ്കാരികവും യുവജനകാര്യവും വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ.പി.പി. ചിത്തരഞ്ജൻ, എം.എൽ.എ.
2. ശ്രീ. സി.എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
3. ശ്രീ.കെ.പി. മോഹനൻ, എം.എൽ.എ.
4. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
5. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
6. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീമതി ജയശ്രീ എസ്സ്., ജോയിന്റ് സെക്രട്ടറി
2. ശ്രീ. ഹരി വിശ്വൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u>

1. ശ്രീ. ബോബി ആന്റണി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീ. എ. ഷാജൻ, ജോയിന്റ് സെക്രട്ടറി, കൃഷി വകുപ്പ്
3. ഡോ. കെ. വാസുകി, ഡയറക്ടർ, കൃഷി വകുപ്പ്
4. ശ്രീമതി മിനി രവീന്ദ്രദാസ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
5. ശ്രീമതി സി. എ. ലത, ഡയറക്ടർ, മത്സ്യബന്ധന വകുപ്പ്

6. ശ്രീമതി എസ്. അംബിക, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവ്വേഷൻ

7. ശ്രീ. വി. ശിവരാമകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

8. ശ്രീ. കെ. ശശികുമാർ, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്

9. ശ്രീ. ബി. ഇഗ്നേഷ്യസ് മാൻറോ, ജോയിന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്

10. ശ്രീ. ടി. പ്രദീപ് കുമാർ, ഡയറക്ടർ ഓഫ് പ്ലാനിംഗ്, കേരള കാർഷിക സർവ്വകലാശാല

11. ഡോ. പി. സുധീർ ബാബു, രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

12. ഡോ. എൻ. അശോക്, ഡയറക്ടർ (അക്കൗണ്ട്സ് & റിസർച്ച്) കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി

13. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്

14. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യ ലിമിറ്റഡ്

15. ഡോ. ബി. ശ്രീകുമാർ, മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്

16. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡ്

17. ശ്രീമതി വി. പി. പ്രിയ, അസിസ്റ്റന്റ് ഡയറക്ടർ, ഡയറക്ടറ്റ് ഓഫ് സോയിൽ സർവ്വേ & സോയിൽ കൺസർവ്വേഷൻ

18. ശ്രീ. എസ്. ശിവപ്രസാദ്, മാനേജർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ</u>

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്

2. ശ്രീമതി ഇഷിത റോയ്, അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, കാർഷിക വകുപ്പ്.

സമിതി 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട്, ആനുകാലിക റിപ്പോർട്ടിന്റെ കരട്, ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യബന്ധനം എന്നീ വകുപ്പുകളിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിച്ച് ചർച്ചയുടെ പൂർണ്ണ രൂപം ചുവടെ ചേർക്കുന്നു.

I. 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ട് -അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നം. 1998/സബ്.സി.സി2/2020/നി.സെ)

കൃഷി (എൻ.സി.എ) വകുപ്പിൽ നിന്നും ലഭ്യമാക്കിയ 1, 6, 8, 24 എന്നീ ഖണ്ഡികകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

വകുപ്പുകളിൽ നിന്നും ഓരോ ശീർഷകങ്ങളിൽ അധിക തുക ആവശ്യപ്പെടുന്ന സാഹചര്യത്തിൽ, അപ്രകാരം ആവശ്യമുള്ള തുക ശരിയായ രീതിയിൽ പൂർണ്ണമായി വിനിയോഗിക്കാൻ വകുപ്പുകൾ ശ്രദ്ധ ചെലുത്തണമെന്നും വളരെയധികം അത്യാവശ്യമായ പദ്ധതികൾക്കായി അധിക തുക ആവശ്യപ്പെടുന്നതിനെക്കുറിച്ചും അഡീഷണൽ ആതറൈസേഷനിലൂടെ തുക ലഭ്യമാക്കുന്നതു സംബന്ധിച്ചും വിശദമായ ചർച്ചകൾ നടത്തണമെന്നും സമിതി വകുപ്പുകൾക്ക് നിർദ്ദേശം നല്കി.

കൃഷി (കൃഷി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ ഖണ്ഡിക 26-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (മൃഗസംരക്ഷണം -ജി) വകുപ്പിൽ നീന്നും ലഭ്യമാക്കിയ 46 മുതൽ 67 വരെയുള്ള ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കൃഷി (പ്ലാനിംഗ്-എ) വകുപ്പിൽ നിന്നും ലഭ്യമാക്കിയ 3, 10, 11, 14, 16, 17, 18, 20, 27 എന്നീ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കൃഷി (പി.ബി) വകുപ്പിൽ നിന്നുള്ള 4, 7, 9, 12, 15, 21 എന്നീ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

കൃഷി (ഐ.എഫ്.എ) വകുപ്പിൽ നിന്നുള്ള 13, 29, 30, 36, 39, 40, 45 എന്നീ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 38-ലെ 2402-0-102-81 ആപ്ലിക്കേഷൻ ഓഫ് ഇൻഫർമേഷൻ ടെക്നോളജി എന്ന ശീർഷകത്തിൽ സമിതി ശുപാർശ ചെയ്ത 20 ലക്ഷം രൂപയ്ക്കായി അധിക ധനാഭ്യർത്ഥന വകുപ്പ് സർക്കാരിൽ സമർപ്പിച്ചില്ല എന്ന മറുപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, അധിക ധനാഭ്യർത്ഥന സർക്കാരിലേയ്ക്ക് സമർപ്പിക്കാത്തതിനുള്ള കാരണം അന്വേഷിച്ചു.

തൃശ്ശൂർ ആസ്ഥാനമായി മോണിട്ടറിംഗ് സെൽ രൂപീകരിക്കുന്നതിനായി ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന 15 ലക്ഷം രൂപയ്ക്കു പുറമെ 20 ലക്ഷം രൂപ ഉപധനാഭ്യർത്ഥന മുഖേന ആവശ്യപ്പെട്ടെന്നും മോണിറ്ററിംഗ് സെല്ലിനായി സ്കീമിൽ നിന്നും കുറച്ചു ഉദ്യോഗസ്ഥരെ ഡിപ്ലോയ് ചെയ്യുന്നതിനുള്ള ചെലവും 15 ലക്ഷം രൂപയിൽ ഉൾപ്പെടുത്തിയിരുന്നുവെന്നും എന്നാൽ ഭരണപരമായ പ്രശ്നങ്ങൾ മുഖേന വകുപ്പിന് ടി പ്രൊപ്പോസൽ നടപ്പിലാക്കാനുള്ള അംഗീകാരം ലഭിച്ചില്ല എന്നും അപ്രകാരം ടി ശീർഷകത്തിൽ സീറോ എക്സ്പെൻഡിച്ചർ ആയതിനാൽ അധിക തുക ആവശ്യപ്പെട്ടില്ല എന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തുടർന്ന്, ഖണ്ഡിക 38-ലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 45-ലെ മറുപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ, സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്, സമിതി ശുപാർശയുടെ അടിസ്ഥാനത്തിൽ അധിക ധനാനുമതി പ്രകാരം 1.56 കോടി രൂപ ലഭിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തുവെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. കോർപറേഷനു കീഴിലുള്ള ഗോഡൗണുകളിൽ പറവൂരിലെ ഗോഡൗൺ നിർമ്മാണം പൂർത്തീകരിച്ചുവെന്നും ശാസ്താംകോട്ട, മാവേലിക്കര എന്നിവിടങ്ങളിലെ ഗോഡൗണുകളുടെ 30% പ്രവൃത്തി പൂർത്തിയായതായും ബാക്കിയുള്ളവയ്ക്ക് 5% തുകയും ചെലവഴിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി.

കൃഷി (N.C.A) വകുപ്പിൽ നിന്നുള്ള ഖണ്ഡിക 19, 23 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റുകളും കൃഷി (WTO) വകുപ്പ് ലഭ്യമാക്കിയ ഖണ്ഡിക 25 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റും സമിതി അംഗീകരിച്ചു.

കൃഷി (ഫാംസ്) വകുപ്പിൽ നിന്നും ലഭ്യമാക്കിയ കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട ഖണ്ഡിക 33, 34, 35 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, അധിക തുക ശുപാർശ ചെയ്തിട്ടും ടി തുക ലഭിക്കാത്തതിനുള്ള കാരണം അന്വേഷിച്ചു.

കഴിഞ്ഞ വർഷത്തെ റസ്യൂമ്ഡ് തുകയായ 9.65 കോടി രൂപ 35 അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്തപ്പോൾ പ്ലാൻ സ്പേസിൻ എക്സ്പെൻഡിച്ചർ ബുക്ക് ചെയ്യാൻ പറ്റിയില്ലെന്നും

അതിന് മുൻ വർഷത്തെ റെഡ്യൂമ്ഡ് ഫണ്ട് പ്ലാൻ സ്പേസിൽ അഡ്ജസ്റ്റ് ചെയ്തപ്പോൾ ചെലവാക്കിയ തുക ബുക്ക് ചെയ്യാനായി ബജറ്റിൽ സ്പെയ്സ് ഉണ്ടായിരുന്നില്ല എന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

തുടർന്ന്, ഇപ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ ചർച്ച ചെയ്യുമ്പോൾ ധനകാര്യവകുപ്പിൽ നിന്നും, പരിഗണിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് അവഗാഹമുള്ള ഉദ്യോഗസ്ഥരെ കൂടി ചർച്ചയ്ക്കായി വിളിക്കണമെന്ന് സമിതി നിയമസഭാ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കി. കൂടാതെ, കേരള കാർഷിക സർവ്വകലാശാലയ്ക്ക് അധിക തുക അനുവദിക്കാതിരുന്നതിന്റെ വിശദീകരണം ധനകാര്യ വകുപ്പിൽ നിന്നും ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു.

കൃഷി (PU) വകുപ്പിൽ നിന്നുള്ള ഖണ്ഡിക 31, 32, 42, 43, 44 എന്നിവയിലെ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (ഇ,ബി) വകുപ്പിൽ നിന്നുള്ള ഖണ്ഡിക 37 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (ഫാംസ്) വകുപ്പിൽ നിന്നുള്ള ഖണ്ഡിക 2, 5, 28 എന്നിവ സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പിൽ നിന്നുള്ള 80 മുതൽ 126 വരെയുള്ള ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ ഓട്ടോമേഷൻ നടപ്പിലാക്കുന്നതിനും പ്രവർത്തന മൂലധനം റിവോൾവിംഗ് ഫണ്ടായി നല്കുന്നതിനുള്ള പദ്ധതിയ്ക്കായി പുതിയ ശീർഷകം അനുവദിച്ച് 10 കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ മുഖേന മത്സ്യത്തൊഴിലാളികൾക്ക് ഉല്പാദന ബോണസ് നല്കുന്നതിനായി 2405-00-103-85 എന്ന ശീർഷകം പുനഃസ്ഥാപിച്ച് 5 കോടി രൂപ ധനപുനഃവിനിയോഗം വഴി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

സമിതിയോഗവുമായി ബന്ധപ്പെട്ട കുറിപ്പുകൾ വൈകി ലഭ്യമാക്കുന്ന പ്രവണത വകുപ്പുകൾ ഒഴിവാക്കണമെന്നും സമിതി അംഗങ്ങൾക്ക് വിഷയം വിശദമായി

പഠിക്കുന്നതിനുള്ള സമയപരിധിയ്ക്കുള്ളിൽ റിപ്പോർട്ടുകൾ എത്തിയ്ക്കാൻ ശ്രദ്ധിക്കണമെന്നും അടുത്ത സമിതി യോഗം മുതൽ സബ്ജക്ട് കമ്മിറ്റിയുടെ ഗൗരവം മനസ്സിലാക്കി, റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പുകൾ സ്വീകരിക്കണമെന്നും സമിതി ചെയർമാൻ വകുപ്പുകൾക്ക് നിർദ്ദേശം നല്കി.

സമിതി, 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട്, 1-4-2020 മുതൽ 31-3-2021 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട്, 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് എന്നിവ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സബ്ജക്ട് കമ്മിറ്റിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ലഭ്യമാക്കാൻ, വകുപ്പുകൾ കാലതാമസം വരുത്താറുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന്, അപ്രകാരം സംഭവിക്കാറുണ്ടെന്നും നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ വയ്ക്കേണ്ട ആക്ഷൻ ടേക്കൺ റിപ്പോർട്ടും പീരിയോഡിക്കൽ റിപ്പോർട്ടും സമിതി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യാൻ കാലതാമസം വന്നതിനാലാണ് രണ്ടാം സമ്മേളനത്തിൽ സമർപ്പിക്കേണ്ടി വന്നതെന്നും ഈ വസ്തുത വകുപ്പിനും അറിയാവുന്നതാണെന്നും നിയമസഭാ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

സമിതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിന് വകുപ്പിൽ നിന്നും കാലതാമസം നേരിട്ടാൽ ബന്ധപ്പെട്ട വകുപ്പുകളിലെ മന്ത്രിമാർ അതിനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹു. ചെയർമാൻ വ്യക്തമാക്കി.

സമിതി യോഗം ഉച്ചയ്ക്കുശേഷം 12.15-ന് പിരിഞ്ഞു.

## 23-9-2021-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2021 സെപ്റ്റംബർ മാസം 23-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ, സമിതിയുടെ എക്സ് ഒഫീഷ്യോ അംഗങ്ങളിൽ മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി നേരിട്ടും മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ വീഡിയോ കോൺഫറൻസ് മുഖേനയും പങ്കെടുത്തു. സമിതിയംഗങ്ങളിൽ ശ്രീ. പി. പി. ചിത്തരഞ്ജൻ എം.എൽ.എ. വീഡിയോ കോൺഫറൻസ് മുഖേനയും താഴെപ്പറയുന്നവർ നേരിട്ടും പങ്കെടുത്തു.

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. പി. ജെ. ജോസഫ്, എം.എൽ.എ.
3. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
4. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
5. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
6. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി സി. എ. ലത, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
3. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
4. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
5. ശ്രീ. എം. അനിൽകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്

6. ഡോ. എ. കൗശികൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
7. ശ്രീ. വി. പി. സുരേഷ് കുമാർ, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
8. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്
9. ശ്രീ. ടി. വി. സുഭാഷ്, ഡയറക്ടർ, കൃഷി വകുപ്പ്
10. ഡോ. ദിനേശൻ ചെറുവത്ത്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്
11. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലാന്റ് ഡെവലപ്മെന്റ് ബോർഡ്
12. ശ്രീ. വി. ശിവരാമകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
13. ഡോ. പി. സെൽവകുമാർ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്
14. ശ്രീ. കെ. ശശികുമാർ, ജോയിന്റ് ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
15. ശ്രീമതി എസ്. ബീന, അസിസ്റ്റന്റ് ഡയറക്ടർ, കൃഷി വകുപ്പ്
16. ശ്രീമതി ജെ. ശോഭ, ഡെപ്യൂട്ടി മാനേജർ, മത്സ്യഫെഡ്
17. ശ്രീ. ജീവാ ആനന്ദൻ, സ്പെഷ്യൽ ഓഫീസർ, റൈസ് ടെക്-പാർക്ക്.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ

ശ്രീമതി ടിങ്കു ബീസ്വാൾ, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്.

സമിതി 2017-18, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് കൃഷി, ക്ഷീരവികസനം, മത്സ്യബന്ധന തുറമുഖം എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ (കാലതാമസപത്രികകൾ സഹിതം), 2018-19, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷികപ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ കാലതാമസപത്രികകൾ എന്നിവ പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

**2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ട്**

(ഫയൽ നം. 3054/സബ്.സി.സി2/2019/നി.സെ)

മത്സ്യബന്ധന തുറമുഖ വകുപ്പ് 66, 72, 73, 74, 75, 81 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 82-ലെ ശിപാർശയിന്മേൽ, 2019-20 സാമ്പത്തിക വർഷം സ്ത്രീ ശാക്തീകരണ പദ്ധതിക്ക് അനുമതി നൽകിയിട്ടില്ലാത്തതിനാൽ അധികതുക ആവശ്യമായിവന്നില്ല എന്ന നടപടി സ്റ്റേറ്റ്മെന്റ് പരിഗണിച്ച സമിതി, 2020-21 സാമ്പത്തിക വർഷം പുതിയ പ്രൊപ്പോസൽ സമർപ്പിക്കുമ്പോൾ പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് ധനകാര്യവകുപ്പിന് നിർദ്ദേശം നൽകുകയും നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 83-ലെ ശിപാർശയിന്മേൽ സമ്പാദ്യ സമാശ്വാസം പദ്ധതിയ്ക്കായി 2019-20, 2020-21 എന്നീ വർഷങ്ങളിൽ ലഭിക്കേണ്ട കേന്ദ്രവിഹിതം ലഭിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാന ബഡ്ജറ്റിൽ നിന്നും അഡീഷണൽ ഓതറൈസേഷൻ വഴി തുക അനുവദിക്കുകയുണ്ടായിയെന്നുള്ള വകുപ്പിന്റെ നടപടി സ്റ്റേറ്റ്മെന്റ് അംഗീകരിച്ച സമിതി പ്രസ്തുത പദ്ധതിക്കായി സംസ്ഥാനത്തിന് തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതിന് വകുപ്പിന് നിർദ്ദേശം നൽകി.

മത്സ്യബന്ധന തുറമുഖവകുപ്പിൽ നിന്നുള്ള 84, 85, 86, 87, 89, 93, 94 എന്നീ ഖണ്ഡികകളിലെ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 95-ലെ ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റിൽ, തീരദേശ ലേലത്തിൽ പങ്കെടുക്കുകയും സംഘത്തിൽ സമ്പാദ്യം അടയ്ക്കുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികൾക്ക് ലേലത്തിന്റെ 0.5% തുക ബോണസായി നൽകുന്നതിനായി 2019-20 വർഷത്തേയ്ക്ക് 522.83 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നാണ് സൂചിപ്പിച്ചിട്ടുള്ളതെന്ന് സമിതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആയതിലേയ്ക്ക് രണ്ടാമത് പ്രൊപ്പോസൽ നൽകിയിട്ടും അധികതുക അനുവദിച്ചിട്ടില്ലെന്നും മുൻപ് നൽകിയ റിപ്പോർട്ടിൽ അപാകതയുണ്ടായതാണെന്നും ഫിഷറീസ് ഡയറക്ടർ സമിതി മുമ്പാകെ അറിയിച്ചു. തുടർന്ന് ഇതു സംബന്ധിച്ച തിരുത്തിയ റിപ്പോർട്ട് ലഭ്യമാക്കുവാൻ വകുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.

ഖണ്ഡിക 96-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന 2405-00-105-74 എന്ന ശീർഷകത്തിൽ അലോട്ട്മെന്റ് ഇല്ലായിരുന്നെന്നും യഥാർത്ഥ ശീർഷകമായ 2405-00-103-74-ൽ അനുവദിച്ച 33 ലക്ഷം രൂപയിൽ 14,35,000 രൂപ ചെലവഴിച്ചുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (എൻ.സി.എ.) വകുപ്പിൽ നിന്നും 1, 8, 10, 23, 24 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച കാലതാമസപത്രിക സഹിതം ലഭ്യമാക്കിയ നടപടി

സ്റ്റേറ്റ്മെന്റുകൾ അംഗീകരിച്ച സമിതി, ഖണ്ഡിക 10 സംബന്ധിച്ച നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റിന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേകമായി തുക അനുവദിക്കണമെന്ന് വകുപ്പിന് നിർദ്ദേശം നൽകി.

കൃഷി (പി.ബി) വകുപ്പിൽ നിന്നും ലഭ്യമാക്കിയ 6, 9, 11, 14, 17, 18, 25 എന്നീ ഖണ്ഡികകളിലെ ശിപാർശകൾ സംബന്ധിച്ച കാലതാമസപത്രിക ഉൾപ്പെടെയുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

ഖണ്ഡിക 17-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ സംസ്ഥാന സർക്കാർ പെൻഷൻ നൽകുന്നതിനായി ധനകാര്യവകുപ്പിൽ രൂപീകരിച്ച സംസ്ഥാന സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി ലിമിറ്റഡ് എന്ന കമ്പനി മുഖേനയാണ് പെൻഷൻ നൽകുന്നതെന്ന് ധനകാര്യ വകുപ്പ് വിശദീകരണം നൽകി.

**2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 2-ാമത് റിപ്പോർട്ട്**

(ഫയൽ നം. 2076/സബ്.സി.സി2/2017/നി.സെ)

കൃഷി (പി.യു.) വകുപ്പിൽ നിന്നും ഖണ്ഡിക 23-ലെ ശിപാർശയിന്മേൽ ലഭ്യമാക്കിയ കാലതാമസപത്രിക സഹിതമുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

ഖണ്ഡിക 58-ലെ നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവെ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 2017-18 സാമ്പത്തിക വർഷം രണ്ട് കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും തുക അനുവദിച്ചിരുന്നില്ലെന്നും നടപ്പ സാമ്പത്തിക വർഷം തുക അനുവദിക്കേണ്ട ശീർഷകം സംബന്ധിച്ച് ധനകാര്യവകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. തുടർന്ന് ഖണ്ഡിക 58-ലെ കാലതാമസപത്രിക സഹിതമുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

കൃഷി (ഇബി) വകുപ്പിൽ നിന്നും ഖണ്ഡിക നമ്പർ 4-ലെ ശിപാർശയിന്മേൽ വകുപ്പ് ലഭ്യമാക്കിയ കാലതാസപത്രിക സഹിതമുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

**കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ, കാർഷിക സേവന കേന്ദ്രങ്ങളും സേവന വിതരണവും - മണ്ണ് സംരക്ഷണ പദ്ധതികൾ - മണ്ണ് പര്യവേഷണം എന്നീ വിഷയങ്ങൾ സംബന്ധിച്ച് ചട്ടം 235 (1) (iii) പ്രകാരമുള്ള റിപ്പോർട്ട്**

(ഫയൽ നം. 1070/സബ്സിസി2/2016/നിസെ)

പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 1-ലെ ശിപാർശയിന്മേൽ കൃഷി (പ്ലാനിംഗ്-എ) വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

2017-18, 2019-20 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ലഭ്യമാക്കിയ ചുവടെ ചേർത്തിരിക്കുന്ന കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

| വകുപ്പ്/സ്ഥാപനം | | വർഷം |
|---|---|---|
| 1 | മത്സ്യബന്ധന വകുപ്പ് | 2019-20 |
| 2 | കൃഷി (പി.ബി) വകുപ്പ്<br>വെജിറ്റബിൾ & ഫ്രൂട്ട്<br>പ്രൊമോഷൻ കൗൺസിൽ (VFPCK) | 2019-20 |
| 3 | കൃഷി (മൃഗസംരക്ഷണ (ജി), വകുപ്പ് | 2019-20 |
| 4 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | 2019-20 |
| 5 | കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് | 2019-20 |
| 6 | സംസ്ഥാന ഹോർട്ടി കൾച്ചർ മിഷൻ | 2019-20 |
| 7 | കാസർഗോഡ് വികസന പാക്കേജ്<br>(ഫ. നം. 453/സബ്.സി.സി2/2020/നിസെ) | 2019-20 |
| 8 | ക്ഷീര വികസന വകുപ്പ്<br>(ഫ. നം. 163/സബ്.സി.സി2/19/നിസെ) | 2018-19 |

2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-മത് റിപ്പോർട്ടിലെ ഖണ്ഡിക 25-ലെ "റൈസ് ബയോപാർക്കുകൾ സ്ഥാപിക്കൽ" എന്ന സമിതി ശിപാർശയിന്മേൽ കൃഷി (പ്ലാനിംഗ്-എ) വകുപ്പ് ലഭ്യമാക്കിയ മറുപടി സമിതി അംഗീകരിച്ചു. (ഫ. നം. 2848/സബ.സി.സി2/13/നി.സെ)

റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ വകുപ്പുകൾ വീഴ്ച വരുത്താറുണ്ടെന്ന് വിലയിരുത്തിയ സമിതി, റിപ്പോർട്ടുകൾ സമയബന്ധിതമായും കൃത്യമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടും നൽകുന്നതിൽ വകുപ്പുകൾ ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശിച്ചു.

ഉച്ചയ്ക്കു ശേഷം 3.00 മണിക്ക് സമിതിയോഗം പിരിഞ്ഞു.

## 28-10-2021-ലെ യോഗനടപടികുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 2021 ഒക്ടോബർ മാസം 28-ാം തീയതി വ്യാഴാഴ്ച സഭാസമ്മേളനത്തിനു ശേഷം രാത്രി 10 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ ചെയർമാനും കൃഷി വകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി, ബഹു. മത്സ്യബന്ധനം, സാംസ്കാരികം യുവജനക്ഷേമ വകുപ്പ് മന്ത്രി ശ്രീ. സജി ചെറിയാൻ എന്നിവരും പങ്കെടുത്തു. പ്രസ്തുത യോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം.എൽ.എ.
3. ശ്രീ. സി. എച്ച്. കുഞ്ഞമ്പു, എം.എൽ.എ.
4. ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ.
5. ശ്രീ. കുറുക്കോളി മൊയ്തീൻ, എം.എൽ.എ.
6. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
7. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ഷീനശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി എൻ. ജി. ദീപ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, മൃഗസംരക്ഷണ വകുപ്പ്
2. ശ്രീ. എം. കെ. സാദ്ദിഖ്, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീ. ബി. പ്രതാപചന്ദ്രൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്
4. ശ്രീ. ആർ. സുരേഷ് ബാബു, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്
5. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്

6. ഡോ. കെ. റിജു ജോൺ, വൈസ് ചാൻസലർ, കേരള മത്സ്യബന്ധന സമുദ്ര ഗവേഷണ സർവ്വകലാശാല.

7. ഡോ. ബി. മനോജ്കുമാർ, രജിസ്ട്രാർ, കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാല

8. ശ്രീ. കെ. കെ ചന്ദ്രപ്രസാദ്, അണ്ടർ സെക്രട്ടറി, നിയമവകുപ്പ്

9. ശ്രീമതി എൻ. എസ്. ശ്രീലു, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ്

10. ശ്രീമതി സ്മിത ആർ. നായർ, ജോയിന്റ് ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

11. ശ്രീ. എസ്. അനിൽകുമാർ, ഡെപ്യൂട്ടി ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

സമിതി 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ, 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ, 2021-ലെ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ (ഭേദഗതി) ബിൽ, 2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

1. 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ

2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബില്ലിലെ ശീർഷകം, ദീർഘശീർഷകം, പീഠിക, 1, 4, 8, 10, 11, 17, 19, 21, 23, 24, 26 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. 9-ാം ഖണ്ഡത്തിന്മേൽ സമിതി ഭേദഗതി നിർദ്ദേശിക്കുകയുണ്ടായി. ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ 2021-ലെ കേരള മത്സ്യലേലവും വിപണനവും ഗുണനിലവാര പരിപാലനവും ബിൽ അംഗീകരിക്കുകയും ചെയ്തു.

ശീർഷകം

ശീർഷകത്തിൽ "മത്സ്യലേലവും " എന്ന വാക്കിനു പകരം "മത്സ്യസംഭരണവും" എന്ന വാക്ക് ചേർക്കുക.

കേരളത്തിലെ മത്സ്യത്തൊഴിലാളി സംഘടനകളുമായി നടത്തിയ ചർച്ചയിൽ മത്സ്യലേലം എന്നതിനപ്പുറം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകവഴി മത്സ്യസംഭരണത്തിന് പ്രാധാന്യം നൽകണമെന്നും അതുവഴി മാത്രമേ ഇടനിലക്കാരെ

ഒഴിവാക്കി ലേലം നടത്താൻ സാധിക്കുകയുള്ളൂ എന്നുമുള്ള അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് ബില്ലിന്റെ ശീർഷകത്തിൽ 'മത്സ്യലേലം' എന്ന വാക്കിന് പകരമായി 'മത്സ്യസംഭരണം' എന്ന ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നതെന്ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി അറിയിച്ചു.

<u>ദീർഘശീർഷകം</u>

ദീർഘശീർഷകത്തിൽ "മത്സ്യലേലവും"എന്ന വാക്കിനു പകരം "മത്സ്യസംഭരണവും ലേലവും" എന്നീ വാക്കുകൾ ചേർക്കുക.

<u>പീഠിക</u>

പീഠികയിൽ " മത്സ്യലേലവും " എന്ന വാക്കിനു പകരം " മത്സ്യസംഭരണവും ലേലവും" എന്നീ വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം 1</u>

(1)-ാം ഉപഖണ്ഡത്തിൽ " മത്സ്യലേലവും" എന്ന വാക്കിനു പകരം " മത്സ്യസംഭരണവും" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 4</u>

(i) (1)-ാം ഉപഖണ്ഡത്തിൽ താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

" എന്നാൽ ലേലത്തിലൂടെയല്ലാതെ മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട് മത്സ്യവിപണനം നടത്തുന്നതിന് ഈ ഉപവകുപ്പ് തടസ്സമാകുന്നതല്ല."

(ii) (2)-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്തനിബന്ധനയിൽ "നിർണ്ണയിക്കപ്പെട്ട പ്രകാരം" എന്നീ വാക്കുകൾക്ക് മുമ്പായി "ബന്ധപ്പെട്ട ഹാർബർ മാനേജ്മെന്റ് സൊസൈറ്റി/ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ" എന്നീ വാക്കുകൾ ചേർക്കുക.

(iii) (4)-ാം ഉപഖണ്ഡത്തിലെ " സർക്കാരിന് " എന്ന വാക്കും ചിഹ്നവും ഒഴിവാക്കുക.

(iv) (5)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക.

"(5) (4)-ാം ഉപവകുപ്പ് പ്രകാരം വസൂലാക്കപ്പെടുന്ന ലേലക്കമ്മീഷൻ താഴെപ്പറയും പ്രകാരം വിഭജിക്കപ്പെടാവുന്നതാണ്, അതായത്:—

(എ) <u>ഫിഷ് ലാന്റിംഗ് സെന്റർ/ഫിഷിംഗ് ഹാർബർ</u>

(i) ലേലക്കാരന് - ഇരുപത് ശതമാനം ;

(ii) ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയ്ക്ക്/ ഫിഷ് ലാന്റിംഗ് സെന്റർ മാനേജ്മെന്റ് സൊസൈറ്റിയ്ക്ക്- ഇരുപത് ശതമാനം ;

(iii) ബന്ധപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് വാർഷിക ഉൽപ്പാദന ബോണസായി തിരികെ നൽകുന്നതിനായി - നാൽപത് ശതമാനം ;

(iv) ലേലത്തിൽ പങ്കാളിയാകുന്ന സൊസൈറ്റികൾക്ക് - ഇരുപത് ശതമാനം

(ബി) <u>ഫിഷ് മാർക്കറ്റ്</u>

(i) ലേലക്കാരന് - ഇരുപത് ശതമാനം ;

(ii) ഫിഷ് മാർക്കറ്റ് മാനേജ്മെന്റ് സൊസൈറ്റിയ്ക്ക് -ഇരുപത് ശതമാനം ;

(iii) ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് - മൂപ്പത് ശതമാനം ;

(iv) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്/മാർക്കറ്റിന്റെ ഉടമയ്ക്ക്-മൂപ്പത് ശതമാനം.",

4-ാം ഉപഖണ്ഡത്തിന്റെ ക്ലിപ്ത നിബന്ധന, മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദിപ്പിക്കുന്ന മത്സ്യം എവിടെ വേണമെങ്കിലും വിപണനം ചെയ്യാൻ സഹായിക്കുന്നതാണെന്ന് ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി അഭിപ്രായപ്പെട്ടു.

<u>8-ാം ഖണ്ഡം</u>

(viii)-ാം ഇനത്തിൽ "യൂസർഫീസ്, ലേലക്കമ്മീഷൻ എന്നിവയിൽ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "യൂസർഫീസിൽ" എന്ന വാക്ക് ചേർക്കുക.

<u>9-ാം ഖണ്ഡം</u>

(i) (1)-ാം ഉപഖണ്ഡത്തിലെ ഇനം (i)-ന ശേഷം ഇനം (ii) ആയി താഴെപ്പറയുന്നവ ചേർക്കേണ്ടതും തുടർന്നുവരുന്ന ഇനങ്ങൾ പുനരക്കം ചെയ്യേണ്ടതുമാണ്.

"(ii) പ്രദേശത്തെ എം.എൽ.എ-അംഗം"

(ii)പുനരക്കം ചെയ്യുന്ന (iii)-ാം ഇനത്തിൽ "വൈസ് ചെയർപേഴ്സൺ " എന്ന വാക്കുകൾക്ക് പകരം "അംഗം" എന്ന വാക്ക് ചേർക്കുക.

10-ാം ഖണ്ഡം

(ix)-ാം ഇനത്തിൽ "യൂസർഫീസ്, ലേലക്കമ്മീഷൻ വിഹിതം എന്നിവയിൽ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "യൂസർഫീസിൽ" എന്ന വാക്ക് ചേർക്കുക.

11-ാം ഖണ്ഡം

(1)-ാം ഉപഖണ്ഡത്തിൽ "അധീനതയിലോ" എന്ന വാക്കിനു ശേഷം "സ്വകാര്യ മേഖലയിലോ" എന്നീ വാക്കുകൾ ചേർക്കുക.

17-ാം ഖണ്ഡം

(v)-ാം ഇനത്തിൽ "നിലവാരം" എന്ന വാക്കിനു പകരം "ഗുണനിലവാരം" എന്ന വാക്ക് ചേർക്കുക.

19-ാം ഖണ്ഡം

19-ാം ഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക

"19. മത്സ്യത്തിന്റെ സംഭരണവും അടിസ്ഥാനവില നിശ്ചയിക്കലും :—

(1) മത്സ്യത്തിന്റെ അടിസ്ഥാനവില കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെട്ട പ്രകാരം നിശ്ചയിക്കുവാൻ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(2) മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം അവർക്ക് താൽപര്യമുള്ള പക്ഷം അംഗങ്ങളായ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ മുഖേന (1)-ാം ഉപവകുപ്പ് പ്രകാരം നിശ്ചയിക്കുന്ന അടിസ്ഥാനവില നൽകി നിർണ്ണയിക്കപ്പെട്ട പ്രകാരം സംഭരിക്കാവുന്നതാണ്. ഇതിന് ആവശ്യമായ സംഭരണ സൗകര്യങ്ങൾ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതാണ്."

21-ാം ഖണ്ഡം

(1)-ാം ഉപഖണ്ഡത്തിൽ "സംരക്ഷിക്കുന്നതിന്" എന്ന വാക്കിനു പകരം "സംരക്ഷിക്കുന്നതിനും" എന്ന വാക്കും " സാക്ഷ്യപത്രം" എന്ന വാക്കിനു മുമ്പായി "ഗുണനിലവാര" എന്ന വാക്കും ചേർക്കുക.

ബില്ലിലെ 20(1), 21 എന്നീ ഖണ്ഡങ്ങളിൽ പരാമർശിച്ചിരിക്കുന്ന മത്സ്യത്തിന്റെ ഉറവിടം, പിടിച്ചെടുത്ത മാർഗ്ഗം മുതലായ വിവരങ്ങൾ അടങ്ങിയ സാക്ഷ്യപത്രം ഹാജരാക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥ, ഇന്ത്യയിൽ നിന്നും വിദേശരാജ്യങ്ങളിലേക്ക് മത്സ്യ ഉത്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിന് സാക്ഷ്യപത്രം അനിവാര്യമായതിനാലാണ് കൊണ്ടുവന്നതെന്ന് നിയമവകുപ്പ് സെക്രട്ടറി യോഗത്തിൽ അറിയിച്ചു. എന്നാൽ പ്രസ്തുത

വ്യവസ്ഥ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ടെന്ന് വിലയിരുത്തിയ സമിതി ഖണ്ഡം 20(1)ൽ 'കയറ്റുമതിക്ക് വേണ്ടി സാക്ഷ്യപത്രം നേടാൻ' എന്ന് ചേർക്കുകയോ അല്ലെങ്കിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സാക്ഷ്യപത്രം ഹാജരാക്കുന്നതിൽ നിന്നും ഒഴിവാക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് ഭേദഗതി കൊണ്ടു വരേണ്ടതാണെന്നും ആയത് പിന്നീട് പരിഗണിക്കാമെന്നും തീരുമാനിച്ചു.

23-ാം ഖണ്ഡം

"(1)" എന്ന അക്കവും ബ്രാക്കറ്റുകളും ഒഴിവാക്കുക.

24-ാം ഖണ്ഡം

"ഉദ്യോഗസ്ഥരായി" എന്ന വാക്കിനു പകരം "ഉദ്യോഗസ്ഥനായി" എന്ന വാക്ക് ചേർക്കുക.

26-ാം ഖണ്ഡം

(3)-ാം ഉപഖണ്ഡത്തിൽ "ഒരു അന്വേഷണത്തിൽ" എന്നീ വാക്കുകൾക്ക് പകരം "നടപടിയെ തുടർന്ന്" എന്നീ വാക്കുകളും "ഉദ്യോഗസ്ഥൻ കണ്ടെത്തിയാൽ" എന്നീ വാക്കുകൾക്ക് പകരം "ഉദ്യോഗസ്ഥന് ബോധ്യമാകുന്നപക്ഷം" എന്നീ വാക്കുകളും ചേർക്കുക.

പ്രസ്തുത ബില്ലിന്മേൽ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. എം. വിൻസെന്റ് എന്നിവർ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

2. 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബിൽ

2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ബില്ലിലെ 5, 11, 12, 14, 15, 16, 18, 19, 26, 29, 31, 32, 37, 38 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. എന്നാൽ ഖണ്ഡം 5, 11 എന്നിവയിൽ കൊണ്ടുവന്ന ഭേദഗതികൾ വരുത്തുന്നതിനായി പ്രസ്തുത ഖണ്ഡങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് കണ്ടെത്തിയ സമിതി ആയത് ബില്ലിൽ കൂട്ടിച്ചേർക്കുന്നതിന് തീരുമാനിച്ചു. ഭേദതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ പ്രസ്തുത ബിൽ അംഗീകരിക്കുകയും ചെയ്തു.

5-ാം ഖണ്ഡം

ഖണ്ഡം 5(10)-ന് ശേഷം താഴെപ്പറയുന്നവ ഖണ്ഡം 5(11) ആയി കൂട്ടിച്ചേർക്കേണ്ടതും തുടർന്നുള്ള ഇനം 5(12) ആയി പുനരക്കം ചെയ്യേണ്ടതുമാണ്.

" (എഎം) ഖണ്ഡത്തിൽ "ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള" എന്നീ വാക്കുകൾക്കു പകരം "ഫിഷറീസ് സമുദ്രപഠന" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

11-ാം ഖണ്ഡം

ഖണ്ഡം 11(2) -ന് ശേഷം താഴെപ്പറയുന്നവ ഖണ്ഡം 11(3) ആയി കൂട്ടിച്ചേർക്കേണ്ടതും ശേഷിക്കുന്ന ഉപഖണ്ഡം 11 (4) ആയി പുനരക്കം ചെയ്യേണ്ടതുമാണ്.

"3. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ: എന്നതിന്റെ (iii)-ാം ഇനത്തിൽ "സ്കൂളുകളിലെയും" എന്ന വാക്ക് വിട്ടു കളയേണ്ടതാണ്

12-ാം ഖണ്ഡം

12-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 12-ാം വകുപ്പിൽ,—

(i) "ഗവേണിംഗ് കൗൺസിൽ" എന്നീ വാക്കുകൾക്ക് മുമ്പായി "സർവ്വകലാശാല" എന്ന വാക്ക് ചേർക്കുക.

(ii) "1. എക്സ് ഒഫിഷ്യോ അംഗങ്ങൾ:" എന്നതിൽ.

(vii) "എല്ലാ ഫാക്കൽറ്റികളിലേയും ഡീൻ;"

" (viii) രജിസ്ട്രാർ " എന്നിവയ്ക്ക് പകരം "(vii) സർവ്വകലാശാല ഫാക്കൽറ്റിയിലെ ഒരു ഡീൻ; അവരുടെ ഓരോ പ്രാവശ്യത്തെയും ക്രമം ഫാക്കൽറ്റികളുടെ ഇംഗ്ലീഷ് അക്ഷരമാല ക്രമത്തിലായിരിക്കേണ്ടതാണ്." എന്ന് ചേർക്കുക.

(iii) "2. തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ:" എന്നതിൽ,

(i)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക. അതായത്:—

" (i) സർവ്വകലാശാല ഫാക്കൽറ്റിയിലെ വകുപ്പ് മേധാവികളുടെയും അദ്ധ്യാപകരുടെയും ഇടയിൽ നിന്നും വോട്ട് വഴി തെരഞ്ഞെടുക്കപ്പെട്ട ഒരാൾ;"

(iv) " 3. നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ:" എന്നതിൽ,—

(i) (vi)-ാം ഇനത്തിൽ, "ഫിഷറീസ് വിഷയത്തിൽ " എന്നീ വാക്കുകൾക്ക് മുമ്പായി "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകളും "പുറമേ" എന്ന വാക്കിന് പകരം "പുറത്ത്" എന്ന വാക്കും ചേർക്കുക.

(ii) (ix)-ാം ഇനത്തിൽ "ഒരു വനിതാ സാമൂഹ്യപ്രവർത്തക" എന്നീ വാക്കുകൾക്ക് മുമ്പായി "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(iii) ക്ലിപ്തനിബന്ധനയിൽ, "ഒരംഗത്തിന്" എന്ന വാക്കിന് പകരം "അംഗങ്ങൾക്ക്" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 12(3) (ix)-ൽ സർക്കാർ നാമനിർദ്ദേശം ചെയ്യപ്പെടുന്ന അംഗങ്ങളിൽ ഒരാൾ SC/ST-യും ഒരാൾ വനിതയും ആയി ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് സമിതി ചർച്ച ചെയ്യുകയും ആയത് പിന്നീട് പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

<u>14-ാം ഖണ്ഡം</u>

14-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 14-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പിൽ,ചചചതചത ച

(i) (ഐ) ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക. അതായത്.—

" (ഐ) അന്വേഷണ സമിതികളെ നിയമിക്കുകയും, അത് യുക്തമെന്നു കരുതുന്ന സംഗതികളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ അവയോട് നിർദ്ദേശിക്കുകയും ചെയ്യുക;";

(ii) (വി) ഇനത്തിൽ "സർവ്വകലാശാലയുടെ പരീക്ഷ പാനൽ" എന്ന വാക്കുകൾക്ക് പകരം "സർവ്വകലാശാലയിലെ പരീക്ഷകരുടെ പാനൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>15-ാം ഖണ്ഡം</u>

15-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 15 (1) -ൽ "കുറഞ്ഞത് രണ്ട് മാസത്തിലൊരിക്കൽ" എന്നീ വാക്കുകൾക്ക് പകരം "കുറഞ്ഞത് മാസത്തിലൊരിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

<u>16-ാം ഖണ്ഡം</u>

16-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 17-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) (vii)-ാം ഇനത്തിൽ "സി.എം.എഫ്.ആർ.ഐ." എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്" എന്നീ വാക്കുകൾ ചേർക്കുക.

(ii) (viii)-ാം ഇനത്തിൽ "സി.ഐ.എഫ്.റ്റി" എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി" എന്നീ വാക്കുകൾ ചേർക്കുക

(iii) (ix)-ാം ഇനത്തിൽ "എൻ.ഐ.ഒ." എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി" എന്നീ വാക്കുകൾ ചേർക്കുക.

(iv) (xii)-ാം ഇനത്തിൽ "തിരഞ്ഞെടുക്കപ്പെടുന്ന" എന്ന വാക്കിന് പകരം "തെരഞ്ഞെടുക്കുന്ന"എന്ന വാക്കും "ഒരംഗം" എന്ന വാക്കിനു പകരം "ഓരോ അംഗം" എന്നീ വാക്കുകളും ചേർക്കുക.

(v) (xvi)-ാം ഇനം ഒഴിവാക്കുക.

<u>18-ാം ഖണ്ഡം</u>

18-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 19-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിൽ,—

(i) നിലവിലുള്ള (vi)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക അതായത്:—

"(vi) ഓരോ ഫാക്കൽറ്റിയിൽ നിന്നും ഗവേണിംഗ് കൗൺസിൽ നാമനിർദ്ദേശം ചെയ്ത പ്രൊഫസർ പദവിയിൽ കുറയാത്ത ഓരോ അംഗം;"

(ii) (vii)-ാം ഇനത്തിൽ "റീജിയണൽ" എന്ന വാക്കിന് പകരം "പ്രാദേശിക" എന്ന വാക്ക് ചേർക്കുക.

(iii) (viii)-ാം ഇനത്തിൽ "സി.എം.എഫ്.ആർ.ഐ." എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്"എന്നീ വാക്കുകൾ ചേർക്കുക.

(iv) (ix)-ാം ഇനത്തിൽ "സി.ഐ.എഫ്.റ്റി" എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി"എന്നീ വാക്കുകൾ ചേർക്കുക.

(v) (x)-ാം ഇനത്തിൽ "എൻ.ഐ.ഒ." എന്നീ അക്ഷരങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യാനോഗ്രാഫി" എന്നീ വാക്കുകൾ ചേർക്കുക.

<u>19-ാം ഖണ്ഡം</u>

19-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 19 <u>എ</u> (1)- ന്റെ (vi)-ാം ഇനത്തിൽ "റീജിയണൽ" എന്ന വാക്കിനു പകരം "പ്രാദേശിക" എന്ന വാക്ക് ചേർക്കുക.

<u>26-ാം ഖണ്ഡം</u>

26-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാനുദ്ദേശിക്കുന്ന 25 <u>എ</u> വകുപ്പിൽ,—

(i) (1), (2) ഉപവകുപ്പുകളിൽ "നിർണ്ണയിക്കപ്പെടാവുന്ന" എന്ന വാക്കിനു പകരം "നിർണ്ണയിക്കപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

(ii) (3)-ാം ഉപവകുപ്പിൽ "വകുപ്പുകളിലെ" എന്ന വാക്കിന് പകരം "വകുപ്പിലെ" എന്ന വാക്ക് ചേർക്കുക.

<u>29-ാം ഖണ്ഡം</u>

29-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 33 (3) -നു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കുക, അതായത്:—

" (3) വൈസ് ചാൻസലർക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് എന്നിവ നിഷ്കർഷിക്കുന്നതും സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടുന്നതുമായ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്." .

<u>31-ാം ഖണ്ഡം</u>

31-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 35-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "പ്രോചാൻസലറെ" എന്ന വാക്കിന് പകരം "പ്രോ-വൈസ്-ചാൻസലറെ" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിൽ "പ്രോചാൻസലറായി" എന്ന വാക്കിന് പകരം "പ്രോ-വൈസ്-ചാൻസലറായി" എന്ന വാക്കും ചിഹ്നങ്ങളും "പ്രോചാൻസലർക്ക്" എന്ന വാക്കിന് പകരം "പ്രോ-വൈസ്-ചാൻസലർക്ക്" എന്ന വാക്കും ചിഹ്നങ്ങളും ചേർക്കുക.

(iii) (3)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്നത് ചേർക്കുക, അതായത്:—

“ (3) പ്രോ-വൈസ്-ചാൻസലർക്ക് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ, ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച് എന്നിവ നിഷ്കർഷിക്കുന്നതും സ്റ്റാറ്റ്യൂട്ടിനാൽ നിർണ്ണയിക്കപ്പെടുന്നതുമായ യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതാണ്.” .

32-ാം ഖണ്ഡം

(i) 32-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 36(3) -ൽ "സാമ്പത്തികപരവുമായ" എന്ന വാക്കിന് പകരം "സാമ്പത്തികവുമായ" എന്ന വാക്ക് ചേർക്കുക.

(ii) 32-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിച്ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 36 (12) -ൽ "നിലവിൽ" എന്ന വാക്കിനു പകരം "2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതിയിൽ" എന്നത് ചേർക്കുക.

37-ാം ഖണ്ഡം

(i) 37-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 45 (1) -ൽ "ഇവ" എന്ന വാക്കിന് പകരം "എന്നിവ" എന്ന വാക്ക് ചേർക്കുക.

(ii) വകുപ്പ് 45(1) ന്റെ 2-ാം ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക, അതായത്:—

“എന്നുമാത്രമല്ല 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്റ്റിന്റെ പ്രാബല്യത്തീയതിയിൽ സർവ്വകലാശാലയിൽ ഫിഷറീസ് ഫാക്കൽറ്റി വകുപ്പിൽ അദ്ധ്യാപക തസ്തികയിൽ തുടരുന്നവരുടെ കാര്യത്തിൽ ഫിഷറീസ് സയൻസ് ബിരുദം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമല്ലാത്തതാണ്.”

38-ാം ഖണ്ഡം

(i) 38-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ കൂട്ടിചേർക്കുന്ന വകുപ്പ് 45 എ (3)-ൽ "ബന്ധപ്പെട്ട ഫിഷറീസ് വിഷയത്തിലെ ബിരുദാനന്തര ബിരുദവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിഷ്കർഷിക്കുന്ന മറ്റു യോഗ്യതകളും ഉണ്ടായിരിക്കേണ്ടതാണ്" എന്നതിനു പകരം "ബന്ധപ്പെട്ട ഫിഷറീസ് വിഷയത്തിൽ ബിരുദാനന്തര ബിരുദവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ നിഷ്കർഷിക്കുന്ന മറ്റ് യോഗ്യതകളും ഉണ്ടായിരിക്കേണ്ടതാണ്" എന്ന് ചേർക്കുക.

(ii) വകുപ്പ് 45 എ (3) ന്റെ ക്ലിപ്തനിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കുക, അതായത്:—

"എന്നാൽ 2021-ലെ കേരള ഫിഷറീസിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്ടിന്റെ പ്രാബല്യത്തീയതിയിൽ സർവ്വകലാശാലയിൽ ഫിഷറീസ് ഫാക്കൽറ്റിയിൽ അദ്ധ്യാപക തസ്തികയിൽ തുടരുന്നവരുടെ കാര്യത്തിൽ ഫിഷറീസ് സയൻസ് ബിരുദം ഉണ്ടായിരിക്കണമെന്ന വ്യവസ്ഥ നിർബന്ധമല്ലാത്തതാണ്."

പ്രസ്തുത ബില്ലിൽ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ. എം. വിൻസെന്റ് എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

3. <u>2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബിൽ</u>

2021-ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും (ഭേദഗതി) ബില്ലിലെ 3, 4, 5, 6, 7 എന്നീ ഖണ്ഡങ്ങളിന്മേൽ നിയമവകുപ്പ് ഉദ്യോഗസ്ഥൻ ഭേദഗതികൾ അവതരിപ്പിക്കുകയും ഭേദഗതികൾ കൊണ്ടുവരാനിടയായ സാഹചര്യം വിശദീകരിക്കുകയും ചെയ്തു. 2, 7(ii) എന്നീ ഖണ്ഡങ്ങളിന്മേൽ സമിതി ഭേദഗതികൾ നിർദ്ദേശിച്ചു. ഭേദഗതികൾ സമിതി ചർച്ച ചെയ്യുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതികളോടെ പ്രസ്തുത ബിൽ അംഗീകരിക്കുകയും ചെയ്തു.

<u>2-ാം ഖണ്ഡം</u>

2-ാം ഖണ്ഡപ്രകാരം ഭേദഗതി ചെയ്യുന്ന പ്രധാന ആക്ടിലെ വകുപ്പ് 2(i) (ഡിഎ)-ൽ "പ്രായമായ " എന്ന വാക്കിന് പകരം "പാകമായ " എന്ന വാക്ക് ചേർക്കുക.

<u>3-ാം ഖണ്ഡം</u>

3-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 (3)-ൽ "മത്സ്യത്തിന്റെ അതിജീവനത്തിന് ദോഷകരമായി ബാധിക്കുന്ന തരത്തിൽ നിർണ്ണയിക്കപ്പെട്ട പ്രകാരമല്ലാതെ നിർവ്വഹിക്കാൻ പാടുള്ളതല്ല" എന്നീ വാക്കുകൾക്ക് പകരം "മത്സ്യത്തിന്റെ അതിജീവനത്തിനെ ദോഷകരമായി ബാധിക്കുന്ന തരത്തിലും നിർണ്ണയിക്കപ്പെട്ട പ്രകാരമല്ലാതെയും നിർവ്വഹിക്കുവാൻ പാടില്ലാത്തതാകുന്നു" എന്നീ വാക്കുകൾ ചേർക്കുക.

<u>4-ാം ഖണ്ഡം</u>

4-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(3)-ൽ "മത്സ്യക്കൂടിലെ മത്സ്യക്കൃഷിക്കോ" എന്നീ വാക്കുകൾക്ക് ശേഷം "വലവളപ്പിലെ മത്സ്യക്കൃഷിക്കോ" എന്നീ വാക്കുകൾ ചേർക്കുക.

5-ാം ഖണ്ഡം

5-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 5-ാം വകുപ്പിന്റെ (11)-ാം ഉപവകുപ്പിൽ,—

(i) (എ) ഇനത്തിൽ "ജലാശയത്തിൽ മറ്റു" എന്നീ വാക്കുകൾക്ക് പകരം "സാക്ഷ്യപ്പെടുത്തിയ മത്സ്യവിത്ത് ഉപയോഗിച്ചുള്ളതല്ലാതെ മറ്റ്" എന്നീ വാക്കുകൾ ചേർക്കുക.

(ii) (ബി) ഇനത്തിൽ "അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥന്റെയോ, ഇതിലേക്കായി സർക്കാർ വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്തുന്ന നിശ്ചിത യോഗ്യതയുള്ള ഉദ്യോഗസ്ഥന്റെയോ മുൻകൂർ അനുമതിയില്ലാതെ" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iii) (ഇ) ഇനത്തിൽ "യാതൊരാളും" എന്നതിനുശേഷം "2014-ലെ മത്സ്യവിത്ത് ആക്റ്റ് (2015 -ലെ 4-ാം ആക്റ്റ്) പ്രകാരം സാക്ഷ്യപ്പെടുത്താത്ത" എന്നത് ചേർക്കുക.

(iv) (ജി) ഇനത്തിൽ "പ്രദേശത്തിനെ" എന്ന വാക്കിനു പകരം "പ്രദേശത്തെ" എന്ന വാക്ക് ചേർക്കുക.

(v) (എച്ച്) ഇനത്തിൽ "മാമൂൽ പ്രകാരമുള്ള" എന്നീ വാക്കുകൾക്ക് പകരം "മത്സ്യത്തൊഴിലാളികൾക്കുള്ള പരമ്പരാഗത" എന്നീ വാക്കുകൾ ചേർക്കുക.

6-ാം ഖണ്ഡം

(1) 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6-ാം വകുപ്പിൽ,—

(എ) (1)-ാം ഉപവകുപ്പിൽ,—

(I) (എ) ഇനത്തിൽ "മത്സ്യത്തിന്റെ" എന്ന വാക്കിനു ശേഷം "സഞ്ചാരത്തിനും" എന്ന വാക്ക് ചേർക്കുക.

(ii) (സി) ഇനത്തിൽ "അനുവദിച്ചിട്ടില്ലാത്ത" എന്ന വാക്കിനു പകരം "അനുവദിച്ചിട്ടുള്ളവയല്ലാത്ത" എന്ന വാക്ക് ചേർക്കുക.

(iii) (ഡി) ഇനത്തിൽ "മറ്റു മത്സ്യത്തിന്റെ നിക്ഷേപം" എന്നീ വാക്കുകൾക്കു പകരം "മറ്റ് മത്സ്യങ്ങളെ നിക്ഷേപിക്കൽ" എന്നീ വാക്കുകൾ ചേർക്കുക.

(ബി) (2)-ാം ഉപവകുപ്പിൽ, "മത്സ്യവിത്ത്" എന്ന വാക്കിനു പകരം "മത്സ്യവിത്തിന്റെ കാര്യത്തിൽ സർക്കാർ വിജ്ഞാപനത്തിലൂടെ അനുവദിച്ചിട്ടുള്ള ഇനങ്ങളിൽ ഉൾപ്പെടാത്തവ" എന്നീ വാക്കുകൾ ചേർക്കുക.

(2) 6-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6 എ വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിൽ "തടാകങ്ങൾ" എന്ന വാക്കിനുശേഷം "ഫിൽട്രേഷൻ പ്രദേശങ്ങൾ, മറ്റ് പാടങ്ങൾ, ചതുപ്പ് പ്രദേശങ്ങൾ," എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിൽ,—

(എ.) (i), (ii), (vii) ഇനങ്ങളിൽ "ഉൾപ്പെട്ട" എന്ന വാക്കിനു പകരം "ഉൾപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

(ബി.) viii-ാം ഇനത്തിൽ "ഉൾപ്പെട്ട" എന്ന വാക്കിനു പകരം "ഉൾപ്പെടുന്ന പ്രദേശത്തെ " എന്നീ വാക്കുകൾ ചേർക്കുക.

7-ാം ഖണ്ഡം

7-ാം ഖണ്ഡപ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 8-ാം വകുപ്പിൽ,—

(i) (2)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിൽ " നെൽകൃഷി ചെയ്യാതെ" എന്നീ വാക്കുകൾക്ക് പകരം " നെൽക്കൃഷിക്കാലയളവിൽ" എന്ന വാക്ക് ചേർക്കുക.

(ii) (2)-ാം ഉപവകുപ്പിന്റെ (ഇ) ഇനത്തിനു ശേഷമുള്ള ക്ലിപ്ത നിബന്ധനയിൽ "ബന്ധപ്പെട്ട കൃഷി ഓഫീസർ " എന്നീ വാക്കുകൾക്ക് പകരം "ബന്ധപ്പെട്ട ജില്ലയുടെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ " എന്നീ വാക്കുകൾ ചേർക്കുക.

(iii) (3)-ാം ഉപവകുപ്പിൽ "തദ്ദേശീയമല്ലാത്ത" എന്ന വാക്കിനു പകരം "രാജ്യത്തിന് പുറത്തുള്ള" എന്നീ വാക്കുകൾ ചേർക്കുക.

(iv) (6)-ാം ഉപവകുപ്പിൽ "ആക്റ്റിവിറ്റി ഗ്രൂപ്പ്" എന്നീ വാക്കുകൾക്ക് ശേഷം ",നാമമാത്രകർഷകൻ" എന്ന ചിഹ്നവും വാക്കും, ഉപവകുപ്പിന്റെ അവസാനമായി "ഇവരുടെ അഭാവത്തിൽ മാത്രമേ മറ്റുള്ളവരെ പരിഗണിക്കാവൂ." എന്ന വാചകവും ചിഹ്നവും ചേർക്കുക.

(v) (13)-ാം ഉപവകുപ്പിൽ "പൊതുജലാശയങ്ങളിൽ നിന്ന് ജലം കയറ്റുവാനോ തിരികെ ഇറക്കുവാനോ" എന്നീ വാക്കുകൾക്ക് പകരം "പൊതുജലാശയത്തിലേയ്ക്ക് ജലം ഇറക്കുവാൻ" എന്നീ വാക്കുകൾ ചേർക്കുക.

പ്രസ്തുത ബില്ലിന്മേൽ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ.എം. വിൻസെന്റ് എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

4. The Kerala Marine Fishing Regulation (Amendment) Bill, 2021

The Kerala Marine Fishing Regulation (Amendment) ബില്ലിലെ ഖണ്ഡം 3-ൻമേൽ നിയമവകുപ്പ് ഉദ്യോഗസ്ഥർ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുകയും ചുവടെ ചേർത്തിരിക്കുന്ന ഭേദഗതിയോടെ പ്രസ്തുത ബിൽ സമിതി അംഗീകരിക്കുകയും ചെയ്തു.

Clause 3

For section 5 and its provisos proposed to be inserted in the principal Act, the following section shall be substituted, namely:—

"5. Power to restrict and regulate fishermen in fishing vessels:- No owner of a fishing vessel shall allow any person in the fishing vessel unless he possesses Aadhaar".

പ്രസ്തുത ബില്ലിന്മേൽ ശ്രീ. അനൂപ് ജേക്കബ്, ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ.എം. വിൻസെന്റ് എന്നീ അംഗങ്ങൾ വിയോജനക്കുറിപ്പ് നൽകി.

യോഗം രാത്രി 11.20-ന് അവസാനിച്ചു.

## 29-12-2021 ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ യോഗം 2021 ഡിസംബർ 29-ാം തീയതി ബുധനാഴ്ച രാവിലെ 11.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5-ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. കൃഷിവകുപ്പ് മന്ത്രിയുമായ ശ്രീ. പി. പ്രസാദിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗവും ബഹു. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രിയുമായ ശ്രീമതി ജെ. ചിഞ്ചുറാണി വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്തു. തദവസരത്തിൽ താഴെപ്പറയുന്ന സമിതിയംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ശ്രീ. പി. പി. ചിത്തരഞ്ജൻ, എം. എൽ. എ.
2. ശ്രീ. കെ. പി. മോഹനൻ, എം. എൽ. എ.
3. ശ്രീ. കുറുക്കോളി മൊയ്തീൻ, എം. എൽ. എ.
4. ശ്രീ. എം. വിൻസെന്റ്, എം. എൽ. എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗം

ശ്രീ. അനൂപ് ജേക്കബ്, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. പി. പി. ഷാനവാസ്, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ശ്രീമതി ടിങ്കു ബിസ്വാൾ, സെക്രട്ടറി, മത്സ്യബന്ധന വകുപ്പ് & അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ (ഇൻ-ചാർജ്ജ്)
2. ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
3. ശ്രീമതി പി. ഇന്ദുലേഖ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ. എസ്. സാബിർ ഹുസൈൻ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്
5. ശ്രീമതി എം. ഗീത, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീമതി ഷൈനി ജോർജ്, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്

7. ശ്രീ. സി. അനിൽ കുമാർ, ജോയിന്റ് സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്

8. ശ്രീ. ടി. വി. സുഭാഷ്, ഡയറക്ടർ, കൃഷി വകുപ്പ്

9. ശ്രീമതി ആർ. ഗിരിജ, ഡയറക്ടർ, ഫിഷറീസ് വകുപ്പ്

10. ഡോ. എ. കൗശികൻ, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

11. ശ്രീ. എസ്. സുബ്രഹ്മണ്യൻ, ഡയറക്ടർ, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്

12. ശ്രീ. വി. ശിവരാമകൃഷ്ണൻ, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്

13. ശ്രീമതി അനില മാത്യു, അഡീഷണൽ ഡയറക്ടർ, കൃഷി വകുപ്പ്.(മാർക്കറ്റിംഗ്)

14. ശ്രീമതി എൻ.എസ് ശ്രീലു, അഡീഷണൽ ഡയറക്ടർ, ഫിഷറീസ് വകുപ്പ്

15. ശ്രീമതി സ്മിത ആർ. നായർ, ജോയിന്റ് ഡയറക്ടർ, ഫിഷറീസ് വകുപ്പ്

16. ശ്രീമതി സിൽവി മാത്യു, ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസന വകുപ്പ്

17. ശ്രീമതി ടീന ഭാസ്കർ, ഡെപ്യൂട്ടി ഡയറക്ടർ, കെ.എസ്.എൽ.യു.ബി

18. ശ്രീമതി വി. രജിത, ഡെപ്യൂട്ടി ഡയറക്ടർ, കൃഷി വകുപ്പ്

19. ഡോ. ആർ. രാജീവ്, ജനറൽ മാനേജർ, കേരള ലാന്റ് ഡെവലപ്പ്മെന്റ് ബോർഡ്

20. ശ്രീമതി ജെ. ശോഭ, ഡെപ്യൂട്ടി മാനേജർ, മത്സ്യഫെഡ്.

21. ശ്രീ. ഹരിദാസ്, സീനിയർ സൂപ്രണ്ട്, കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്.

സമിതി കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് - സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ കരട്, മൃഗസംരക്ഷണ വകുപ്പിലെ ചിക്-സെക്സർ, റെഫ്രിജറേഷൻ മെക്കാനിക് എന്നീ തസ്തികകൾക്കായുള്ള SRO ഭേദഗതി, 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 28-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്, വിവിധ വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട കാലതാമസ പത്രികകൾ എന്നിവ പരിഗണിക്കുകയും ബന്ധപ്പെട്ട

ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു. കൂടാതെ 'കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിന്മേൽ ചട്ടം 235(എ) പ്രകാരം സമിതി ചർച്ച നടത്തുകയും ചെയ്തു.

**I. കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് - സബോർഡിനേറ്റ് സർവ്വീസ്-കരട് ചട്ടത്തിന്റെ പരിഗണന**

(ഫയൽ നം. 15657/സബ്.സി. സി2/2021/നി.സെ.)

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ സബോർഡിനേറ്റ് സർവ്വീസ് കരട് ചട്ടങ്ങളിലെ കാറ്റഗറി 3 ആയ 'ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് 'എന്നത് കാറ്റഗറി 4 ആയ പബ്ലിക്കേഷൻ അസിസ്റ്റന്റ് / ഹെഡ് ക്ലാർക്ക്-ന്റെ പ്രൊമോഷൻ തസ്തിക ആയതിനാലും രണ്ട് തസ്തികകളുടെയും യോഗ്യത ഒന്നായതിനാലും തസ്തിക 3-ൽ യോഗ്യത പ്രത്യേകമായി കാണിക്കേണ്ടതില്ലെന്ന് സമിതി വിലയിരുത്തി.

കാറ്റഗറി നാലിലെ 'പബ്ലിക്കേഷൻ അസിസ്റ്റന്റ്/ഹെഡ് ക്ലാർക്ക് ' തസ്തികയിൽ നിന്നും by promotion മുഖേന കാറ്റഗറി 3-ലേയ്ക്കുള്ള നിയമനം നടത്തുന്നതിനാലും രണ്ട് കാറ്റഗറിയിൽ നിന്നുമുള്ള കമ്പയിൻഡ് ലിസ്റ്റായതിനാലും അവർ തമ്മിലുള്ള റേഷ്യോ ഫിക്സ് ചെയ്യേണ്ടതുണ്ടോയെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി ആരാഞ്ഞതിന് നിയമവകുപ്പിലേക്ക് സ്ക്രൂട്ടിനിക്ക് വന്നപ്പോൾ ഉൾപ്പെടുത്തിയിരുന്ന പ്രസ്തുത വ്യവസ്ഥ നിലവിൽ ചട്ടങ്ങളിൽ ഇല്ലെന്നും പി.എസ്.സി. പ്രസ്തുത വ്യവസ്ഥ ഒഴിവാക്കാൻ നിർദ്ദേശിച്ചുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. രണ്ട് കാറ്റഗറിയിൽ നിന്നുമുള്ള പ്രൊമോഷൻ തസ്തികയായതുകൊണ്ട് വ്യക്തത വരുത്തേണ്ടത് ആവശ്യമാണെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടപ്പോൾ പ്രത്യേകിച്ച് കാരണമൊന്നും പരാമർശിക്കാതെയാണ് പി.എസ്.സി. പ്രസ്തുത വ്യവസ്ഥ ഒഴിവാക്കിയതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബോധിപ്പിച്ചു.

കാറ്റഗറി 4-ൽ 'പബ്ലിക്കേഷൻ അസിസ്റ്റന്റ്' തസ്തികയിൽ 'by transfer from the category of Upper Division Clerk in the Department' എന്നാണ് പറഞ്ഞിരിക്കുന്നതെങ്കിലും ഇതിന്റെ അഭാവത്തിൽ എന്ത് ചെയ്യണമെന്ന് സൂചിപ്പിച്ചിട്ടില്ലെന്ന് സമിതി വിലയിരുത്തി.

കരട് ചട്ടത്തിൽ കാറ്റഗറി 5-ൽ പ്രതിപാദിച്ചിരിക്കുന്ന DraftsMan Grade-I-ലേയ്ക്കുള്ള സ്ഥാനക്കയറ്റം യഥാക്രമം കാറ്റഗറി 6,7,8 എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന Technical Assistant, Laboratory Assistant, Planning Surveyor Grade-II/ Draftsman Grade-II എന്നിവയിൽ നിന്നാണെന്നും 1:1:1 എന്ന അനുപാതം കർശനമായി പിൻതുടരണമെന്നും നിഷ്കർഷിച്ചിരിക്കുന്നതിനാൽ മേൽ പരാമർശിത തസ്തികകളിൽ ഏതെങ്കിലുമൊന്നിൽ

ആളില്ലാതിരിക്കുന്ന അവസ്ഥയിൽ പ്രസ്തുത ഒഴിവ് നികത്തുന്നതെങ്ങനെയാണെന്ന് സമിതി ആരാഞ്ഞതിന് 1:1:1 എന്ന അനുപാത പ്രകാരം യോഗ്യതയനുസരിച്ച് ആരൊക്കെയാണോ ഓരോ തസ്തികയിലും വരുന്നത് ആയതിന്റെ സീനിയോരിറ്റി അടിസ്ഥാനത്തിലാണ് നിയമനം നടത്തുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. എന്നാൽ കരട് ചട്ടങ്ങളിൽ ഇതിന് വ്യവസ്ഥയില്ലെന്ന് സമിതി നിരീക്ഷിച്ചു.

കാറ്റഗറി 5-ലെ Draftsman Grade-I-ലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിന് കാറ്റഗറി 7-ന് മാത്രമാണ് അധിക യോഗ്യത ആവശ്യമുള്ളതെന്നും ആയത് പൊതുവായി കൊടുത്തിരിക്കുന്നതല്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ വിശദീകരിച്ചു. അധിക യോഗ്യതയായി പരാമർശിച്ചിരിക്കുന്ന ഡിപ്ലോമ ഇല്ലാത്തയാളെ കാറ്റഗറി 7-ൽ നിന്നും നിയമിക്കുമോയെന്ന് സമിതി ആരാഞ്ഞതിന്, മൂന്ന് തസ്തികകളും ശമ്പളത്തിൽ തുല്യമായതിനാൽ, മൂന്ന് തസ്തികകളിലും വരുന്ന അടുത്ത സീനിയർ ആരാണോ അവരെയാണ് പരിഗണിയ്ക്കുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുൻപാകെ ബോധിപ്പിച്ചു. എന്നാൽ അധിക യോഗ്യതയുള്ളവരുടെ അഭാവത്തിൽ ആ ഒഴിവ് എപ്രകാരം നികത്തുമെന്നതു സംബന്ധിച്ച് വ്യക്തതയില്ലെന്ന് സമിതി നിരീക്ഷിച്ചു.

കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ് സബോർഡിനേറ്റ് സർവ്വീസ് കരട് ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന പല വിഷയങ്ങളിലും വ്യക്തതയില്ലാത്തതിനാൽ മേൽപ്പറഞ്ഞ കാര്യങ്ങളിൽ വ്യക്തത വരുത്തി പുതുക്കിയ കരട് ചട്ടം അടിയന്തരമായി ലഭ്യമാക്കണമെന്നും ആയത് അടുത്ത യോഗത്തിൽ പരിഗണിക്കാമെന്നും സമിതി തീരുമാനിച്ചു.

**II. മൃഗസംരക്ഷണ വകുപ്പിലെ ചിക് സെക്സർ, റെഫ്രിജറേഷൻ മെക്കാനിക്ക് എന്നീ തസ്തികകൾക്കായുള്ള സ്പെഷ്യൽ റൂൾ ഭേദഗതി - എസ്. ആർ.ഒ.യിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച്**

(ഫയൽ നം. 246/സബ്.സി.സി2/17/നി.സെ)

മൃഗസംരക്ഷണ വകുപ്പിലെ ചിക് സെക്സർ തസ്തികയിലേക്കുള്ള നിയമനത്തിന് ചിക് സെക്സർ ട്രെയിനിങ്ങും കൂടി ഉൾപ്പെടുത്തിക്കൊണ്ട് വകുപ്പ് പ്രസിദ്ധീകരിച്ച 5-9-2021-ലെ എസ്.ആർ.ഒ. നമ്പർ 700/2021 സമിതിയുടെ സാധൂകരണത്തിനായി സമർപ്പിച്ചപ്പോൾ പ്രസ്തുത എസ്.ആർ.ഒ.യിൽ Category VII(1)-Chick Sexer (for direct recruitment)ൽ 2-ാം കോളം item(2)-നും അതിനു താഴെയുള്ള note-നും പകരമായിട്ടാണ് ഭേദഗതി നിർദ്ദേശിച്ചിരിക്കുന്നതെന്നതിനാലും item(1) നിലനിൽക്കുന്നതിനാലും ചിക് സെക്സർ ട്രെയിനിങ്ങ് യോഗ്യത കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഖണ്ഡികയ്ക്ക് മുമ്പിലായി '(2)' എന്ന് കൂടി ചേർക്കേണ്ടതാണെന്ന് സമിതി വകുപ്പിന് നിർദ്ദേശം നൽകി.

III. **സമിതിയുടെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണന**

2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 28-ലെ ശിപാർശ സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയ കാലതാമസ പത്രിക സഹിതമുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതി അംഗീകരിച്ചു.

IV. **സമിതിയിൽ സമർപ്പിക്കുവാനുള്ള കാലതാമസ പത്രികകൾ**

2018-19, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട താഴെപ്പറയുന്ന കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

| | | |
|---|---|---|
| 1 | കാസർഗോഡ് വികസന പാക്കേജ് | 2020-21 |
| 2 | കാർഷിക വികസന കർഷകക്ഷേമ വകുപ്പ് | 2020-21 |
| 3 | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് | 2020-21 |
| 4 | ക്ഷീര വികസന വകുപ്പ് | 2020-21 |
| 5 | കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ് (ഫയൽ നം. 1863/സബ്.സി.സി2/2021/നി.സെ) | 2020-21 |
| 6 | മത്സ്യബന്ധന വകുപ്പ് & ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് (ഫയൽ നം. 163/സബ്.സി.സി2/2019/നി.സെ) | 2018-19 |

V. **ചട്ടം 235(എ) പ്രകാരമുള്ള ചർച്ച**

**കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, സംഭരണം എന്നിവ സംബന്ധിച്ച് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

കാർഷികോൽപാദനത്തിൽ കേരളം ഏറെ പുരോഗതി കൈവരിച്ചുവെങ്കിലും ഉൽപന്നങ്ങളുടെ സംഭരണം, വിപണനം, മൂല്യ വർദ്ധനവ് എന്നിവയിൽ നിരവധി പ്രശ്നങ്ങൾ നേരിടുന്നുവെന്നും പ്രകൃതിക്ഷോഭം, കാലാവസ്ഥാ വ്യതിയാനം, ഉൽപാദനത്തിൽ ഉണ്ടാകുന്ന കുറവ്, വിലയിലുണ്ടാകുന്ന കുറവ് എന്നിവ കർഷകർ നേരിടുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടതാണെന്നും സമിതി നിരീക്ഷിച്ചു.

കർഷകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ യഥാസമയം സംഭരിക്കാനുള്ള സംവിധാനമില്ലാത്തതിനാൽ കുറഞ്ഞ വിലക്ക് ഇടനിലക്കാർക്ക് വിൽക്കേണ്ടി വരുന്ന

സാഹചര്യമുണ്ടെന്ന് സമിതി വിലയിരുത്തി. പാലക്കാട്, ആലപ്പുഴ, പൊന്നാനി തുടങ്ങിയ മേഖലകളിൽ നെൽകൃഷിയുടെ കാര്യത്തിൽ ഇത്തരം പ്രശ്നങ്ങൾ വ്യാപകമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആലപ്പുഴ ജില്ലയിൽ നെല്ലിൽ ഈർപ്പമുണ്ടെന്ന് പറഞ്ഞ് ഇടനിലക്കാർ കൃഷിക്കാരുമായി തർക്കിക്കുന്നതിന്റെ ഫലമായി നെല്ലെടുക്കാൻ ആളില്ലാതാകുന്ന അവസ്ഥയുണ്ടാകുന്നുണ്ടെന്ന് സമിതി നിരീക്ഷിച്ചു.

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട മേഖലകളിൽ കൃഷിയിറക്കുന്ന അവസരത്തിൽത്തന്നെ തമിഴ്നാട്ടിൽ നിന്ന് ആളുകൾ വന്ന് മുൻകൂറായി തുക നൽകുകയും തുടർന്ന് വിളവെടുപ്പ് സമയത്ത് അവർക്കുതന്നെ ഉൽപ്പന്നങ്ങൾ നൽകേണ്ടി വരുകയും ചെയ്യുകയാണെന്നും ആയതിനാൽ പ്രസ്തുത വിഷയത്തിന്മേലുള്ള ഫലപ്രദമായ ഇടപെടൽ ആവശ്യമാണെന്നും സമിതി വിലയിരുത്തി. കൃഷിയിറക്കുന്ന സമയത്ത് കർഷകർക്ക് ആവശ്യമായ മുൻകൂർ തുക വായ്പയായി നൽകുവാൻ സഹകരണ ബാങ്കുകൾ, നാഷണലൈസ്ഡ് ബാങ്കുകൾ എന്നിവരുമായി ചർച്ച നടത്തേണ്ടതാണെന്നും അതോടൊപ്പം തന്നെ തുക നൽകി ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കർഷകർക്ക് ഭൂമിയുടെ രേഖകൾ ഇല്ലാത്തത് കൊണ്ട് വായ്പ ലഭിക്കുന്നതിന് ചില സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെന്നും സ്വകാര്യ ബാങ്കുകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ സി.എസ്.ആർ. ഇനിഷ്യേറ്റീവ് പോലെ ഒരു സംഘടന രൂപീകരിച്ച് റിവോൾവിംഗ് ഫണ്ട് കൊടുക്കുന്ന സംവിധാനമുണ്ടാക്കുന്നത് നല്ലതായിരിക്കുമെന്നും ഇക്കാര്യത്തിൽ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അടുത്ത സീസണിനുമുമ്പ് തീരുമാനമെടുക്കുന്നതാണെന്നും കൃഷി വകുപ്പ് ഡയറക്ടർ സമിതി മുമ്പാകെ വ്യക്തമാക്കി.

കേരളത്തിന്റെ പ്രധാന ഉൽപന്നമായ നാളികേരത്തിന് നിലവിൽ നല്ല വില ലഭിക്കാത്ത സാഹചര്യമാണെന്ന് വിലയിരുത്തിയ സമിതി, കേരളത്തിൽ 65 ലക്ഷത്തിലധികം വരുന്ന കേരകർഷകരെ സഹായിക്കാൻ തിരുവനന്തപുരം, തൃശ്ശൂർ, പൊന്നാനി എന്നിങ്ങനെ മൂന്ന് സംഭരണ കേന്ദ്രങ്ങൾ മാത്രമാണുള്ളതെന്നും നാളികേര സംഭരണ യൂണിറ്റുകൾ പരിമിതമാണെന്നും അഭിപ്രായപ്പെട്ടു. അന്തർജില്ലാ വ്യാപാരം പ്രോത്സാഹിക്കപ്പെടേണ്ടതാണെങ്കിലും കേരളത്തിലെ 80 ശതമാനത്തോളം കർഷകരും ചെറുകിട നാമമാത്ര കർഷകരായതിനാൽ ആയത് പ്രയോജനപ്പെടുന്നില്ലെന്നും ചെറുകിട നാമമാത്ര കർഷകർക്ക് അവരുടെ സമീപത്തു തന്നെ ഉൽപന്നങ്ങൾ വിൽക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും സമിതി കൂട്ടിച്ചേർത്തു.

വിപണിയിൽ നാളികേരത്തിന് വിലയിടിവ് സംഭവിച്ച അവസരങ്ങളിലെല്ലാം സർക്കാർ തലത്തിൽ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടെന്നും തന്മൂലം വില വർദ്ധിച്ചിട്ടുണ്ടെന്നും സമിതി വിലയിരുത്തി. നാളികേരത്തിന് വില കുറയുന്ന അവസരങ്ങളിൽ ആയത്

സംഭരിക്കാനാവശ്യമായ ശക്തമായ ഇടപെടൽ നടത്തണമെന്നും കേരഗ്രാമം പദ്ധതി യാഥാർത്ഥ്യമാകുന്നതോടു കൂടി പ്രാദേശികമായ സംഭരണത്തിനുള്ള പ്രവർത്തനങ്ങൾ കുറച്ച് കൂടി ഫലപ്രദമാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. നാളികേരവുമായി ബന്ധപ്പെട്ട് വളരെയധികം ഗുണമേൻമയുള്ള തനതായ ഉൽപന്നങ്ങൾ ഉണ്ടാക്കി വിറ്റഴിക്കുന്നതിലൂടെ വിപണിയിൽ ഇടപെടാൻ സാധിക്കുമെന്ന് സമിതി കൂട്ടിച്ചേർത്തു. മാർക്കറ്റ് വില സംഭരണ വിലയേക്കാൾ കുറയുമ്പോൾ ഉൽപ്പന്നങ്ങൾ സംഭരിക്കേണ്ട ഉത്തരവാദിത്തം വകുപ്പിനുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

ഹോർട്ടികോർപ്പ് വഴി സംഭരിക്കുമ്പോൾ പലപ്പോഴും ഉൽപ്പന്നങ്ങളുടെ വില കൃത്യസമയത്ത് നൽകുവാൻ കഴിയാത്തതിനാൽ അക്കാര്യത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തേണ്ടതുണ്ടെന്നും പ്രകൃതിക്ഷോഭത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായി ഉൽപ്പാദനത്തിലുണ്ടാകുന്ന കുറവും വിലയിലുണ്ടാകുന്ന പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുന്ന തരത്തിലുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കേണ്ടതാണെന്നും ഉത്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ പ്രത്യേക ഊന്നൽ നൽകേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഉത്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്തിന് വളരെയധികം മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളതിന്റെ തെളിവാണ് പച്ചക്കറിയുടെ ഉത്പാദനം 6,21,000 ടണ്ണിൽ നിന്നും 15,70,000 ടണ്ണിലേക്കെത്തിയതെന്ന് സമിതി നിരീക്ഷിച്ചു. സംസ്ഥാനത്തെ പ്രതിവർഷ ഉൽപ്പാദനം 20 ലക്ഷം ടണ്ണിലേക്ക് എത്തിയാൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് സമിതി പ്രത്യാശിച്ചു. കർഷകരെ സഹായിക്കുന്നതിനായി കൃഷി, തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, സഹകരണം തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് ഉത്പാദനത്തിന്റെ വർദ്ധനവ്, സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ വിപണി അധിഷ്ഠിതമായ പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ (എപിസി) നേതൃത്വത്തിൽ ഒരു സമിതി രൂപീകരിച്ച് മൂന്ന് മാസത്തിനകം ബന്ധപ്പെട്ട വകുപ്പുകളെല്ലാം ചേർന്ന് പദ്ധതികൾ ആസൂത്രണം ചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് റിപ്പോർട്ട് നൽകണമെന്നും പ്രസ്തുത റിപ്പോർട്ടിൽ കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം ഉണ്ടാക്കുവാൻ കഴിയുന്ന തരത്തിലുള്ള പ്രായോഗികമായ നിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. അതോടൊപ്പം പതിവ് രീതികളിൽ നിന്നും വ്യത്യസ്തമായി സബ്ജക്ട് കമ്മിറ്റി തലത്തിൽ ഇക്കാര്യങ്ങളിൽ കൂടുതൽ ഇടപെടലുകൾ നടത്തേണ്ടത് അത്യാവശ്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

കാർഷിക മേഖലയുടെ പ്രാധാന്യം മനസിലാക്കി കാർഷിക ഉൽപന്നങ്ങളുടെ ഉത്പാദനത്തോടൊപ്പം സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ്, വിപണനം എന്നീ കാര്യങ്ങളിലും ഊന്നൽ നൽകാൻ കഴിയണമെന്ന് സമിതി അഭിപ്രായപ്പെട്ടു. ബന്ധപ്പെട്ട

വകുപ്പുകളുടെ ആവശ്യകത മനസിലാക്കി ധനസഹായം അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ശിപാർശ ചെയ്യുന്നതിനൊപ്പം തദ്ദേശസ്വയംഭരണ വകുപ്പിലേയും സഹകരണ വകുപ്പിലേയുമെല്ലാം പദ്ധതി ആസൂത്രണങ്ങൾക്കാവശ്യമായ തുക കൂടി ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കർഷകർക്കാവശ്യമായ വിപണി ഉറപ്പാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ഒറ്റയ്ക്കോ കൂട്ടായോ സംഭരണ കേന്ദ്രങ്ങൾ, വിപണന കേന്ദ്രങ്ങൾ, മൂല്യവർദ്ധിത ഉൽപാദനം, കയറ്റുമതി വർദ്ധിപ്പിക്കാനുള്ള കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണമെന്നും പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്നവ സംഭരിക്കുന്നതിനായി കൂടുതൽ കേന്ദ്രങ്ങൾ സമയബന്ധിതമായി ആരംഭിക്കണമെന്നും ഇ-മാർക്കറ്റിംഗ് പോലെ വിപണി ഇടപെടലുകൾ കാര്യക്ഷമമാക്കുവാൻ സഹായിക്കുന്ന തരത്തിൽ വിവരസാങ്കേതികവിദ്യ പൂർണ്ണമായും ഉപയോഗപ്പെടുത്തണമെന്നും സമിതി അഭിപ്രായപ്പെട്ടു.

പ്രകൃതി സൗഹൃദ കൃഷിയിലൂടെയുള്ള ഉൽപന്നങ്ങൾ, ജൈവ ഉൽപന്നങ്ങൾ എന്നിവയുടെ വിപണി ഉറപ്പാക്കാൻ ഊന്നൽ നൽകണമെന്നും ജൈവകൃഷിയിലൂടെ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് ധാരാളം ആവശ്യക്കാരുള്ളതുകൊണ്ട് കൃഷിക്കാരന് പ്രയോജനമുണ്ടാകുമെന്നും ഓരോ മേഖലയുടെയും പ്രത്യേകത മനസ്സിലാക്കി വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ ഉൽപ്പന്നങ്ങളുണ്ടാക്കി അവിടെത്തന്നെ വിപണനം ചെയ്യുന്നത് വഴി പ്രസ്തുത പ്രദേശത്തെ കർഷകരെ സഹായിക്കാൻ കഴിയുമെന്നും നവീന കൃഷി രീതികളിലൂടെ ഉൽപാദന വർദ്ധനവും വിപണിയും ഉറപ്പാക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ടെന്നും യന്ത്രവത്കരണത്തിന് കൂടുതൽ ഊന്നൽ നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ കൃഷി ചെയ്യുന്ന മുട്ടറ്റം വെള്ളത്തിലും നാശം സംഭവിക്കാത്ത പൊക്കാളി നെല്ല് വളരെയധികം ഔഷധഗുണമുള്ളതാണെന്നും പ്രസ്തുത നെല്ലിന്റെ മേൽഭാഗം മാത്രമാണ് കൊയ്യുന്നതെന്നും ആയതിന് സഹായകമായ കൊയ്ത്ത് യന്ത്രം പ്രാദേശികമായി വികസിപ്പിക്കേണ്ടതുണ്ടെന്നും കാലഘട്ടത്തിനനുസരിച്ച് ഉൽപ്പാദനത്തിന്റെ വർദ്ധനവ് ലക്ഷ്യമിട്ട് യന്ത്രവൽക്കരണത്തിന് കൂടുതൽ ഊന്നൽ നൽകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫലപ്രദമായ സംയോജനം വിപണനത്തിലുണ്ടാകണമെന്നും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയിൽ കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണമെന്നും സമിതി വ്യക്തമാക്കി. ഹോർട്ടികോർപ്പിനെക്കുറിച്ച് പഠിക്കാൻ ഒരു സമിതിയെ നിശ്ചയിച്ച്, വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണെന്ന് കൃഷി വകുപ്പ് മന്ത്രി യോഗത്തിൽ അറിയിച്ചു.

സംഭരണത്തിന്റെ കാര്യത്തിലുള്ള നയങ്ങളിൽ മാറ്റം വരുത്തണമെന്നും വിപണിയിൽ വില കുറയുമ്പോൾ അതിനനുസരിച്ചുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നും ഉൽപാദനച്ചെലവിനനുസരിച്ചായിരിക്കണം അടിസ്ഥാന വില നിശ്ചയിക്കേണ്ടതെന്നും സമിതിയംഗം അഭിപ്രായപ്പെട്ടു. പ്രൈസസ് ബോർഡ് നടത്തിയ ശാസ്ത്രീയപഠനത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള അടിസ്ഥാന വിലയും സംഭരണവിലയും നിശ്ചയിക്കുന്നതെന്നും അവർ തെരഞ്ഞെടുത്ത മാനദണ്ഡങ്ങളിൽ പോരായ്മകളുണ്ടെങ്കിൽ ആയത് പരിഹരിക്കേണ്ടതാണെന്നും നാളികേരത്തിന്റെ വിലയുമായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് മാനദണ്ഡങ്ങൾക്കനുസൃതമായി വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രൈസസ് ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ബഹു. കൃഷി വകുപ്പുമന്ത്രി യോഗത്തിൽ അറിയിച്ചു.

സമിതി ഉച്ചയ്ക്കു ശേഷം 12.25-ന് യോഗം പിരിഞ്ഞു.

---